إدارة أوقاف
صالح عبدالعزيز الراجحي

# യേശു മഹാനായ പ്രവാചകൻ

എം. എം. അക്ബർ

مطبعة دار طيبة - الرياض - ت: ٤٢٨٣٨٤٠

GIFT NOT FOR SALE

# യേശു
# മഹാനായ പ്രവാചകൻ

എം. എം. അക്ബർ

പ്രസാധകർ

**കേരള നദ്‌വത്തുൽ മുജാഹിദീൻ**
**മുജാഹിദ് സെൻറർ, കോഴിക്കോട്-2**

## മുഖക്കുറിപ്പ്

യേശുക്രിസ്തുവിനെ സംബന്ധിച്ച്
തികച്ചും വിരുദ്ധവും തീവ്രവുമായ ആശയങ്ങളാണ്
യൂദന്മാരും ക്രിസ്ത്യാനികളും വെച്ചുപുലർത്തുന്നത്.
ഒരുകൂട്ടർ ക്രിസ്തുവിനെ
വ്യഭിചാര പുത്രനാക്കി അവഹേളിക്കുമ്പോൾ
മറുവിഭാഗം അദ്ദേഹത്തെ ദൈവപുത്രനാക്കി ആരാധിക്കുന്നു.
ഈ രണ്ട് തീവ്രതകൾക്കും മധ്യേ, ഇസ്ലാം
യേശുവിനെ ഇസ്രായീല്യരിലേക്ക് നിയോഗിതനായ
മഹാനായ പ്രവാചകനായി കാണുന്നു.
യഥാർത്ഥത്തിലുള്ള ക്രിസ്തുവിൻെറ ചിത്രം
പുതിയ നിയമത്തിൽനിന്നോ യഹൂദഗ്രന്ഥങ്ങളിൽനിന്നോ ലഭിക്കുകയില്ല.
അതു നൽകുന്നത് വിശുദ്ധഖുർആൻ മാത്രമാണ്.
പുതിയ നിയമത്തിൽ വന്ന യേശുവിൻെറ വ്യക്തിത്വം
ഖുർആനിൻെറ വെളിച്ചത്തിൽ
പരിശോധിക്കുകയാണ് ഈ പുസ്തകത്തിൽ ചെയ്തിരിക്കുന്നത്.
എഴുതുവാൻ അനുഗ്രഹിച്ച സർവ്വശക്തനു സ്തുതി.
പ്രസിദ്ധീകരിക്കുന്ന കെ.എൻ.എം പ്രസിദ്ധീകരണ വിഭാഗത്തിന് നന്ദി.
എന്നെ എഴുതാൻ പഠിപ്പിച്ച എൻെറ ഉപ്പ
-മേലേവീട്ടിൽ അബ്ദുറഹിമാൻ-
പരേതന്ന് അല്ലാഹു പരലോക സൗഖ്യം
പ്രദാനം ചെയ്യട്ടെ (ആമീൻ)
നാഥാ-ഇതൊരു പുണ്യകരമായ
പ്രവർത്തനമായി സ്വീകരിക്കേണമേ.

മേലേവീട്ടിൽ -എം.എം.അക്ബർ
പരപ്പനങ്ങാടി. 676 303

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1) ഹൈന്ദവത; ധർമ്മവും ദർശനവും
2) ക്രൈസ്തവ ദൈവ സങ്കൽപ്പം
3) ഒരേയൊരു ദൈവം ഒരൊറ്റ ജനത
4) ശാസ്ത്രം മതം മനുഷ്യൻ
5) ഇസ്ലാമും ഇതരപ്രത്യയശാസ്ത്രങ്ങളും
6) ആകാശം അത്ഭുതം
7) ഫാസിസം വളരുന്ന വഴി

# 2. യേശുവിൻെറ ദൗത്യം

ഇസ്രായീലിൻെറ രക്ഷകനാണ് ക്രിസ്തു. അദ്ദേഹത്തിൻെറ ദൗത്യം ഇസ്രായീല്യരിൽ മാത്രം പരിമിതമായിരുന്നു.യേശുക്രിസ്തു പറഞ്ഞതായി ബൈബിൾ ഇങ്ങനെ ഉദ്ധരിക്കുന്നു. 'ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.(1) ഇക്കാര്യം ഖുർആനും പറയുന്നുണ്ട്. 'അവന്(യേശുവിന്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും പഠിപ്പിക്കുകയും ഇസ്രായീലി സന്തതികളിലേക്ക് അവനെ ദൂതനായി നിയോഗിക്കുകയും ചെയ്യും. (2)

ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു മോശെ. അദ്ദേഹവും സഹോദരൻ അഹോരോനും കൂടിയാണ് തങ്ങളുടെ പ്രബോധന ദൗത്യം നിർവ്വഹിച്ചത്. 'ഒരേയൊരു ദൈവം ഒരൊറ്റ ജനത'യെന്ന ദൈവവുമായുണ്ടാക്കിയ ഉടമ്പടിക്കൊത്ത് ഇസ്രായീൽ ജനത ജീവിച്ചില്ല. വിഗ്രഹാരാധനയും കലഹങ്ങളുമായിത്തീർന്നു അവരുടെ മുഖമുദ്ര. അവരിലേക്ക് സത്യത്തിൻെറ സന്ദേശപ്രചരണത്തിനായി നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു മോശെ. അദ്ദേഹത്തിന് ദൈവം നൽകിയ വേദഗ്രന്ഥമാണ് തൗറാത്ത്. ഈ വേദഗ്രന്ഥത്തെ യഹൂദന്മാർ ന്യായപ്രമാണം എന്നു വിളിക്കുന്നു.

---

1. മത്തായി 15:24 2. ഖുർആൻ 3:48,49

പഴയ നിയമം ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ-ഉൽപ്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യാ, ആവർത്തനം- തോറയെന്നറിയപ്പെടുന്നു. മോശെ പ്രവാചകന് അവതരിപ്പിക്കപ്പെട്ട ന്യായപ്രമാണമാണ് തോറയെന്ന് പലരും ധരിച്ചിട്ടുണ്ട്. ഇന്ന് നിലനിൽക്കുന്ന പഞ്ചപുസ്തകങ്ങളിൽ യഥാർത്ഥ ന്യായപ്രമാണത്തിൽ നിന്നും പലതും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, ന്യായപ്രമാണത്തിലില്ലാത്ത പലതും തോറയിൽ കടന്നുകൂടിയിട്ടുണ്ട്. ന്യായപ്രമാണത്തിൽ നിന്നു പലതും നഷ്ടപ്പെട്ടു പോവുകയും ചെയ്തിട്ടുണ്ട്.

മോശെ എഴുതി വെച്ചതാണെന്ന് വിശ്വസിക്കപ്പെടുന്ന തോറയിലെ അഞ്ചാമത്തെ പുസ്തകമായ ആവർത്തന പുസ്തകത്തിൽ അദ്ദേഹത്തിൻെറമരണത്തേയും മരണശേഷമുള്ള സംഭവങ്ങളേയും വിശദീകരിക്കുന്നുണ്ട്. 'കർത്താവിൻെറദാസനായ മോശെ അവിടുന്നു അരുളിച്ചെയ്തപോലെ മൊവാബു ദേശത്ത്വച്ചു മരിച്ചു. മൊവാബു ദേശത്ത് ബത്‌ലയോറിന് എതിരെയുള്ള താഴ്വരയിൽ അവൻ സംസ്കരിക്കപ്പെട്ടു.എന്നാൽ, ഇന്നുവരെ അവൻെറ ശവകുടീരത്തിൻെറ സ്ഥാനം ആർക്കും അറിവില്ല. മരിക്കുമ്പോൾ മോശക്ക് നൂറ്റിഇരുപത് വയസ്സുണ്ടായിരുന്നു.'(3). 'മോശെയെപ്പോലെ മറ്റൊരു പ്രവാചകൻ പിന്നീട് ഇസ്രായീലിൽ ഉണ്ടായിട്ടില്ല'(4). ഈ വാക്യങ്ങളുൾക്കൊള്ളുന്ന തോറാ പുസ്തകം മോശെ എഴുതിയതാണെന്ന് ആരെങ്കിലും വിശ്വസിക്കുമോ?

മോശെ പ്രവാചകനാണ് തോറയുടെ കർത്താവെന്ന് അല്ലെങ്കിലും ക്രിസ്ത്യൻ പണ്ഡിതന്മാർക്ക് അഭിപ്രായമില്ല. സാധാരണക്കാർ അങ്ങനെ വിശ്വസിച്ചുപോരുന്നുവെന്നല്ലാതെ മറ്റു അടിസ്ഥാനങ്ങളൊന്നും തന്നെ പ്രസ്തുത വിശ്വാസത്തിനില്ല. ഉൽപ്പത്തി പുസ്തകത്തിലെ ഏതാനും ചില ഭാഗങ്ങൾ മാത്രമാണ് മോശെ എഴുതിയതെന്നും രണ്ടു കർത്താക്കൾ കൂടി ഉൽപ്പത്തി പുസ്തകത്തിനുണ്ടെന്നുമാണ് വേദപുസ്തകപണ്ഡിതനായ റവ: എ.സി.ക്ലേയിറ്റൻ(5) പറയുന്നത്. പുറപ്പാട് പുസ്തക്ത്തിൻെറ കർത്താവ് ആരാണെന്നോ അത് രചിച്ചത് ഒരാളോ പല ആളുകളോ എന്നോ ഏത് കാലത്ത് രചിക്കപ്പെട്ടതാണെന്നോ അറിയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.(6) ലേവ്യപുസ്തകത്തിൻെറയും(7), സംഖ്യപുസ്തകത്തിൻെറയും(8) കർത്താക്കൾ അജ്ഞാതരാണെന്നും അദ്ദേഹം സമ്മതിക്കുന്നു. ആവർത്തന പുസ്തകത്തിൽ മോശെയുടെ പല ഉപദേശങ്ങളുമുണ്ടെങ്കിലും അത് പിൽക്കാലത്ത് ഏതോ ഗ്രന്ഥകാരൻ രചിക്കപ്പെട്ടതാണെന്നാണ് പണ്ഡിതമതം(9)

ഇതിൽ നിന്ന്, ഇന്നു കാണപ്പെടുന്ന പഞ്ചപുസ്തകങ്ങളിൽ മോശെ പ്രവാചകന് നൽകപ്പെട്ട ന്യായപ്രമാണത്തിൻെറ (തൗറാത്ത്) ഭാഗങ്ങൾ കാണാൻ സാദ്ധ്യതയുണ്ടെങ്കിലും അതു മുഴുവൻ ന്യായപ്രമാണമാണെന്നോ ന്യായപ്രമാണത്തിലുള്ളത് മുഴുവൻ അതിലുണ്ടെന്നോ വിചാരിക്കുന്നത് ശരിയായിരിക്കുകയുല്ലെന്ന് സുതരാം വ്യക്തമാവുന്നു.

3. ആവർത്തനം 34: 5-7, 4. ആവർത്തനം 34:10 , 5. റവ: എ,സി.ക്ലേയിറ്റർ. വേദപുസ്തകനിഘണ്ടു പേ.58
6. Ibidപേ:250,7. Ibid പേ: 464, 8. Ibidപേ 532, 9. Ibid പേ 41,

യേശുക്രിസ്തുവിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമത്രേ ഇൻജീൽ അഥവാ സുവിശേഷം. ക്രിസ്തു രാജ്യത്തുടനീളം 'സുവിശേഷം'പ്രസംഗിച്ചുവെന്ന് നമുക്ക് പുതിയ നിയമത്തിൽ പലയിടങ്ങളിലും കാണാൻ കഴിയും. മത്തായി പറയുന്നു. 'യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു'(10) മാത്രമല്ല, 'സുവിശേഷ'ത്തെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ വെടിയാൻ പോലും യേശു ആഹ്വാനം ചെയ്തിരുന്നു.(11)

ക്രിസ്തു പ്രസംഗിച്ചുനടന്ന സുവിശേഷം ഇന്നെവിടെ?. പുതിയ നിയമത്തിലെ ഇരുപത്തിയേഴ് പുസ്തകങ്ങൾ മുഴുവൻ പരിശോധിച്ചാൽ ക്രിസ്തുവിൻെറതായി നമുക്ക് ലഭിക്കുന്ന ഉപദേശങ്ങൾ തുലോം വിരളമായിരിക്കും. വിരലിലെണ്ണാവുന്നത്ര പേജുകളിൽ എഴുതാൻ മാത്രമേ അവയുണ്ടാവുകയുള്ളു. ക്രിസ്തുവിൻെറ ജീവിതകാലത്തിനിടക്ക് അദ്ദേഹം അത്രമാത്രമേ ഉപദേശിച്ചിരുന്നുള്ളുവെന്ന് നിനക്കുക വയ്യ. അപ്പോൾ ക്രിസ്തുവിന് ദൈവത്തിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട സുവിശേഷ'(ഇൻജീൽ)ത്തിൻെറ ഗണ്യമായൊരു ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻെറ ജീവിതമെന്ന പേരിൽ എഴുതപ്പെട്ടിരിക്കുന്ന സുവിശേഷങ്ങളിലെ ചരിത്രത്തിന് ആധികാരികത അവകാശപ്പെടാൻ കഴിയില്ലെന്നും നമുക്കറിയാം. അവയുടെ കർത്താക്കളിലാരും തന്നെ ക്രിസ്തുവിനെ കാണുകയോ ഉപദേശങ്ങൾ കേൾക്കുകയോ ചെയ്തിട്ടില്ല. പിന്നെ എങ്ങനെ അവ ആധികാരികമാവും?

ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട മഹാനായ രക്ഷകനായ യേശുവിന് ദൈവം പഠിപ്പിച്ചുകൊടുത്ത തൗറാത്തോ ഇൻജീലോ പൂർണ്ണരൂപത്തിൽ ഇന്ന് നിലനിൽക്കുന്നില്ലെന്നാണ് ഇവയിൽ നിന്നും നാംമനസ്സിലാക്കുന്നത്.

യഹൂദന്മാർക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായിരുന്നു ന്യായപ്രമാണം. ഈ ന്യായപ്രമാണത്തിലെ നിയമങ്ങളൊന്നും മാറ്റിമറിക്കുക ക്രിസ്തുവിൻെറ ആഗമന ലക്ഷ്യമായിരുന്നില്ല. ന്യായപ്രമാണത്തിലെ നിയമങ്ങളനുസരിച്ച് ജീവിക്കാൻ വിസമ്മതിച്ചിരുന്ന ഇസ്രായീൽ ഭവനത്തിലെ 'നഷ്ടപ്പെട്ട കുഞ്ഞാടുകളെ' സ്വഭവനത്തിലേക്കു തിരിച്ചുകൊണ്ടുവരികയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അദ്ദേഹം പറഞ്ഞു. 'നിയമത്തേയോ പ്രവാചകന്മാരേയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്(12) ന്യായപ്രമാണത്തിൽ നിന്ന് നിസ്സാരമായ ഒരു കാര്യം പോലും ലംഘിക്കപ്പെടാൻ പാടില്ലെന്ന കാര്യം ക്രിസ്തു ഊന്നിപ്പറയുന്നു.(13)

ക്രിസ്തു പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നത് നോക്കുക: 'എൻെറ മുൻപിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായികൊണ്ടും നിങ്ങളുടെ മേൽ നിഷദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചുതരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടത്)(14) ഇവിടെയും തൗറാത്തി(ന്യായപ്രമാ

10. മത്തായി 9:35, 11. മാർക്കോസ് 8: 35
12. മത്തായി 5:17, 13. മത്തായി 5:19, 14. ഖുർആൻ 3:50

ണം)നെ ശരിവെച്ചുകൊണ്ടാണ് തൻെറ ആഗമനമെന്ന് ക്രിസ്തു പ്രഖ്യാപിക്കുന്നു. യഹൂദന്മാർക്ക് നിഷിദ്ധമാക്കപ്പെട്ടിരുന്ന ഒട്ടകമാംസം, ശനിയാഴ്ച ജോലി ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ യേശുവിൻെറ ആഗമനത്തോടുകൂടി അനുവദനീയമാക്കപെട്ടു വെന്ന വസ്തുത കൂടി ഈ സൂക്തം ഉൾകൊള്ളുന്നു.

ക്രിസ്തുവിൻെറ നേതൃത്വത്തെക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രം ഇപ്പോൾ നമുക്ക് ലഭിക്കുന്നു. ഇസ്രായീലിൻെറ രക്ഷക്കുവേണ്ടി അവതരിക്കപ്പെട്ട, ന്യായപ്രമാണമനുസരിച്ച് ജീവിക്കുവാൻ വേണ്ടി ജനങ്ങളെ ഉപദേശിക്കാനും മാതൃകയായി ജീവിച്ചുകാണിച്ചുകൊടുക്കാനും വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു യേശു ക്രിസ്തു. ന്യായപ്രമാണത്തിലെ കൽപനകളിൽ മൗലികമായ യാതൊരു മാറ്റവും അദ്ദേഹം വരുത്തിയില്ല. ഇസ്രായീലിൻെറ രക്ഷകനായിരുന്നു അദ്ദേഹം. ന്യായപ്രമാണമനുസരിച്ച് ജീവിക്കുകയായിരുന്നു അന്നു ഇസ്രായീലിനുള്ള ശാശ്വത മാർഗ്ഗം!

ന്യായപ്രമാണത്തിൽ ശക്തമായി വിമർശിക്കപ്പെട്ടിട്ടുള്ളതാണ് 'അന്യദേവന്മാരോടുള്ള ആരാധന.(15) 'വിഗ്രഹം പ്രതിഷ്ഠിക്കുന്നവർ ശപിക്കപ്പെടട്ടെ'യെന്ന പ്രാർത്ഥനയും അതിലുണ്ട്.(16) പത്തു കല്പനകളിൽ രണ്ടാമത്തെ കല്പന കാണുക. 'ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്. മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിനേയും പ്രതിമയോ സ്വരൂപമോ നിർമ്മിക്കരുത്. അവയ്ക്കു മുന്നിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. (പുറപ്പാട് 20:3-5)

ഇന്നത്തെ ക്രൈസ്തവ സഭകളിലധികത്തിൻെറയും അവസ്ഥയെന്താണ്? അവർ കർത്താവായ യഹോവയെയല്ലാതെ യേശുവിനെയും പരിശുദ്ധാത്മാവിനേയും ദേവന്മാരായി ഗണിച്ച് അവരോട് പ്രാർത്ഥനാ വഴിപാടുകൾ നടത്തുന്നു, പല സഭകളും മറ്റു പുണ്യാത്മാക്കൾക്കും ആരാധനകളർപ്പിക്കുന്നു. യേശുവിൻേറയും കന്യാമറിയത്തിൻേറയും പുണ്യവാളന്മാരുടെയും വിഗ്രഹങ്ങളുണ്ടാക്കിവെക്കുന്നു. ഇതെല്ലാം ന്യായപ്രമാണത്തിനു വിരുദ്ധമല്ലേ?

ന്യായപ്രമാണം പറഞ്ഞു. 'പന്നി ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതാകയാൽ അശുദ്ധമാണ്. അതിൻെറ മാംസം ഭക്ഷിക്കുകയോ ശവം സ്പർശിക്കുകയോ ചെയ്യരുത്.(17) എന്നാൽ ഇന്നത്തെ ക്രിസ്ത്യാനികളുടെ അവസ്ഥയെന്താണ്? അവർ പന്നിയിറച്ചിക്കുവേണ്ടി ക്യൂ നില്ക്കുന്നു. അതു സ്വാദോടുകൂടി ഭക്ഷിക്കുന്നു. ഇത് ന്യായപ്രമാണത്തിനെതിരല്ലേ?

ന്യായപ്രമാണം കൽപ്പിച്ചു. 'നിന്നോടൊന്നിച്ചു വസിക്കുന്ന എൻെറ ജനത്തിൽ ദരിദ്രരായ ആർക്കെങ്കിലും നീ വായ്പകൊടുക്കുന്ന പക്ഷം, പലിശക്ക് കടം കൊടുക്കുന്നവനെപ്പോലെ പെരുമാറരുത്. പലിശ ഈടാക്കുകയുമരുത്'(18) ഈ കൽപ്പന ക്രിസ്ത്യാനികൾ സ്വീകരിക്കുന്നുണ്ടോ? പലിശക്കച്ചവടം ചെയ്യുന്നതിൽ നിന്നോ തൻെറ സഹോദരനെ പിഴിഞ്ഞു പണമുണ്ടാക്കുന്നതിൽ നിന്നോ സഭ അവനെ

15. ആവർത്തനം 13: 1-18 16. ആവർത്തനം 27:15 17. ആവർത്തനം 14:8.9 18. പുറപ്പാട് 22.25

തടയുന്നില്ല. ന്യായപ്രമാണം ഇവിടെ പരസ്യമായി ലംഘിക്കപ്പെടുകയല്ലേ?

അബ്രഹാമിൻെറ സന്തതി പരമ്പരയുമായി ദൈവം നടത്തിയ ഉടമ്പടി ഇങ്ങനെയാണ്. 'നീയും നിൻെറ സന്താനങ്ങളും തലമുറ തോറും എൻെറ ഉടമ്പടിപാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്. നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിശ്ചേദനചെയ്യണം. നിങ്ങൾ അഗ്രചർമ്മം ഛേദിക്കണം'(19) ന്യായപ്രമാണത്തിൻെറ പ്രസ്തുത കൽപ്പന പ്രകാരം യേശുക്രിസ്തുവിന് മുമ്പുണ്ടായ പ്രവാചകന്മാരും അനുയായികളുമെല്ലാം പ്രസ്തുത കർമ്മം ചെയ്തിരുന്നു. ക്രിസ്തുവും പ്രസവിക്കപ്പെട്ട് എട്ടാം നാൾ പരിഛേദനയേറ്റതായി പുതിയ നിയമം പഠിപ്പിക്കുന്നു.(20) ന്യായപ്രമാണത്തിൻെറ പരിശ്ചേദന ചെയ്യണമെന്ന വ്യക്തമായ കൽപ്പനയെ എല്ലാ ക്രൈസ്തവസഭകളും കാറ്റിൽ പറത്തിയിരിക്കുകയാണ്. പകരം സ്വീകരിച്ചിരിക്കുന്നതോ, സതുരാഷ്ട്ര മതക്കാരിൽ നിന്നും മിത്രമതത്തിൽ നിന്നും ബുദ്ധമതത്തിൽ നിന്നും കടമെടുത്ത ജ്ഞാനസ്നാനവും!(21) ഇവിടെ ഇസ്രായീലിൻെറ പിതാവായ അബ്രഹാം മുതൽക്ക് നിലനിന്നിരുന്ന ഒരു ആചാരം വലിച്ചെറിഞ്ഞുകൊണ്ട് സഭ സ്വീകരിച്ചിരിക്കുന്നത് ജാതികളുടെ ആചാരമാകുന്നു.

ഇസ്രായീലിൻെറ രക്ഷകനായി വന്ന യേശു ഒരു പ്രവാചകനായിരുന്നു. ന്യായപ്രമാണത്തിലെ കൽപ്പനകളെ സ്വീകരിച്ചുകൊണ്ട് ജീവിക്കാൻ ഉപദേശിച്ച അദ്ദേഹത്തിൻെറ കൽപ്പനയെ പരസ്യമായി ധിക്കരിക്കുകയാണ് ക്രൈസ്തവർ. യേശുവിൻെറ ദൗത്യം ഇസ്രായീല്യർക്ക് മാത്രം പരിമിതമായിരുന്നു. ലോകത്തുള്ള സകല ജാതികൾക്കും സ്വാകരിക്കാൻ കഴിയുന്ന രക്ഷയുടെ വാഹകനായി വരുന്ന മഹാപുരുഷനെക്കുറിച്ച് ദീർഘദർശനം ചെയ്തതിൻ ശേഷമാണ് ക്രിസ്തു ഈ ലോകത്തു നിന്നും ഉയർത്തപ്പെട്ടത്. ആ മഹാപുരുഷൻ ആരാണെന്നറിയാതെ സഭകൾ ഇന്നും ഇരുട്ടിൽ തപ്പുകയാണ്.

---

19. ഉൽപ്പത്തി 17: 9-11 20. ലൂക്കോസ് 2:21

21. T W. Doane: Bible myths page'317--------319

# 3. യേശുവിൻെറ സുവിശേഷം

ക്രിസ്തുവിൻെറ ആഗമനോദ്ദേശ്യമെന്തായിരുന്നു? നഷ്ടപ്പെട്ടുപോയ ഇസ്രായീൽ മക്കളെ കർത്താവിൻെറ ആലയത്തിലേക്ക് മടക്കിക്കൊണ്ടുവരിക. അതിന്നു വേണ്ടിയാണ് അദ്ദേഹം അത്ഭുതങ്ങൾ പ്രവർത്തിച്ചത്.അതിന്നുവേണ്ടിത്തന്നെയാണ് ആ മഹാനായ മനുഷ്യപുത്രൻ ത്യാഗങ്ങൾ സഹിച്ച് സുവിശേഷം പ്രസംഗിച്ചത്.

അദ്ദേഹം ന്യായവിധിനാളിനെക്കുറിച്ചാണ് സംസാരിച്ചത്. നിയമങ്ങൾക്കോ ഭരണകൂടങ്ങൾക്കോ മാത്രം മനുഷ്യരെ നന്നാക്കാനാവില്ലെന്ന യാഥാർത്ഥ്യം അറിഞ്ഞ മഹാനായ മനുഷ്യസ്നേഹിയായിരുന്നു ക്രിസ്തു. നരകാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയാണ് മനുഷ്യജീവിതത്തിൻെറ പരമമായ ലക്ഷ്യമെന്നദ്ദേഹം പഠിപ്പിച്ചു. അനശ്വരമായ ഈ ജീവിതത്തിലെ സുഖഭോഗങ്ങളെക്കാൾ ഉദാത്തം അനശ്വരമായ സ്വർഗ്ഗരാജ്യത്തിലെ ശാശ്വതവാസമാണെന്നദ്ദേഹം ഉത്ബോധനം നടത്തി. എത്ര സുന്ദരമായ ഉദാഹരണങ്ങളിലൂടെയാണ് അദ്ദേഹം ജനത്തോട് ഇക്കാര്യം പറഞ്ഞു പഠിപ്പിച്ചുകൊടുത്തത്. 'ഭൂമിയിൽ നിക്ഷേപം കരുതി വെക്കരുത്. തുരുമ്പും കീടങ്ങളും അത് നശിപ്പിക്കും; കള്ളന്മാർ തുരന്നു നശിപ്പിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. അവിടെ തുരുമ്പും കീടങ്ങളും അതു നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും' (22)

ശരീരം മുഴുവൻ നരകാഗ്നിയിൽ പതിക്കുന്നതിനേക്കാൾ ഉത്തമം ഇവിടെ വെച്ച് പാപഹേതുവാകുന്ന അവയവങ്ങൾ ഛേദിച്ചു കളയുന്നതാണെന്ന് കർക്കശമായി പഠിപ്പിക്കുന്ന ക്രിസ്തു ഇഹലോകത്ത് സ്വന്തം ജീവൻ തന്നെ നഷ്ടപ്പെട്ടാലും പരലോകത്ത് നരകത്തിൽ നിന്നു രക്ഷപ്പെടുന്നതാണുത്തമമെന്നാണ് പഠിപ്പിക്കുന്നത്. അദ്ദേഹം പറഞ്ഞു. 'വലതുകണ്ണ് നിനക്ക് പാപഹേതുവാകുന്നുവെങ്കിൽ

22. മത്തായി 6:19-21

അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക..........വലതുകരം നിനക്കു പാപഹേതുവാകുന്നുവെങ്കിൽ അതുവെട്ടി ദൂരെയെറിയുക. ശരീരമാകെ നരകത്തിൽ പതിക്കുന്നതിനേക്കാൾ നല്ലത് അവയവങ്ങളിലൊന്ന് നഷ്ടപ്പെടുകയാണ്'(23)

പരലോകത്ത് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും നരകത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യണമെങ്കിൽ സൽക്കർമ്മങ്ങൾ ചെയ്യണമെന്ന് ക്രിസ്തു പഠിപ്പിച്ചു. ഇവ ലോകമാന്യത്തിനുവേണ്ടിയാവരുതെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു. യേശുവിന്റെ ഉപദേശം നോക്കുക: 'മറ്റുള്ളവളെ കാണിക്കാൻ വേണ്ടി അവരുടെ മുന്നിൽ വെച്ച് നിങ്ങളുടെ സൽക്കർമ്മങ്ങൾ അനുഷ്ടിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവീൻ. അല്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്ക് പ്രതിഫലമില്ല, (24) 'നീ ധർമ്മദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും'(25)

ശത്രുവിനെപ്പോലും സ്നേഹിക്കാൻവേണ്ടി പഠിപ്പിച്ച മിശിഹ; വെറുപ്പും തമ്മിൽ കലഹവുമായി കഴിഞ്ഞിരുന്ന ഇസ്രാഈലിന് സ്നേഹത്തിന്റെ ഉജ്ജ്വലഭാവവും അത് എങ്ങനെ പരിവർത്തനത്തിന് നിമിത്തമാക്കാമെന്നും പഠിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം ഉപദേശിച്ചു. 'ശത്രുക്കളെ സ്നേഹിക്കുവീൻ; നിങ്ങളെ പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവീൻ. അങ്ങനെ നിങ്ങളെ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും'(26)

കലഹപ്രിയരായിരുന്ന ഇസ്രായീല്യരോട് കൊലചെയ്യുന്നതും സഹോദരനോട് കോപിക്കുന്നതും അവനെ ചീത്തവിളിക്കുന്നതുമൊക്കെ നരകശിക്ഷക്ക് വിധേയമാക്കപ്പെടാൻ പര്യാപ്തമായ പാപങ്ങളാണെന്ന് പഠിപ്പിച്ചുകൊണ്ട് അവയിൽ നിന്നും അവരെ അകറ്റുകയാണ് ക്രിസ്തു ചെയ്തത്. 'കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും. സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിനു മുമ്പിൽ നിൽക്കേണ്ടിവരും.'(27)

വ്യഭിചാരത്തെ വളരെ ശക്തമായിത്തന്നെ വിമർശിക്കുന്നുണ്ട് യേശു. ആസക്തിയോടു കൂടി സ്ത്രീയെ നോക്കുന്നതുപോലും പാപമാണെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്. 'വ്യഭിചാരം ചെയ്യരുത് എന്ന് കൽപ്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു.' (28) ഇവിടെ വ്യഭിചാരത്തിലേക്ക് നയിക്കപ്പെടുന്ന സകല സാഹചര്യങ്ങളുമാണ് വിമർശിക്കപ്പെടുന്നത്. സ്ത്രീ സൗന്ദര്യം പ്രദർശനവസ്തുവാക്കുന്ന ആധുനിക ലോകത്തിന്റെ മൂല്യച്യുതിക്കുള്ള മൂലകാരണങ്ങളെക്കുറിച്ച് സൂചന രണ്ടു സഹസ്രാബ്ദങ്ങൾക്ക് മുമ്പുള്ള

23. മത്തായി 5: 29,30 24. മത്തായി 6:1 25. മത്തായി 6:4 26. മത്തായി 5:44,45
27. മത്തായി 5: 21,22 28. മത്തായി 5:27,28

ക്രിസ്തുവിൻെറ ഈ വചനത്തിലുണ്ട്.

സൃഷ്ടിച്ച് പരിപാലിക്കുന്ന കർത്താവിൻെറ അഭീഷ്ടത്തിനൊത്ത് ജീവിക്കണമെന്ന് ക്രിസ്തു ജനങ്ങളെ പഠിപ്പിച്ചു. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും അവനോട് അടുക്കണമെന്ന് അദ്ദേഹം ശിഷ്യന്മാരെ ഉപദേശിച്ചു. പക്ഷേ, ഇവയും കപടനാട്യക്കാരെപ്പോലെ ആളുകളെക്കാണിക്കാൻ വേണ്ടിയാവരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചു. രഹസ്യങ്ങളെല്ലാം അറിയുന്ന കർത്താവാണ് പ്രതിഫലം നല്കുന്നതെന്നതിനാൽ തന്നെ ജനങ്ങളെക്കാണിക്കാൻ വേണ്ടി കർമ്മങ്ങൾ ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ ഈ കൽപ്പനകളെല്ലാം പ്രധാനപ്പെട്ട കൽപ്പനയായി യേശു പഠിപ്പിച്ചത് ഏകദൈവവിശ്വാസമായിരുന്നു. ഫരിസേയരിലെ ഒരു നിയമജ്ഞൻെറ, എല്ലാറ്റിലും പ്രധാനപ്പെട്ട കൽപ്പന ഏതാണെന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി ശ്രദ്ധിക്കുക. 'ഇതാണ് ഒന്നാമത്തെ കൽപ്പന. ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്. നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക.(29)

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന ശ്രദ്ധിക്കുക. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ'(30)

കർത്താവായ ദൈവം തമ്പുരാനോട് മാത്രം പ്രാർത്ഥിക്കാനാണ് ക്രിസ്തു പഠിപ്പിച്ചത്. 'ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവീൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും.'(31) എന്നു പറഞ്ഞ അദ്ദേഹം പഠിപ്പിച്ചത് 'സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മ നൽകും'(32) എന്നാണ്. ശ്രേഷ്ഠനായ ആ മനുഷ്യസ്നേഹിയുടെ ജീവിതത്തിലെ സന്നിഗ്ദഘട്ടങ്ങളിലെല്ലാം തന്നെ ഏകനായ സ്രഷ്ടാവിനെ മാത്രം വിളിച്ചു പ്രാർത്ഥിച്ചതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ദുഷ്ടന്മാരായ പുരോഹിതന്മാരൊരുക്കിയ മരക്കുരുശിൽ നിന്നും തന്നെ രക്ഷിക്കാനായി ഏകനായ ദൈവത്തോട് അദ്ദേഹം വിളിച്ചു പ്രാർത്ഥിക്കുന്നത് കാണുക, 'എൻെറ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ. എങ്കിലും എൻെറ ഹിതംപോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ.'(33)

എന്നാൽ ഇന്ന് ക്രിസ്ത്യാനികൾ ചെയ്യുന്നതെന്താണ്? അഖില പ്രപഞ്ചവും സഷ്ടിച്ച് പരിപാലിക്കുന്ന ഏകനായ ദൈവത്തിനു പുറമേ പുണ്യവാളന്മാരേയും വിഗ്രഹങ്ങളേയും വിളിച്ചു പ്രാർത്ഥിക്കുന്നവരാണ് അവരധികവും. ക്രിസ്തുവിന്

29. മാർക്കോസ് 12:29,30 30. മത്തായി 6:10-13 31. മത്തായി 7:7 32. മത്തായി 7:11 33. മത്തായി 26:39

## 2. യേശുവിൻെറ ദൗത്യം

ഇസ്രായീലിൻെറ രക്ഷകനാണ് ക്രിസ്തു. അദ്ദേഹത്തിൻെറ ദൗത്യം ഇസ്രായീല്യരിൽ മാത്രം പരിമിതമായിരുന്നു.യേശുക്രിസ്തു പറഞ്ഞതായി ബൈബിൾ ഇങ്ങനെ ഉദ്ധരിക്കുന്നു. 'ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.(1) ഇക്കാര്യം ഖുർആനും പറയുന്നുണ്ട്. 'അവന്(യേശുവിന്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും പഠിപ്പിക്കുകയും ഇസ്രായീലി സന്തതികളിലേക്ക് അവനെ ദൂതനായി നിയോഗിക്കുകയും ചെയ്യും. (2)

ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു മോശെ. അദ്ദേഹവും സഹോദരൻ അഹോരോനും കൂടിയാണ് തങ്ങളുടെ പ്രബോധന ദൗത്യം നിർവ്വഹിച്ചത്. 'ഒരേയൊരു ദൈവം ഒരൊറ്റ ജനത'യെന്ന ദൈവവുമായുണ്ടാക്കിയ ഉടമ്പടിക്കൊത്ത് ഇസ്രായീൽ ജനത ജീവിച്ചില്ല. വിഗ്രഹാരാധനയും കലഹങ്ങളുമായിത്തീർന്നു അവരുടെ മുഖമുദ്ര. അവരിലേക്ക് സത്യത്തിൻെറ സന്ദേശപ്രചരണത്തിനായി നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു മോശെ. അദ്ദേഹത്തിന് ദൈവം നൽകിയ വേദഗ്രന്ഥമാണ് തൗറാത്ത്. ഈ വേദഗ്രന്ഥത്തെ യഹൂദന്മാർ ന്യായപ്രമാണം എന്നു വിളിക്കുന്നു.

1. മത്തായി 15:24 2. ഖുർആൻ 3:48,49

പഴയ നിയമം ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ-ഉൽപ്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യാ, ആവർത്തനം- തോറയെന്നറിയപ്പെടുന്നു. മോശെ പ്രവാചകന് അവതരിപ്പിക്കപ്പെട്ട ന്യായപ്രമാണമാണ് തോറയെന്ന് പലരും ധരിച്ചിട്ടുണ്ട്. ഇന്ന് നിലനിൽക്കുന്ന പഞ്ചപുസ്തകങ്ങളിൽ യഥാർത്ഥ ന്യായപ്രമാണത്തിൽ നിന്നും പലതും ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, ന്യായപ്രമാണത്തിലില്ലാത്ത പലതും തോറയിൽ കടന്നുകൂടിയിട്ടുണ്ട്. ന്യായപ്രമാണത്തിൽ നിന്നു പലതും നഷ്ടപ്പെട്ടു പോവുകയും ചെയ്തിട്ടുണ്ട്.

മോശെ എഴുതി വെച്ചതാണെന്ന് വിശ്വസിക്കപ്പെടുന്ന തോറയിലെ അഞ്ചാമത്തെ പുസ്തകമായ ആവർത്തന പുസ്തകത്തിൽ അദ്ദേഹത്തിൻെറമരണത്തേയും മരണശേഷമുള്ള സംഭവങ്ങളേയും വിശദീകരിക്കുന്നുണ്ട്. 'കർത്താവിൻെറദാസനായ മോശെ അവിടുന്നു അരുളിച്ചെയ്തപോലെ മൊവാബു ദേശത്ത്വച്ചു മരിച്ചു. മൊവാബു ദേശത്ത് ബത്‌ലയോറിന് എതിരെയുള്ള താഴ്‌വരയിൽ അവൻ സംസ്കരിക്കപ്പെട്ടു.എന്നാൽ, ഇന്നുവരെ അവൻെറ ശവകുടീരത്തിൻെറ സ്ഥാനം ആർക്കും അറിവില്ല. മരിക്കുമ്പോൾ മോശക്ക് നൂറ്റിഇരുപത് വയസ്സുണ്ടായിരുന്നു.'(3). 'മോശെയെപ്പോലെ മററൊരു പ്രവാചകൻ പിന്നീട് ഇസ്രായീലിൽ ഉണ്ടായിട്ടില്ല'(4). ഈ വാക്യങ്ങളുൾക്കൊള്ളുന്ന തോറാ പുസ്തകം മോശെ എഴുതിയതാണെന്ന് ആരെങ്കിലും വിശ്വസിക്കുമോ?

മോശെ പ്രവാചകനാണ് തോറയുടെ കർത്താവെന്ന് അല്ലെങ്കിലും ക്രിസ്ത്യൻ പണ്ഡിതന്മാർക്ക് അഭിപ്രായമില്ല. സാധാരണക്കാർ അങ്ങനെ വിശ്വസിച്ചുപോരുന്നുവെന്നല്ലാതെ മറ്റു അടിസ്ഥാനങ്ങളൊന്നും തന്നെ പ്രസ്തുത വിശ്വാസത്തിനില്ല. ഉൽപ്പത്തി പുസ്തകത്തിലെ ഏതാനും ചില ഭാഗങ്ങൾ മാത്രമാണ് മോശെ എഴുതിയതെന്നും രണ്ടു കർത്താക്കൾ കൂടി ഉൽപ്പത്തി പുസ്തകത്തിനുണ്ടെന്നുമാണ് വേദപുസ്തകപണ്ഡിതനായ റവ: എ.സി.ക്ലേയിറ്റൻ(5) പറയുന്നത്. പുറപ്പാട് പുസ്തക്ത്തിൻെറ കർത്താവ് ആരാണെന്നോ അത് രചിച്ചത് ഒരാളോ പല ആളുകളോ എന്നോ ഏത് കാലത്ത് രചിക്കപ്പെട്ടതാണെന്നോ അറിയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.(6) ലേവ്യപുസ്തകത്തിൻെറയും(7), സംഖ്യപുസ്തകത്തിൻെറയും(8) കർത്താക്കൾ അജ്ഞാതരാണെന്നും അദ്ദേഹം സമ്മതിക്കുന്നു. ആവർത്തന പുസ്തകത്തിൽ മോശെയുടെ പല ഉപദേശങ്ങളുമുണ്ടെങ്കിലും അത് പിൽക്കാലത്ത് ഏതോ ഗ്രന്ഥകാരൻ രചിക്കപ്പെട്ടതാണെന്നാണ് പണ്ഡിതമതം(9)

ഇതിൽ നിന്ന്, ഇന്നു കാണപ്പെടുന്ന പഞ്ചപുസ്തകങ്ങളിൽ മോശെ പ്രവാചകന് നൽകപ്പെട്ട ന്യായപ്രമാണത്തിൻെറ (തൗറാത്ത്) ഭാഗങ്ങൾ കാണാൻ സാദ്ധ്യതയുണ്ടെങ്കിലും അതു മുഴുവൻ ന്യായപ്രമാണമാണെന്നോ ന്യായപ്രമാണത്തിലുള്ളത് മുഴുവൻ അതിലുണ്ടെന്നോ വിചാരിക്കുന്നത് ശരിയായിരിക്കുകയുല്ലെന്ന് സുതരാം വ്യക്തമാവുന്നു.

3. ആവർത്തനം 34: 5-7, 4. ആവർത്തനം 34:10 , 5. റവ: എ,സി.ക്ലേയിറ്റർ. വേദപുസ്തകനിഘണ്ടു പേ.58
6. Ibidപേ:250,7. Ibid പേ: 464, 8. Ibidപേ 532, 9. Ibid പേ 41,

യേശുക്രിസ്തുവിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമത്രേ ഇൻജീൽ അഥവാ സുവിശേഷം. ക്രിസ്തു രാജ്യത്തുടനീളം 'സുവിശേഷം'പ്രസംഗിച്ചുവെന്ന് നമുക്ക് പുതിയ നിയമത്തിൽ പലയിടങ്ങളിലും കാണാൻ കഴിയും. മത്തായി പറയുന്നു. 'യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു'(10) മാത്രമല്ല, 'സുവിശേഷ'ത്തെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ വെടിയാൻ പോലും യേശു ആഹ്വാനം ചെയ്തിരുന്നു.(11)

ക്രിസ്തു പ്രസംഗിച്ചുനടന്ന സുവിശേഷം ഇന്നെവിടെ?. പുതിയ നിയമത്തിലെ ഇരുപത്തിയേഴ് പുസ്തകങ്ങൾ മുഴുവൻ പരിശോധിച്ചാൽ ക്രിസ്തുവിൻെറതായി നമുക്ക് ലഭിക്കുന്ന ഉപദേശങ്ങൾ തുലോം വിരളമായിരിക്കും. വിരലിലെണ്ണാവുന്നത്ര പേജുകളിൽ എഴുതാൻ മാത്രമേ അവയുണ്ടാവുകയുള്ളു. ക്രിസ്തുവിൻെറ ജീവിതകാലത്തിനിടക്ക് അദ്ദേഹം അത്രമാത്രമേ ഉപദേശിച്ചിരുന്നുള്ളുവെന്ന് നിനക്കുക വയ്യ. അപ്പോൾ ക്രിസ്തുവിന് ദൈവത്തിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട സുവിശേഷ'(ഇൻജീൽ)ത്തിൻെറ ഗണ്യമായൊരു ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻെറ ജീവിതമെന്ന പേരിൽ എഴുതപ്പെട്ടിരിക്കുന്ന സുവിശേഷങ്ങളിലെ ചരിത്രത്തിന് ആധികാരികത അവകാശപ്പെടാൻ കഴിയില്ലെന്നും നമുക്കറിയാം. അവയുടെ കർത്താക്കളിലാരും തന്നെ ക്രിസ്തുവിനെ കാണുകയോ ഉപദേശങ്ങൾ കേൾക്കുകയോ ചെയ്തിട്ടില്ല. പിന്നെ എങ്ങനെ അവ ആധികാരികമാവും?

ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട മഹാനായ രക്ഷകനായ യേശുവിന് ദൈവം പഠിപ്പിച്ചുകൊടുത്ത തൗറാത്തോ ഇൻജീലോ പൂർണ്ണരൂപത്തിൽ ഇന്ന് നിലനിൽക്കുന്നില്ലെന്നാണ് ഇവയിൽ നിന്നും നാംമനസ്സിലാക്കുന്നത്.

യഹൂദന്മാർക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായിരുന്നു ന്യായപ്രമാണം. ഈ ന്യായപ്രമാണത്തിലെ നിയമങ്ങളൊന്നും മാറ്റിമറിക്കുക ക്രിസ്തുവിൻെറ ആഗമന ലക്ഷ്യമായിരുന്നില്ല. ന്യായപ്രമാണത്തിലെ നിയമങ്ങളനുസരിച്ച് ജീവിക്കാൻ വിസമ്മതിച്ചിരുന്ന ഇസ്രായീൽ ഭവനത്തിലെ 'നഷ്ടപ്പെട്ട കുഞ്ഞാടുകളെ' സ്വഭവനത്തിലേക്കു തിരിച്ചുകൊണ്ടുവരികയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അദ്ദേഹം പറഞ്ഞു. 'നിയമത്തേയോ പ്രവാചകന്മാരേയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്(12) ന്യായപ്രമാണത്തിൽ നിന്ന് നിസ്സാരമായ ഒരു കാര്യം പോലും ലംഘിക്കപ്പെടാൻ പാടില്ലെന്ന കാര്യം ക്രിസ്തു ഊന്നിപ്പറയുന്നു.(13)

ക്രിസ്തു പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നത് നോക്കുക: 'എൻെറ മുൻപിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായികൊണ്ടും നിങ്ങളുടെ മേൽ നിഷദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചുതരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടത്)(14) ഇവിടെയും തൗറാത്തി(ന്യായപ്രമാ

---

10. മത്തായി 9:35, 11. മാർക്കോസ് 8: 35

12. മത്തായി 5:17, 13. മത്തായി 5:19, 14. ഖുർആൻ 3:50

ണം)നെ ശരിവെച്ചുകൊണ്ടാണ് തന്റെ ആഗമനമെന്ന് ക്രിസ്തു പ്രഖ്യാപിക്കുന്നു. യഹൂദന്മാർക്ക് നിഷിദ്ധമാക്കപ്പെട്ടിരുന്ന ഒട്ടകമാംസം, ശനിയാഴ്ച ജോലി ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ യേശുവിന്റെ ആഗമനത്തോടുകൂടി അനുവദനീയമാക്കപ്പെട്ടു വെന്ന വസ്തുത കൂടി ഈ സൂക്തം ഉൾകൊള്ളുന്നു.

ക്രിസ്തുവിന്റെ നേതൃത്വത്തെക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രം ഇപ്പോൾ നമുക്ക് ലഭിക്കുന്നു. ഇസ്രായീലിന്റെ രക്ഷക്കുവേണ്ടി അവതരിക്കപ്പെട്ട, ന്യായപ്രമാണമനുസരിച്ച് ജീവിക്കുവാൻ വേണ്ടി ജനങ്ങളെ ഉപദേശിക്കാനും മാതൃകയായി ജീവിച്ചുകാണിച്ചുകൊടുക്കാനും വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു യേശു ക്രിസ്തു. ന്യായപ്രമാണത്തിലെ കൽപനകളിൽ മൗലികമായ യാതൊരു മാറ്റവും അദ്ദേഹം വരുത്തിയില്ല. ഇസ്രായീലിന്റെ രക്ഷകനായിരുന്നു അദ്ദേഹം. ന്യായപ്രമാണമനുസരിച്ച് ജീവിക്കുകയായിരുന്നു അന്നു ഇസ്രായീലിനുള്ള ശാശ്വത മാർഗ്ഗം!

ന്യായപ്രമാണത്തിൽ ശക്തമായി വിമർശിക്കപ്പെട്ടിട്ടുള്ളതാണ് 'അന്യദേവന്മാരോടുള്ള ആരാധന.(15) 'വിഗ്രഹം പ്രതിഷ്ഠിക്കുന്നവർ ശപിക്കപ്പെടട്ടെ'യെന്ന പ്രാർത്ഥനയും അതിലുണ്ട്.(16) പത്തു കല്പനകളിൽ രണ്ടാമത്തെ കല്പന കാണുക. 'ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്. മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിനേയും പ്രതിമയോ സ്വരൂപമോ നിർമ്മിക്കരുത്. അവയ്ക്കു മുന്നിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. (പുറപ്പാട് 20:3-5)

ഇന്നത്തെ ക്രൈസ്തവ സഭകളിലധികത്തിന്റെയും അവസ്ഥയെന്താണ്? അവർ കർത്താവായ യഹോവയെയല്ലാതെ യേശുവിനെയും പരിശുദ്ധാത്മാവിനേയും ദേവന്മാരായി ഗണിച്ച് അവരോട് പ്രാർത്ഥനാ വഴിപാടുകൾ നടത്തുന്നു, പല സഭകളും മറ്റു പുണ്യാത്മാക്കൾക്കും ആരാധനകളർപ്പിക്കുന്നു. യേശുവിന്റേയും കന്യാമറിയത്തിന്റേയും പുണ്യവാളന്മാരുടെയും വിഗ്രഹങ്ങളുണ്ടാക്കിവെക്കുന്നു. ഇതെല്ലാം ന്യായപ്രമാണത്തിനു വിരുദ്ധമല്ലേ?

ന്യായപ്രമാണം പറഞ്ഞു. 'പന്നി ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതാകയാൽ അശുദ്ധമാണ്. അതിന്റെ മാംസം ഭക്ഷിക്കുകയോ ശവം സ്പർശിക്കുകയോ ചെയ്യരുത്.(17) എന്നാൽ ഇന്നത്തെ ക്രിസ്ത്യാനികളുടെ അവസ്ഥയെന്താണ്? അവർ പന്നിയിറച്ചിക്കുവേണ്ടി ക്യൂ നില്ക്കുന്നു. അതു സ്വാദോടുകൂടി ഭക്ഷിക്കുന്നു. ഇത് ന്യായപ്രമാണത്തിനെതിരല്ലേ?

ന്യായപ്രമാണം കൽപ്പിച്ചു. 'നിന്നോടൊന്നിച്ചു വസിക്കുന്ന എന്റെ ജനത്തിൽ ദരിദ്രരായ ആർക്കെങ്കിലും നീ വായ്പകൊടുക്കുന്ന പക്ഷം, പലിശക്ക് കടം കൊടുക്കുന്നവനെപ്പോലെ പെരുമാറരുത്. പലിശ ഈടാക്കുകയുമരുത്'(18) ഈ കൽപ്പന ക്രിസ്ത്യാനികൾ സ്വീകരിക്കുന്നുണ്ടോ? പലിശക്കച്ചവടം ചെയ്യുന്നതിൽ നിന്നോ തന്റെ സഹോദരനെ പിഴിഞ്ഞു പണമുണ്ടാക്കുന്നതിൽ നിന്നോ സഭ അവനെ

15. ആവർത്തനം 13: 1-18 16. ആവർത്തനം 27:15 17. ആവർത്തനം 14:8,9 18. പുറപ്പാട് 22.25

തടയുന്നില്ല. ന്യായപ്രമാണം ഇവിടെ പരസ്യമായി ലംഘിക്കപ്പെടുകയല്ലേ?

അബ്രഹാമിന്റെ സന്തതി പരമ്പരയുമായി ദൈവം നടത്തിയ ഉടമ്പടി ഇങ്ങനെയാണ്. 'നീയും നിന്റെ സന്താനങ്ങളും തലമുറ തോറും എന്റെ ഉടമ്പടിപാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്. നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിശ്ചേദനചെയ്യണം. നിങ്ങൾ അഗ്രചർമ്മം ഛേദിക്കണം.'(19) ന്യായപ്രമാണത്തിന്റെ പ്രസ്തുത കൽപ്പന പ്രകാരം യേശുക്രിസ്തുവിന് മുമ്പുണ്ടായ പ്രവാചകന്മാരും അനുയായികളുമെല്ലാം പ്രസ്തുത കർമ്മം ചെയ്തിരുന്നു. ക്രിസ്തുവും പ്രസവിക്കപ്പെട്ട് എട്ടാം നാൾ പരിഛേദനയേറ്റതായി പുതിയ നിയമം പഠിപ്പിക്കുന്നു.(20) ന്യായപ്രമാണത്തിന്റെ പരിശ്ചേദന ചെയ്യണമെന്ന വ്യക്തമായ കൽപ്പനയെ എല്ലാ ക്രൈസ്തവസഭകളും കാറ്റിൽ പറത്തിയിരിക്കുകയാണ്. പകരം സ്വീകരിച്ചിരിക്കുന്നതോ, സതുരാഷ്ട്ര മതക്കാരിൽ നിന്നും മിത്രമതത്തിൽ നിന്നും ബുദ്ധമതത്തിൽ നിന്നും കടമെടുത്ത ജ്ഞാനസ്നാനവും!(21) ഇവിടെ ഇസ്രായീലിന്റെ പിതാവായ അബ്രഹാം മുതൽക്ക് നിലനിന്നിരുന്ന ഒരു ആചാരം വലിച്ചെറിഞ്ഞുകൊണ്ട് സഭ സ്വീകരിച്ചിരിക്കുന്നത് ജാതികളുടെ ആചാരമാകുന്നു.

ഇസ്രായീലിന്റെ രക്ഷകനായി വന്ന യേശു ഒരു പ്രവാചകനായിരുന്നു. ന്യായപ്രമാണത്തിലെ കൽപ്പനകളെ സ്വീകരിച്ചുകൊണ്ട് ജീവിക്കാൻ ഉപദേശിച്ച അദ്ദേഹത്തിന്റെ കൽപ്പനയെ പരസ്യമായി ധിക്കരിക്കുകയാണ് ക്രൈസ്തവർ. യേശുവിന്റെ ദൗത്യം ഇസ്രായീല്യർക്ക് മാത്രം പരിമിതമായിരുന്നു. ലോകത്തുള്ള സകല ജാതികൾക്കും സ്വീകരിക്കാൻ കഴിയുന്ന രക്ഷയുടെ വാഹകനായി വരുന്ന മഹാപുരുഷനെക്കുറിച്ച് ദീർഘദർശനം ചെയ്തതിൻ ശേഷമാണ് ക്രിസ്തു ഈ ലോകത്തുനിന്നും ഉയർത്തപ്പെട്ടത്. ആ മഹാപുരുഷൻ ആരാണെന്നറിയാതെ സഭകൾ ഇന്നും ഇരുട്ടിൽ തപ്പുകയാണ്.

---

19. ഉൽപ്പത്തി 17: 9-11 20. ലൂക്കോസ് 2:21

21. T W. Doane: Bible myths page 317--------319

# 3. യേശുവിൻെറ സുവിശേഷം

ക്രിസ്തുവിൻെറ ആഗമനോദ്ദേശ്യമെന്തായിരുന്നു? നഷ്ടപ്പെട്ടുപോയ ഇസ്രാ യീൽ മക്കളെ കർത്താവിൻെറ ആലയത്തിലേക്ക് മടക്കിക്കൊണ്ടുവരിക. അതിന്നു വേണ്ടിയാണ് അദ്ദേഹം അത്ഭുതങ്ങൾ പ്രവർത്തിച്ചത്.അതിന്നുവേണ്ടിത്തന്നെയാണ് ആ മഹാനായ മനുഷ്യപുത്രൻ ത്യാഗങ്ങൾ സഹിച്ച് സുവിശേഷം പ്രസംഗിച്ചത്.

അദ്ദേഹം ന്യായവിധിനാളിനെക്കുറിച്ചാണ് സംസാരിച്ചത്. നിയമങ്ങൾക്കോ ഭരണകൂടങ്ങൾക്കോ മാത്രം മനുഷ്യരെ നന്നാക്കാനാവില്ലെന്ന യാഥാർത്ഥ്യം അറിഞ്ഞ മഹാനായ മനുഷ്യസ്നേഹിയായിരുന്നു ക്രിസ്തു. നരകാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയാണ് മനുഷ്യജീവിതത്തിൻെറ പരമമായ ലക്ഷ്യ മെന്നദ്ദേഹം പഠിപ്പിച്ചു. അനശ്വരമായ ഈ ജീവിതത്തിലെ സുഖഭോഗങ്ങളെക്കാൾ ഉദാത്തം അനശ്വരമായ സ്വർഗ്ഗരാജ്യത്തിലെ ശാശ്വതവാസമാണെന്നദ്ദേഹം ഉത്ബോ ധനം നടത്തി. എത്ര സുന്ദരമായ ഉദാഹരണങ്ങളിലൂടെയാണ് അദ്ദേഹം ജനത്തോട് ഇക്കാര്യം പറഞ്ഞു പഠിപ്പിച്ചുകൊടുത്തത്. 'ഭൂമിയിൽ നിക്ഷേപം കരുതി വെക്കരുത്. തുരുമ്പും കീടങ്ങളും അത് നശിപ്പിക്കും; കള്ളന്മാർ തുരന്നു നശിപ്പിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. അവിടെ തു രുമ്പും കീടങ്ങളും അതു നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല. നിങ്ങളു ടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും' (22)

ശരീരം മുഴുവൻ നരകാഗ്നിയിൽ പതിക്കുന്നതിനേക്കാൾ ഉത്തമം ഇവിടെ വെച്ച് പാപഹേതുവാകുന്ന അവയവങ്ങൾ ഛേദിച്ചു കളയുന്നതാണെന്ന് കർക്ക ശമായി പഠിപ്പിക്കുന്ന ക്രിസ്തു ഇഹലോകത്ത് സ്വന്തം ജീവൻ തന്നെ നഷ്ടപ്പെട്ടാ ലും പരലോകത്ത് നരകത്തിൽ നിന്നു രക്ഷപ്പെടുന്നതാണുത്തമമെന്നാണ് പഠിപ്പി ക്കുന്നത്. അദ്ദേഹം പറഞ്ഞു. 'വലതുകണ്ണ് നിനക്ക് പാപഹേതുവാകുന്നുവെങ്കിൽ

22. മത്തായി 6:19-21

അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക..........വലതുകരം നിനക്കു പാപഹേതുവാകുന്നുവെങ്കിൽ അതുവെട്ടി ദൂരെയെറിയുക. ശരീരമാകെ നരകത്തിൽ പതിക്കുന്നതിനേക്കാൾ നല്ലത് അവയവങ്ങളിലൊന്ന് നഷ്ടപ്പെടുകയാണ്'(23)

പരലോകത്ത് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും നരകത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യണമെങ്കിൽ സൽക്കർമ്മങ്ങൾ ചെയ്യണമെന്ന് ക്രിസ്തു പഠിപ്പിച്ചു. ഇവ ലോകമാന്യത്തിനുവേണ്ടിയാവരുതെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു. യേശുവിന്റെ ഉപദേശം നോക്കുക: 'മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അവരുടെ മുന്നിൽ വെച്ച് നിങ്ങളുടെ സൽക്കർമ്മങ്ങൾ അനുഷ്ടിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവീൻ. അല്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്ക് പ്രതിഫലമില്ല, (24) 'നീ ധർമ്മദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും.'(25)

ശത്രുവിനെപ്പോലും സ്നേഹിക്കാൻവേണ്ടി പഠിപ്പിച്ച മിശിഹ; വെറുപ്പും തമ്മിൽ കലഹവുമായി കഴിഞ്ഞിരുന്ന ഇസ്രാഈലിന് സ്നേഹത്തിന്റെ ഉജ്ജ്വലഭാവവും അത് എങ്ങനെ പരിവർത്തനത്തിന് നിമിത്തമാക്കാമെന്നും പഠിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം ഉപദേശിച്ചു. 'ശത്രുക്കളെ സ്നേഹിക്കുവീൻ; നിങ്ങളെ പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർതഥിക്കുവീൻ. അങ്ങനെ നിങ്ങളെ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും.'(26)

കലഹപ്രിയരായിരുന്ന ഇസ്രായീല്യരോട് കൊലചെയ്യുന്നതും സഹോദരനോട് കോപിക്കുന്നതും അവനെ ചീത്തവിളിക്കുന്നതുമൊക്കെ നരകശിക്ഷക്ക് വിധേയമാക്കപ്പെടാൻ പര്യാപ്തമായ പാപങ്ങളാണെന്ന് പഠിപ്പിച്ചുകൊണ്ട് അവയിൽ നിന്നും അവരെ അകറ്റുകയാണ് ക്രിസ്തു ചെയ്തത്. 'കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും. സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിനു മുമ്പിൽ നിൽക്കേണ്ടിവരും.'(27)

വ്യഭിചാരത്തെ വളരെ ശക്തമായിത്തന്നെ വിമർശിക്കുന്നുണ്ട് യേശു. ആസക്തിയോടു കൂടി സ്ത്രീയെ നോക്കുന്നതുപോലും പാപമാണെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്. 'വ്യഭിചാരം ചെയ്യരുത് എന്ന് കൽപ്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു.' (28) ഇവിടെ വ്യഭിചാരത്തിലേക്ക് നയിക്കപ്പെടുന്ന സകല സാഹചര്യങ്ങളുമാണ് വിമർശിക്കപ്പെടുന്നത്. സ്ത്രീ സൗന്ദര്യം പ്രദർശനവസ്തുവാക്കുന്ന ആധുനിക ലോകത്തിന്റെ മൂല്യച്യുതിക്കുള്ള മൂലകാരണങ്ങളെക്കുറിച്ച് സൂചന രണ്ടു സഹസ്രാബ്ദങ്ങൾക്ക് മുമ്പുള്ള

23. മത്തായി 5: 29,30 24. മത്തായി 6:1 25. മത്തായി 6:4 26. മത്തായി 5:44,45
27. മത്തായി 5: 21,22 28. മത്തായി 5:27,28

ക്രിസ്തുവിൻെറ ഈ വചനത്തിലുണ്ട്.

സൃഷ്ടിച്ച് പരിപാലിക്കുന്ന കർത്താവിൻെറ അഭീഷ്ടത്തിനൊത്ത് ജീവിക്കണമെന്ന് ക്രിസ്തു ജനങ്ങളെ പഠിപ്പിച്ചു. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും അവനോട് അടുക്കണമെന്ന് അദ്ദേഹം ശിഷ്യന്മാരെ ഉപദേശിച്ചു. പക്ഷേ, ഇവയും കപടനാട്യക്കാരെപ്പോലെ ആളുകളെക്കാണിക്കാൻ വേണ്ടിയാവരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചു. രഹസ്യങ്ങളെല്ലാം അറിയുന്ന കർത്താവാണ് പ്രതിഫലം നല്കുന്നതെന്നതിനാൽ തന്നെ ജനങ്ങളെക്കാണിക്കാൻ വേണ്ടി കർമ്മങ്ങൾ ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ ഈ കൽപ്പനകളെല്ലാം പ്രധാനപ്പെട്ട കൽപ്പനയായി യേശു പഠിപ്പിച്ചത് ഏകദൈവവിശ്വാസമായിരുന്നു. ഫരിസേയരിലെ ഒരു നിയമജ്ഞൻെറ, എല്ലാറ്റിലും പ്രധാനപ്പെട്ട കൽപ്പന ഏതാണെന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി ശ്രദ്ധിക്കുക. 'ഇതാണ് ഒന്നാമത്തെ കൽപ്പന. ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്. നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക.(29)

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന ശ്രദ്ധിക്കുക. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ'(30)

കർത്താവായ ദൈവം തമ്പുരാനോട് മാത്രം പ്രാർത്ഥിക്കാനാണ് ക്രിസ്തു പഠിപ്പിച്ചത്. 'ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവീൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും.'(31) എന്നു പറഞ്ഞ അദ്ദേഹം പഠിപ്പിച്ചത് 'സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മ നൽകും.'(32) എന്നാണ്. ശ്രേഷ്ഠനായ ആ മനുഷ്യസ്നേഹിയുടെ ജീവിതത്തിലെ സന്നിഗ്ദഘട്ടങ്ങളിലെല്ലാം തന്നെ ഏകനായ സ്രഷ്ടാവിനെ മാത്രം വിളിച്ചു പ്രാർത്ഥിച്ചതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ദുഷ്ടന്മാരായ പുരോഹിതന്മാരൊരുക്കിയ മരക്കുരിശിൽ നിന്നും തന്നെ രക്ഷിക്കാനായി ഏകനായ ദൈവത്തോട് അദ്ദേഹം വിളിച്ചു പ്രാർത്ഥിക്കുന്നത് കാണുക, 'എൻെറ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ. എങ്കിലും എൻെറ ഹിതംപോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ.'(33)

എന്നാൽ ഇന്ന് ക്രിസ്ത്യാനികൾ ചെയ്യുന്നതെന്താണ്? അഖില പ്രപഞ്ചവും സഷ്ടിച്ച് പരിപാലിക്കുന്ന ഏകനായ ദൈവത്തിനു പുറമേ പുണ്യവാളന്മാരേയും വിഗ്രഹങ്ങളേയും വിളിച്ചു പ്രാർത്ഥിക്കുന്നവരാണ് അവരധികവും. ക്രിസ്തുവിന്

29. മാർക്കോസ് 12:29,30 30. മത്തായി 6:10-13 31. മത്തായി 7:7 32. മത്തായി 7:11 33. മത്തായി 26:39

മുമ്പ് കഴിഞ്ഞുപോയ ഏതെങ്കിലുമൊരു പുണ്യപുരുഷനെ അദ്ദേഹം വിളിച്ചുപ്രാർത്ഥി ക്കുകയോ ഇടയാളനാക്കുകയോ ചെയ്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. ക്രി സ്തു ജീവിച്ച പാതയിലൂടെ ജീവിക്കാമെന്ന് പ്രതിജ്ഞ ചെയ്ത യഥാർത്ഥ ക്രൈസ്തവന് ഏകനായ കർത്താവിനെയല്ലാതെ മറ്റാരെയെങ്കിലും വിളിച്ചുപ്രാർ ത്ഥിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

ക്രിസ്തുവിനെത്തന്നെ ആരാധ്യനാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ഉപദേശത്തിനെതിരു പ്രവർത്തിക്കുന്നവരാണ് സത്യക്രിസ്ത്യാനികളെന്ന് സ്വയം അവകാശപ്പെടുന്ന വസ്തുത എന്തുമാത്രം ശോചനീയമല്ല!! ക്രൂശിതരൂപത്തിനും കുരിശിനും ക്രിസ്തുവിന്റെ ചിത്രത്തിനും മുന്നിൽ മുട്ടുകുത്തി 'കർത്താവായ യേശു'വിനെ വിളിച്ച് പ്രാർത്ഥിക്കുന്നവർ ആ മഹാനുഭാവന്റെ ഉപദേശം ശ്രവിക്കു വാൻ സന്നദ്ധരായെങ്കിൽ! അദ്ദേഹം പറഞ്ഞു. 'എന്നോട് കർത്താവെ കർത്താവെ എന്ന് വിളിക്കുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെഇഷ്ടം ചെയ്യുന്നവനത്രെ അവന്റെ രാജ്യമായ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്'(34) ഈ വചനത്തിലൂടെ തന്നോട് 'കർത്താവെ' എന്നു വിളിച്ചപേക്ഷിക്കുന്നതിനെ ശക്തമായി വിമർശിക്കുകയും പിതാവിന്റെ ഇഷ്ടം ചെയ്യാൻ ജനങ്ങളെ ഉപദേശി ക്കുകയുമാണ് ക്രിസ്തു ചെയ്യുന്നത്.

ശുദ്ധമായ ഏകദൈവവിശ്വാസമാണ് ക്രിസ്തു പ്രബോധനം ചെയ്തതെന്ന് നാം മനസ്സിലാക്കി. നോഹ മുതൽക്ക് യോഹന്നാൻ സ്നാപകൻ വരെയുള്ള സകല പ്രവാചകന്മാരും പ്രബോധനം ചെയ്ത തത്വങ്ങളിൽ സുപ്രധാനം 'നമ്മുടെ കർത്താവ് ഏക കർത്താവ്' എന്ന തത്വം തന്നെയായിരുന്നു അത് ഏറ്റുപറയുകയാണ് യേശു ചെയതത്. എന്നാൽ ക്രിസ്തുവിനോ അനുചരൻമാരിൽ ആർക്കെങ്കിലുമോ അറി യാത്ത ഒരു വിശ്വാസവുമായിക്കൊണ്ടാണ് ഇന്നു സഭ നിലകൊള്ളുന്നത്. പ്രസ്തുത വിശ്വാസമത്രെ ത്രിയേക ദൈവവിശ്വാസം.

ഉൽപ്പത്തി പുസ്തകം മുതൽക്ക് വെളിപാട്പുസ്തകം വരെയുള്ള ബൈബി ളിലെ പഴയതും പുതിയതുമായ നിയമങ്ങളെല്ലാം അരിച്ചുപെറുക്കി വായിച്ചാലും പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടിച്ചേർന്നതാണ് ഏകദൈവമെന്ന ആശയത്തിനു ഉപോൽബലകമായി ഒരൊറ്റ വചനമെങ്കിലും തെളിവായി ലഭിക്കുക യില്ല. ബൈബിൾ പരിചയപ്പെടുത്തുന്ന 'പിതാവ്' ഈ ലോകത്തെ പടച്ചു പരിപാലി ക്കുന്ന കരുണാവാരിധിയായ ഏകദൈവമാണ്. 'പരിശുദ്ധാത്മാവ്' ദൈവികശാ സനകളനുസരിച്ച് ചരിക്കുന്ന വിശുദ്ധ സൃഷ്ടികളിൽ ഒന്നുമാണ്. *'പുത്രൻ' ഇസ്രാ യീലിന് നേർവഴി കാണിച്ചുകൊടുക്കാൻ വന്ന മഹാനായ ഒരു പ്രവാചകനുമാണ്. ഇതുമൂന്നും ഒന്നല്ല; മൂന്നു തന്നെയാണ്.

മനുഷ്യബുദ്ധിക്ക് വളരെ പെട്ടെന്ന് മനസ്സിലാകുന്ന, ലോകത്തുവന്ന മുഴുവൻ

34. മത്തായി 7:21

* മാലാഖമാരിൽ പ്രമുഖനായ ഗബ്രിയേലിനെയാണ് ബൈബിൾ പരിശുദ്ധാത്മാവ് എന്ന് വിളിക്കുന്നത്. (ജിബ്‌രീൽ)

പ്രവാചകന്മാരും പ്രബോധനം ചെയ്ത ഏകദൈവവിശ്വാസത്തിനു പകരം മനസ്സിലാക്കുക ദുഷ്കരമായ പ്രവാചകപ്രബോധനങ്ങളിലൊന്നുമില്ലാത്ത ത്രിയേക ദൈവവിശ്വാസം സ്വീകരിക്കാൻ സഭയെ പ്രേരിപ്പിച്ച വികാരമെന്താണ്?

ക്രിസ്തുവിന് ശേഷം നാലാം നൂറ്റാണ്ടിൽ നടന്ന നിഖിയാ കൗൺസിലാണ് ത്രിയേകത്വം സഭയുടെ വിശ്വാസപ്രമാണമായി അംഗീകരിച്ചത്. അതുവരെ ജീവിച്ചിരുന്ന അപ്പോസ്തലന്മാർക്കോ അവരുടെ അനുയായികൾക്കോ ഒന്നും അറിയാത്ത വിശ്വാസമായിരുന്നു അത്. ത്രിത്വം സ്വീകരിക്കാതിരിക്കുന്നത് നിത്യജീവൻ നിഷേധിക്കപ്പെടുന്നതിന് കാരണമാവുമെങ്കിൽ രക്ഷകനായ ക്രിസ്തുവാണ് ആദ്യം നരകാഗ്നിയിൽ എറിയപ്പെടുക. പിന്നെ അപ്പോസ്തലന്മാരും.

ഈ വിശ്വാസം പ്രാകൃത വിശ്വാസങ്ങളിൽ നിന്നു കടമെടുത്തതാണെന്ന് കാണാൻ കഴിയും. ക്രിസ്തുവിന് മുമ്പ് മുതൽക്ക് തന്നെ മൂന്ന് ദൈവങ്ങളേയും അവയുടെ ഐക്യത്തേയും കുറിച്ചുള്ള സങ്കൽപ്പങ്ങൾ കാണാൻ കഴിയും. ക്രിസ്തുവിന്ന് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് നിലനിന്ന ബാബിലോണിയൻ സംസ്കാരത്തിൽ ഇഷംതാർ, ഷിൻ, ഷാമേഷ് എന്നിങ്ങനെ മൂന്ന് ദൈവങ്ങളുടെ ഐക്യത്തെക്കുറിച്ച സങ്കൽപ്പം നിലനിന്നിരുന്നെന്ന് ഉൽഖനനങ്ങൾ വ്യക്തമാക്കുന്നു. ഏകദേശം അക്കാലത്തുതന്നെയുള്ള ഈജിപ്ഷ്യൻ സംസ്കാരത്തിലും ഹോറസ്, ഒസിറിസ്, ഇസിസ്, എന്നിങ്ങനെ മൂന്ന് ദൈവങ്ങളുടെ ഐക്യത്തെക്കുറിച്ച വിശ്വാസമുണ്ടായിരുന്നു. ക്രിസ്തുവിന് ശേഷം ഒന്നാം നൂറ്റാണ്ടിലെ പാലിറിയൻ വിശ്വാസപ്രകാരം ചന്ദ്രദൈവം, സൂര്യദൈവം, സ്വർഗ്ഗങ്ങളുടെ ദൈവം എന്നിങ്ങനെ മൂന്നുപേരുടെ ഐക്യമാണ് പ്രപഞ്ചത്തെ നിലനിർത്തുന്നത്. ബ്രഹ്മാവ്, ശിവൻ, വിഷ്ണു എന്നിങ്ങനെ മൂന്ന് മൂർത്തികളിലായി പരബ്രഹ്മമാകുന്ന ഏകദൈവം സ്ഥിതി ചെയ്യുന്നുവെന്നതാണ് ഹൈന്ദവ വിശ്വാസം. വജ്ജൂപാണി, മഞ്ജുശ്രീ, അവലോകിതേശ്വരൻ എന്നീ ത്രിമൂർത്തികളിൽ ബുദ്ധമതക്കാരും വിശ്വസിച്ചിരുന്നു. ഒറോമാസ്ദസ്, മിത്രൻ, അഹിർമാൻ തുടങ്ങിയ ത്രിദൈവങ്ങളെആരാധിച്ചിരുന്നവരാണ് പേർഷ്യയിലെ മിത്രമതക്കാർ.

ഇത്തരത്തിലുള്ള ഒരു പ്രാകൃത മതക്കാരനായിരുന്നു കോൺസ്റ്റൻറ്റൈൻ ചക്രവർത്തി. ഭാര്യാപിതാവിനേയും സഹോദരീഭർത്താവിനേയും അനന്തിരവനേയും ഭാര്യയെയും പുത്രനെയുമെല്ലാം ക്രൂരമായി കൊലപ്പെടുത്തിയ ലോകംകണ്ട ഏറ്റവും ക്രൂരനായ ഒരു ചക്രവർത്തിയായിരുന്നു അദ്ദേഹം. താൻചെയ്ത പാപത്തിൽ നിന്നും മുക്തനാകാൻ വേണ്ടിയാണത്രേ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചത്. മമ്മോദീസാ തുടങ്ങുന്നതോടുകൂടി അതുവരെ ചെയ്ത സകല പാപങ്ങളും ക്ഷമിക്കപ്പെടുമെന്ന ക്രിസ്തുമത വിശ്വാസത്തെ അക്ഷരാർത്ഥത്തിൽ സ്വീകരിച്ച അദ്ദേഹം സ്നാനം ചെയ്യുന്നത് മരണക്കിടക്കയിൽ വെച്ചാണ്. (35) സ്നാനത്തിന് ശേഷം പാപം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടെല്ലന്നർത്ഥം.

ഈ കോൺസ്റ്റൻറ്റൈൻ ചക്രവർത്തിയായിരുന്നു ക്രി 325ൽ നടന്ന നിഖിയാ കൗൺസിലിൻെറ അദ്ധ്യക്ഷൻ. കൗൺസിലിൽ അദ്ധ്യക്ഷതവഹിക്കുന്ന സമയത്തും

35. T.W.Doane: Bible Myths Page 446

അദ്ദേഹം മാമോദീസാ മുങ്ങിയിരുന്നില്ലോർക്കുക. പ്രസ്തുത കൗൺസിലാണ് ത്രിയേകത്വം സഭാവിശ്വാസമായി അംഗീകരിച്ചത്.(36) റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന മതമായ സൂര്യാരാധനാ സമ്പ്രദായവും ക്രിസ്തുമതവും കൂട്ടിച്ചേർത്തു കൊണ്ട് തൻെറ രാഷ്ട്രീയ ശക്തി നിലനിർത്താനുള്ള പോംവഴികണ്ടെത്തിയ കോൺസ്റ്റൻൈറനിൻെറ സൂത്രമല്ലാതെ മറ്റൊന്നുമായിരുന്നില്ല ത്രിത്വത്തിൻെറ സൃഷ്ടിക്കു പിന്നിൽ പ്രവർത്തിച്ചതെന്നു കാണാൻ ഏറെ പ്രയാസമില്ല.

ത്രിയേകത്വം അംഗീകരിക്കുക മാത്രമല്ല നിഖിയാ കൗൺസിൽ ചെയ്തത്. സൂര്യദേവൻെറ ചിഹ്നമായിരുന്ന പ്രകാശത്തിൻെറ കുരിശിനു സമാനമായ ക്രിസ്തു രക്തം ചിന്തിയ കുരിശ് ക്രൈസ്തവരുടെ ചിഹ്നമായി സ്വീകരിച്ചത് പ്രസ്തുത കൗൺസിലാണ്.(37) സൂര്യദേവൻെറ ജന്മദിനമായ ഡിസംബർ 25 ക്രിസ്തുമസ്സായി കൊണ്ടാടാൻ തീരുമാനിച്ചതും സൂര്യദേവൻെറ പുണ്യദിനമായ ഞായറാഴ്ച ശാബത്ത് ആയി ആചരിക്കാൻ തീരുമാനിച്ചതും പ്രസ്തുത കൗൺസിലിൽ വെച്ചു തന്നെയായിരുന്നു.(38) ദൈവദൂതനായ ക്രിസ്തു പ്രബോധനം ചെയ്ത ശുദ്ധ മതത്തിലേക്ക് പ്രാകൃതമതവിഭാഗങ്ങളുടെ ആചാരങ്ങളെ തിരികിക്കയറ്റിയ നിഖിയാ കൗൺസിലിനെ വിമർശിച്ച അറിയൂസിനെപ്പോലെയുള്ള മഹാന്മാരെ നാടുകടത്തിയും കൊന്നൊടുക്കിയും കൊണ്ടായിരുന്നു സഭ ത്രിത്വവും മറ്റു പ്രാകൃതാചാരങ്ങളും സ്വീകരിച്ചത്.

ക്രിസ്തു ത്രിയേകത്വം പഠിപ്പിച്ചിരുന്നില്ലെന്ന് നാം മനസ്സിലാക്കി. അദ്ദേഹം പറഞ്ഞുതന്നത് ഏകനായ ദൈവത്തെ മാത്രം ആരാധിക്കണമെന്നായിരുന്നു. താൻ ദൈവമായതുകൊണ്ടോ ത്രിയേക ദൈവങ്ങളിൽ ഒരാളായതുകൊണ്ടോ ആണെന്ന് അദ്ദേഹം അവകാശപ്പെട്ടില്ല. അദ്ദേഹം പറഞ്ഞു. 'പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വതവേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല.(39) 'ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല.'(40)

യേശു മഹാനായിരുന്നു. ഇസ്രായിലിനു വേണ്ടി ത്യാഗങ്ങൾ സഹിച്ച മഹാനുഭാവൻ. അതുകൊണ്ടുതന്നെ അദ്ദേഹം വലിയവനായിരുന്നു. പക്ഷേ, അദ്ദേഹത്തെ നിയോഗിച്ചയച്ച സർവ്വശക്തൻ അദ്ദേഹത്തെക്കാൾ വളരെ വലിയവനാണ്. ഇക്കാര്യം ക്രിസ്തു തന്നെ പറയുന്നുണ്ട്.(41) പിതാവ് എന്നേക്കാൾ വലിയവനാണ്'. ഇവിടെ, ഒരേ ശക്തിയുള്ള മൂന്ന് ആളത്വങ്ങളാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്നും അവരുടെ കൂട്ടായ്മയാണ് ഏകദൈവമെന്നുമുള്ള ത്രിയേകത ദൈവവിശ്വാസത്തിൻെറ കടയ്ക്കാണ് ക്രിസ്തു കത്തി വെച്ചിരിക്കുന്നത്.

യേശുവിൻെറ പ്രധാനപ്പെട്ട സുവിശേഷം ഇതായിരുന്നു. 'നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ'(42) അതെ, സർവ്വചരാചരങ്ങളെയും പരിപാലിക്കുന്ന പരിശുദ്ധനായ പടച്ച തമ്പുരാൻ മാത്രമേ ആരാധിക്ക

36. Should we believe in trinity: (watch tower bible society) Page 16-18
37. Rev: Alexander Hislop: Yhe two Babylons or the Papal Worship Page 204
38. Salmon Reinach: Orpheus: A historyb of Relegions Page 382
39. യോഹന്നാൻ 5: 19 40. യോഹന്നാൻ 8:28 41. യോഹന്നാൻ 14:28 42. മത്തായി 4:10

പ്പെടാൻ പാടുള്ളൂ. കൃഷ്ണനും, ക്രിസ്തുവും മുഹമ്മദ് നബിയുമെല്ലാം സൃഷ്ടികളാണ്. സ്രഷ്ടാവല്ല സ്രഷ്ടാവാണ് ആരാധിക്കപ്പെടേണ്ടത്. സർവ്വശക്തനായ സ്രഷ്ടാവ് മാത്രം ഇതാണ് ക്രിസ്തുവിന്റെ സുവിശേഷം.

യേശു പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നതും ഇതു തന്നെ. 'തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനായൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗ്ഗം.'(43)

ക്രിസ്തു കാണിച്ചുതന്ന നേരായ മാർഗ്ഗം സ്വീകരിക്കുവാൻ ക്രിസ്ത്യാനികൾ സന്നദ്ധരാകുമോ?

43. ഖുർആൻ 3:51

# 4. യേശു ചെയ്ത അത്ഭുതങ്ങൾ

പാപത്തിൻെറ സാഗരത്തിൽ നിന്ന് ഇസ്രാഈൽ മക്കളെ പുണ്യത്തിൻേറയും സ്നേഹത്തിൻേറയും പന്ഥാവിലേക്ക് കൈപിടിച്ച് കയറ്റുവാൻ വേണ്ടി വന്ന യേശുക്രിസ്തു, തൻെറ ദൗത്യത്തിൻെറ നിർവ്വഹണത്തിനുവേണ്ടി ഒട്ടനവധി അത്ഭുതങ്ങൾ കാണിച്ചതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. താൻ ദൈവിക രക്ഷകനാണെന്ന് ജനമദ്ധ്യത്തിൽ തെളിയിക്കുകയായിരുന്നു പ്രസ്തുത അമാനുഷിക പ്രവർത്തനങ്ങളുടെ ലക്ഷ്യം.

താൻ ചെയ്ത അത്ഭുതപ്രവർത്തനങ്ങളുടെ ലക്ഷ്യം വിശദീകരിച്ചുകൊണ്ട് ക്രിസ്തു പറഞ്ഞു. 'പിതാവിനെ ആദരിക്കുന്നതുപോലെത്തന്നെ എല്ലാവരും പുത്രനേയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെ ആദരിക്കുന്നില്ല. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എൻെറ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന്നു നിത്യജീവനുണ്ട്. അവന് ശിക്ഷാവിധി ഉണ്ടാകുന്നില്ല.(44)

സുവിശേഷങ്ങൾ പ്രകാരം ക്രിസ്തു കാണിച്ച അത്ഭുതങ്ങളെന്തെല്ലാമായിരുന്നു?

- ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ വെച്ച് ആറ് കത്ഭരണികൾ നിറയെ ഉണ്ടായിരുന്ന വെള്ളം മുഴുവൻ വീഞ്ഞാക്കി മാറ്റി.(45)

---

44. യോഹന്നാൻ 5:23,24 45. യോഹന്നാൻ 2:1-11

● ശതാധിപൻെറ ഭൃത്യൻെറ തളർവാതരോഗം സുഖപ്പെടുത്തി.(46)
● കുഷ്ഠരോഗിയെ സുഖപ്പെടുത്തി.(47)
● കൊടുങ്കാറ്റിനെ ശാന്തമാക്കി.(48)
● പിശാചുബാധിതരെ സുഖപ്പെടുത്തി.(49)
● തളർവാതരോഗിയെ സുഖപ്പെടുത്തി.(50)
● ഭരണാധിപൻെറ മകളായ രക്തസ്രാവക്കാരിയെ സുഖപ്പെടുത്തി.(51)
● അന്ധന്മാർക്ക് കാഴ്ച നൽകി.(52)
● പിശാചിനെ പുറത്താക്കിക്കൊണ്ട് ഊമയെ സുഖപ്പെടുത്തി.(53)
● അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തിലധികം പേരെ ഭക്ഷിപ്പി ച്ചു.(54)
● വെള്ളത്തിനുമുകളിലൂടെ നടന്നു.(55)
● മരിച്ച ലാസറിനെ ജീവനോടെ എഴുന്നേൽപ്പിച്ചു.(56)

മഹാനായ ഒരു ധർമ്മസംസ്ഥാപകൻെറ വ്യക്തിത്വത്തിന് നിരക്കാത്ത ചില അത്ഭുതങ്ങളെങ്കിലും ഇവയിലില്ലേ.....? നാം ചിന്തിക്കുക.

യോഹന്നാൻെറ സുവിശേഷം പറയുന്ന ക്രിസ്തുവിൻെറ ഒന്നാമത്തെ അത്ഭുതം നോക്കുക. ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവും അമ്മ മറിയവും ക്രിസ്തുവിൻെറ പ്രഥമശിഷ്യന്മാരും കൂടി പങ്കെടുത്തു. അവിടെ വിളമ്പിയിരുന്ന വീഞ്ഞു തീർന്നുപോയി. യഹൂദന്മാരുടെ ശുദ്ധീകരണത്തിനുവേണ്ടി വെള്ളം നിറക്കുന്ന ആറു കൽഭരണികൾ അവിടെയുണ്ടായിരുന്നു. അതിൽ വെള്ളം നിറക്കുവാൻ യേശു ഭൃത്യന്മാരോട് കൽപ്പിച്ചു. അങ്ങിനെ നിറച്ച വെള്ളം മുഴുവൻ ക്രിസ്തു വീഞ്ഞാക്കി മാററി. പ്രസ്തുത വീഞ്ഞ് പരിചാരകർ നടത്തിപ്പുകാരനെ ഏൽപ്പിച്ചു. അദ്ദേഹം വീഞ്ഞ് രുചിച്ചുനോക്കിയശേഷം മണവാളനോട് പറഞ്ഞു.'എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു. അതിഥികൾക്ക് ലഹരി പിടിച്ചു കഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ താങ്കൾ നല്ല വീഞ്ഞ് ഒടുവിലേക്ക് സൂക്ഷിച്ചുവെച്ചിരിക്കുന്നു'(57)

നന്നായി ലഹരി പിടിച്ചിരിക്കുന്ന മുന്തിയ വീഞ്ഞ് തന്നെയാണ് ക്രിസ്തു ഉണ്ടാക്കിയതെന്നർത്ഥം.

മദ്യം വിഷമാണെന്ന് നമുക്കെല്ലാം അറിയാം. മദ്യപാനം മനുഷ്യനെ മൃഗത്തേക്കാൾ അധഃപതിപ്പിക്കുന്നു. അത് വ്യക്തിയേയും കുടുംബത്തെയും രാഷ്ട്രത്തേയുമെല്ലാം നശിപ്പിക്കുന്നു. കലഹങ്ങളും പ്രശ്നങ്ങളും സംഘർഷങ്ങളും നിറഞ്ഞ കുടുംബം. ദുരിതങ്ങളും സംഘട്ടനങ്ങളും മുഖമുദ്രയാക്കിയ സമൂഹം. അധോഗമനം നടത്തുന്ന രാഷ്ട്രം. ഇവയാണ് മദ്യപാനത്തിൻെറ അനന്തരഫലമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.? 'സുഭാഷിതങ്ങ'ളിലൂടെ സോളമൻ പറഞ്ഞതെത്ര ശരി!

46. മത്തായി 8:5-13, ലൂക്കോസ് 7:1-10, യോഹന്നാൻ 4:46-56
47. മത്തായി 8:1-4, ലൂക്കോസ് 5:12-16, മാർക്കോസ് 5:12-16
48. മത്തായി 8: 23-27, മാർക്കോസ് 4:35-41, ലൂക്കോസ് 3:22-25
49. മത്തായി 8:28-34, മാർക്കോസ് 5:1-20, ലൂക്കോസ് 8:26-39

'ദുരിതവും ദു:ഖവും കലഹവും
ആവലാതിയും ആർക്കാണ്!
ആർക്കാണ് അകാരണമായ മുറിവുകാം?
ആരുടെ കണ്ണാണ് ചുവന്ന കലങ്ങിയത്?
വീണ്ടും കുടിച്ചു സമയം പോക്കുന്നവർക്കും.
വീഞ്ഞ് കലർത്തി രുചി
പരീക്ഷിക്കുന്നവർക്കും തന്നെ
ചഷകങ്ങളിൽ വീഞ്ഞു ചെമന്നു തിളങ്ങി
കവിഞ്ഞൊഴുകുന്നത്
നോക്കിയിരിക്കരുത്.
അവസാനം അത് പാമ്പിനെപ്പോലെ
കൊത്തുകയും ചെയ്യും (58)
'എന്തെന്നാൽ മദ്യപനും ഭോജനപ്രിയനും
ദാരിദ്ര്യത്തിലകപ്പെടും.
മത്തുപിടിച്ച് മയങ്ങുന്നവന്
കീറത്തുണിയുടുക്കേണ്ടിവരും'(59)

ദുരിതത്തിലേക്കും ദാരിദ്ര്യത്തിലേക്കും കലഹത്തിലേക്കും കലാപങ്ങളിലേക്കും മനുഷ്യനെ നയിക്കുന്ന ചെമന്ന ദ്രാവകം കുടിക്കുന്നവർ സ്വർഗ്ഗരാജ്യം അവകാശപ്പെടുകയില്ലെന്ന വസ്തുത പുതിയ നിയമവും അംഗീകരിക്കുന്നുണ്ട്. 'അസന്മാർഗ്ഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗ്ഗഭോഗികളും കള്ളന്മാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല'(60)

നരകാഗ്നിയിൽ നിന്ന് ഇസ്രാഈൽ മക്കളെ അകറ്റിക്കൊണ്ട് അവരെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാക്കി മാറ്റുവാൻ വേണ്ടി വന്ന മഹാനായ മനുഷ്യനാണ് യേശുക്രിസ്തു. ആ ക്രിസ്തു സ്വർഗ്ഗരാജ്യത്തിൽ നിന്നു മനുഷ്യരെ അകറ്റുന്നമദ്യപാനത്തിനു കൂട്ടുനിന്നുവെന്ന് വിശ്വസിക്കാൻ കഴിയുമോ?

യോഹന്നാൻ പറഞ്ഞ കാനായിലെ അത്ഭുതം ശരിയാണെങ്കിൽ അങ്ങനെ വിശ്വസിക്കേണ്ടതായിവരും. സ്നേഹത്തിന്റെ മഹാനായ ആ പ്രവാചകൻ ശത്രുതയുടെ പ്രേരകവസ്തുക്കളിൽ പ്രധാനപ്പെട്ട മദ്യം നിർമ്മിച്ചുകൊണ്ട് തന്റെപ്രവാചകത്വം ജനമദ്ധ്യത്തിൽ തെളിയിച്ചുവെന്നോ? അത് അസാധ്യം. ക്രിസ്തു പ്രസ്തുത അത്ഭുതം ചെയ്തിരിക്കുവാനുള്ള സാധ്യതയില്ല തന്നെ. നാല് സുവിശേഷ കർത്താക്കളിൽ യോഹന്നാൻ മാത്രമാണ് പച്ചവെള്ളം വീഞ്ഞാക്കി മാറ്റി ജനങ്ങളെ മത്തുപിടിപ്പിച്ച 'ദൈവപുത്രനെ'ക്കുറിച്ച് പറയുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. മറ്റ്മൂന്ന്

50. മത്തായി 9:1-8, മാർക്കോസ് 1:1-12, ലൂക്കോസ് 5: 17-26
51. മത്തായി 9:18-22, മാർക്കോസ് 2:13-17, ലൂക്കോസ് 5:17-26 52. മത്തായി 9:27-31
53. മത്തായി 9:32-34, ലൂക്കോസ് 11:14,15
54. മത്തായി 14:13-21, മാർക്കോസ് 6: 30-34, ലൂക്കോസ് 9:10-17, യോഹന്നാൻ 6: 1-14

സുവിശേഷകർത്താക്കളും ഇത്തരമൊരു അത്ഭുതം അറിഞ്ഞിട്ടേയില്ല. യോഹന്നാന്റെ സുവിശേഷം രചിച്ചത് ആരാണെന്നുള്ളതിനേയും അതിൽ വിവരിച്ച സംഭവങ്ങൾ യഥാർത്ഥസംഭവങ്ങളാണോ അല്ലയോ എന്നതിനേയും കുറിച്ച വിവാദങ്ങൾ ഇന്നും ക്രിസ്തുമതപണ്ഡിതന്മാരക്കിടയിൽ നിലനിൽക്കുന്നു.(61)

അതുകൊണ്ട് തന്നെ യോഹന്നാൻ സുവിശേഷത്തിലെ അത്ഭുതത്തിന്റെ പേരിൽ മാത്രം മദ്യപാനത്തിന് അനുമതി നൽകിയതായി ക്രിസ്തുവിനെ പ്രതിക്കൂട്ടിൽ നിർത്തുന്നത് ശരിയല്ല. സത്യത്തിന്റേയും ധർമ്മത്തിന്റേയും പ്രവാചകനായ ക്രിസ്തു അത് ചെയ്തിരിക്കാനുള്ള സാധ്യതയില്ല. അത് യോഹന്നാൻ സുവിശേഷമെഴുതിയ വ്യക്തിയുടെ നിർമ്മിതിയായിരിക്കണം. എത്രയെത്ര നിർമ്മിത വചനങ്ങളും സംഭവിച്ചിട്ടില്ലാത്ത ചരിത്രവും ബൈബിൾ ഉൾകൊള്ളുന്നു. അതിലൊന്ന് മാത്രമാണ് കാനായിലെ വിരുന്നും വീഞ്ഞുനിർമ്മിച്ച കഥയും.

ക്രിസ്തു ചെയ്തതായി ബൈബിൾ വിവരിക്കുന്ന മറ്റൊരത്ഭുതം നോക്കുക. ''യേശു ഗദറായരുടെ ദേശത്തെത്തിയപ്പോൾ ശവക്കല്ലറകളിൽ നിന്ന് ഇറങ്ങിവന്ന രണ്ടു പിശാചുബാധിതർ അവനെ കണ്ടുമുട്ടി. ആർക്കും ആവഴി സഞ്ചരിക്കാനാകാത്ത വിധം അവർ അപകടകാരികളായിരുന്നു. അവൻ, അട്ടഹസിച്ചു പറഞ്ഞു. ദൈവപുത്രാ,നീ എന്തിന്നു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിന്നു മുമ്പ് ഞങ്ങളെ പീഢിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുകയാണോ? അവരിൽ നിന്ന് അൽപ്പം അകലെ ഒരു പന്നിക്കൂട്ടം മേയുന്നുണ്ടായിരുന്നു. പിശാചുക്കൾ അവനോട് അപേക്ഷിച്ചു. നീ ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ ആ പന്നിക്കൂട്ടത്തിലേക്കയക്കേണമേ! അവൻ പറഞ്ഞു. പൊയിക്കൊള്ളുവിൻ. അവ പുറത്തു വന്നു. പന്നികളിൽ പ്രവേശിച്ചു. പന്നിക്കൂട്ടം മുഴുവൻ കിഴക്കാം തൂക്കായ നിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു.(62)

ഈ സംഭവം അല്പംകൂടി വിശദമായി ലൂക്കോസും(63) മാർക്കോസും(64) വിവരിക്കുന്നുണ്ട്. ഇതുപോലെത്തന്നെ പിശാചിനെ പുറത്താക്കിക്കൊണ്ട് ഊമനെ സുഖപ്പെടുത്തിയതായും (65) വായിൽ നിന്നു നുരയും പതയും വരികയും പല്ലു കടിക്കുകയും ചെയ്ത ഒരു അപസ്മാര രോഗിയെ അവനെ ബാധിച്ച അശുദ്ധാത്മാവിനെ പുറത്താക്കിക്കൊണ്ട് സുഖപ്പെടുത്തിയതായും(66) ബൈബിൾ വിശദീകരിക്കുന്നുണ്ട്.

പ്രേതബാധ, ഭൂതബാധ, പിശാചുബാധ തുടങ്ങിയ പേരുകളിൽ വ്യവഹരിക്കപ്പെടുന്ന രോഗങ്ങളധികവും അപസ്മാരമോ ഹിസ്റ്റീരിയയോ അല്ലെങ്കിൽ മറ്റു മാനസിക രോഗങ്ങളോ ആണെന്നു നമുക്കറിയാം. ഈ ഗണത്തിൽ പെടുന്ന മിക്കവാറും രോഗങ്ങളെ വിദഗ്ദനായ ഒരു മനഃശാസ്ത്ര വിശാരദന് സുഖപ്പെടുത്താൻ കഴിയും. മനുഷ്യരുടെ ശരീരത്തിലോ മറ്റോ കയറിക്കൂടി അവർക്കു രോഗമുണ്ടാക്കുവാനുള്ള കഴിവൊന്നും ദൈവം പിശാചിന് നൽകിയതായി വേദപു

55. മത്തായി 14:22-33, മാർക്കോസ് 6:44-52, യോഹന്നാൻ 6:15-21 56. യോഹന്നാൻ 11:38-44
57. യോഹന്നാൻ 2:10 58. സുഭാഷിതങ്ങൾ 23:29-32 59. സുഭാഷിതങ്ങൾ 23:21 60. 1 കൊറിന്തോസ് 6:10
61. റവ: എ.സി ക്ലേയിറ്റൻ, വേദപുസ്തകനിഘണ്ടു പേ. 430 62. മത്തായി 8:28-32 63. ലൂക്കോസ് 8:26-39
64. മാർക്കോസ് 5:1-20 65. മത്തായി 9:32-34 66. മാർക്കോസ് 9:14-29

സ്തകങ്ങളൊന്നും പഠിപ്പിക്കുന്നില്ല. പിശാചിൻെറ പ്രവർത്തനം ദുർബോധനത്തിലും മനുഷ്യരെ വഴിപിഴപ്പിക്കുന്നതിലും പരിമിതമാണ്.

ഭൂതപ്രേത പിശാചുക്കളുടെ പേരിൽ മനുഷ്യരെ ചൂഷണം ചെയ്തുകൊണ്ട് ജീവിച്ച പൗരോഹിത്യത്തിൻെറ സൃഷ്ടിയാണ് അവയെക്കുറിച്ച നിറംപിടിപ്പിച്ച കഥകളിലധികവും. അവയിൽ സത്യം കുറവായിരിക്കും. പിശാചു ബാധയെക്കുറിച്ച് ചെറുപ്പം മുതൽ കേട്ടുകൊണ്ടിരിക്കുന്ന കഥകൾ മനുഷ്യരുടെ അബോധമനസ്സിലുണ്ടാക്കുന്ന ചിത്രപ്പണികളാണ് മാനസിക സംഘർഷത്തിൻെറ ഘട്ടങ്ങളിൽ പിശാചുബാധയായി മാറുന്നതെന്നാണ് മന:ശാസ്ത്രമതം. പിശാചുക്കളുടെ അസ്തിത്വം നിഷേധിക്കുന്ന ക്രൈസ്തവപണ്ഡിതന്മാരുപോലുമുണ്ട്. ഇടമറുകിന് മറുപടി പറയുന്നതിന്നിടയിൽ പാതിരിയായ ഫാദർ:ലൂക്ക് OFM Cap ഇക്കാര്യം തുറന്നു സമ്മതിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു. 'പിശാചുക്കൾ ഇല്ലെന്നു വാദിക്കുന്ന ക്രൈസ്തവ പണ്ഡിതന്മാരുമുണ്ട്. ഏതായാലും നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാനം പിശാചിൻെറ ആസ്തിക്യമല്ല.'(67)

പിശാചുക്കളെ പുറത്താക്കിക്കൊണ്ട് ക്രിസ്തു അസുഖങ്ങൾ മാററിയെന്ന വിശ്വാസം ഭൂതപ്രേതാതികളെക്കുറിച്ച പ്രാകൃത വിശ്വാസത്തിൽനിന്നുടലെടുത്തതാണ്. മഹാനായ ആ പ്രവാചകൻ അപസ്മാരരോഗവും ഹിസ്റ്റീരിയയും സുഖപ്പെടുത്തിയിരിക്കാം. അത് സുവിശേഷ കർത്താക്കൾ വിശദീകരിച്ചപ്പോൾ ഭൂതപ്രേതാദികളെക്കുറിച്ച പ്രാകൃത വിശ്വാസവുമായി കൂട്ടിക്കുഴക്കപ്പെട്ട് വികൃതമാക്കിയതാവാം. ഏതായാലും ഒരു കാര്യം ഉറപ്പാണ്. 'പിശാചേ പുറത്തുപോ' എന്ന് കൽപ്പിച്ചുകൊണ്ട് രോഗം മാറ്റിക്കൊടുത്ത്, ജനങ്ങളിലെ അന്ധവിശ്വാസത്തെ അരക്കിട്ടുറപ്പിക്കാൻ വേണ്ടി ഏതായിരുന്നാലും ആ മനുഷ്യസ്നേഹി തയ്യാറായിരുന്നിട്ടുണ്ടാവില്ല. ഇവിടെയും സുവിശേഷ കർത്താക്കൾ ക്രിസ്തു ചരിത്രത്തെ വികൃതമാക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ബൈബിളിൽ പ്രതിപാദിക്കുന്ന പല അത്ഭുതങ്ങളും ക്രിസ്തു ചെയ്തതായി ഖുർആൻ പഠിപ്പിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേതാണ് തൊട്ടിലിൽവെച്ചുള്ള അദ്ദേഹത്തിൻെറ സംസാരം. സ്വമാതാവിൻെറ മുന്നിൽ വെച്ച് തൊട്ടിലിൽ കിടക്കുന്ന ശിശു പ്രഖ്യാപിച്ചു. 'ഞാൻ ദൈവദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെയവൻ പ്രവാചകനാക്കുകുയും ചെയ്തിരിക്കുന്നു.'(68) ഈ അത്ഭുതം ബൈബിളിലൊരിടത്തും പറഞ്ഞിട്ടില്ല.

യേശു പറഞ്ഞതായി ഖുർആൻ പഠിപ്പിക്കുന്നു. 'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കുവേണ്ടി ഞാൻ ഉണ്ടാക്കുകയും എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിൻെറ അനുവാദപ്രകാരം അതൊരു പക്ഷിയായിത്തീരുകയും ചെയ്യും. അല്ലാഹുവിൻെറ അനുവാദപ്രകാരം ജന്മനാ കാഴ്ചയില്ലാത്തവനേയും പാണ്ഡുരോഗിയേയും ഞാൻ സുഖപ്പെടുത്തുകയും

67. ലുക്ക് OFM Cap: ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല' പേ.87  68. ഖുർആൻ 19:30

മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ ഭക്ഷിക്കുന്നതിനെക്കുറിച്ചും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചുതരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ'(69)

ഈ സൂക്തത്തിൽ പറയുന്ന 'കളിമൺ പക്ഷിക്കു ജീവൻ നല്കുക' 'രഹസ്യങ്ങൾ പറഞ്ഞുകൊടുക്കുക' തുടങ്ങിയ അത്ഭുതങ്ങൾ ക്രിസ്തുചെയ്തതായി ബൈബിൾ പ്രതിപാദിക്കുന്നില്ല. സുവിശേഷങ്ങൾ വിവരിക്കുന്നതിലുപരി മഹത്തായ അത്ഭുതങ്ങൾ ചെയ്ത വ്യക്തിയ.ായി ക്രിസ്തുവിനെ അംഗീകരിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. പക്ഷെ, കാനായിലെ കല്ല്യാണവിരുന്നിൽ വെച്ച് അദ്ദേഹം പച്ചവെള്ളം വീഞ്ഞാക്കിയതായി ഖുർആനിൽ ഒരിടത്തും പറയുന്നില്ല. ക്രിസ്തു പിശാചുക്കളെ പുറത്താക്കിയ കഥയും ഖുർആൻ പ്രതിപാദിക്കുന്നില്ല. ക്രിസ്തുവിൻെറ ധർമ്മസംസ്ഥാപനകനെന്ന വ്യക്തിത്വത്തെ കളങ്കപ്പെടുത്തുന്ന യാതൊരു അത്ഭുതവും അതുൾക്കൊള്ളുന്നില്ല. വിശുദ്ധ ഖുർആനിൻെറ അമാനുഷികത ഇവിടെ നമുക്ക് ഒരിക്കൽ കൂടി വ്യക്തമാകുന്നു.

ക്രിസ്തു കാണിച്ച അത്ഭുതങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം ദൈവമാണെന്നും-ത്രിയേകത്വദൈവത്തിലെ ഒരു ആളത്വം-വാദിക്കപ്പെടാറുണ്ട്. അദ്ദേഹം അത്തരമൊരു അവകാശവാദം ഉന്നയിച്ചതായി സുവിശേഷങ്ങളോ മറ്റു ലേഖനങ്ങളോ ഒന്നും വ്യക്തമാക്കുന്നില്ല. വിനയത്തിൻെറ പര്യായമായ മിശിഹ ഇങ്ങിനെയാണ് പറഞ്ഞത്. 'സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല.'(70)

പിതാവ് മാത്രമാണ് സർവ്വശക്തനെന്നും 'പുത്ര'നായ ക്രിസ്തു അദ്ദേഹത്തിൻെറ സ്വന്തം കഴിവുകൊണ്ടല്ല, പ്രത്യുത സർവ്വശക്തനായ ദൈവത്തിൻെറ അനുഗ്രഹം കൊണ്ട് മാത്രമാണ് അത്ഭുതങ്ങൾ കാണിച്ചതെന്നുമുള്ള സത്യമാണ് ഈ വചനത്തിലൂടെ പ്രകടമാക്കുന്നത്. ക്രിസ്തുവിനെ അയച്ച ദൈവത്തിൽ വിശ്വസിക്കുകയും ക്രിസ്തുതിൻെറ വചനങ്ങൾ പ്രകാരം ജീവിക്കുകയും ചെയ്യാൻ ജനങ്ങളെ ഉപദേശിക്കുന്ന ക്രിസ്തുവിന് താൻ ദൈവത്താൽ നിയോഗിതനായ പ്രവാചകനാണെന്ന് വ്യക്തമാക്കുന്നതിവനുവേണ്ടി നൽകപ്പെട്ടവയായിരുന്നു ഈ അമാനുഷിത ദൃഷ്ടാന്തങ്ങൾ.(71)

ദൈവത്തിനു മാത്രം സാധിക്കുന്ന കാര്യങ്ങളിൽ പലതും ക്രിസ്തു ചെയ്തിട്ടുണ്ട്. മരിച്ചവരെ പുനരുജ്ജീവിപ്പിച്ചത് ഒരുദാഹരണം. ഇവ അദ്ദേഹത്തിൻെറ ദിവ്യത്വത്തെയാണ് സൂചിപ്പിക്കുന്നതെന്ന് പലപ്പോഴും വാദിക്കപ്പെടാറുണ്ട്. ഈ വാദത്തിൽ യാതൊരു കഴമ്പുമില്ല. പ്രവാചകന്മാർക്ക് ദൈവം നൽകുന്ന ദൃഷ്ടാന്തങ്ങളെല്ലാം തന്നെ മനുഷ്യകഴിവിന്നതീതമായവയായിരിക്കും. ഒരു മനുഷ്യനും വടിയെ പാമ്പാക്കി മാറ്റുവാൻ കഴിയില്ല. മായാജാലക്കാരൻ വടി പാമ്പാണെന്ന് തോന്നിപ്പിക്കുക

69. ഖുർആൻ 3:49 70. യോഹന്നാൻ 5:19 71. യോഹന്നാൻ 5:23

മാത്രമാണ് ചെയ്യുന്നത്. മോശെ പ്രവാചകനാകട്ടെ തൻെറ വടിയെ യഥാർത്ഥത്തി ലുള്ള ഒരു പാമ്പാക്കി മാറ്റുകയാണ് ചെയ്തത്. ഇതുപോലുള്ള അമാനുഷിക പ്രവർത്ത നങ്ങൾ മാത്രമാണ് ക്രിസ്തുവും ചെയ്തത്.

ബൈബിൾ പഴയ നിയമം പരിശോധിച്ചാൽ ക്രിസ്തുവിനു തുല്യവും അതി നേക്കാളധികവും അത്ഭുതങ്ങൾ കാണിച്ച പ്രവാചകന്മാരെക്കുറിച്ച് വിവരണങ്ങൾ വായിക്കാനാവും. ഏലീശാ ദീർഘദർശി ശൂനേംകാരിയുടെ മരിച്ച കുട്ടിയെ ജീവിപ്പി ച്ചതായും (72) ഇരുപത് അപ്പം കൊണ്ട് നൂറുപേരെ തീറ്റിയതായും(73) സിറിയാ രാജാ വിൻെറ സേനാപതി നാമാൻെറ കുഷ്ഠരോഗം സുഖപ്പെടുത്തിയതായും(74) ആളു കൾക്ക് അന്ധതയുണ്ടാക്കുകയും ആ അന്ധത പിന്നീട് സുഖപ്പെടുത്തിയതായും(75) രണ്ടാം രാജാക്കന്മാരിൽ കാണാൻ കഴിയും. ദീർഘദർശിയായ ഏലിയാവ് ഗൃഹനായി കയുടെ കുഞ്ഞിനു ജീവൻ കൊടുത്തതായും ഒന്നാം രാജാക്കൻമാരിലുമുണ്ട്.(76) യെഹസ്കേൽ എന്ന പ്രവാചകൻ ശ്മശാനത്തിലെ അസ്ഥികളെ മാംസം കൊണ്ട് പൊതിയിപ്പിക്കുകയും ജീവനിടീക്കുകയും ചെയ്തതായി യെഫസ്കേൽ എന്ന പുസ്തകത്തിലുണ്ട്.(77)

മരിച്ചവരെ പുനരുജ്ജീവിപ്പിച്ചുവെന്ന കാരണത്താൽ ക്രിസ്തുവിനെ ദൈവമായി ഉയർത്തുകയാണെങ്കിൽ ഏലീശായും ഏലിയാവും യെഹസ്കേലുമെല്ലാം ദൈവമായി മാറും. ത്രിയേക വിശ്വാസത്തിൽ നിന്നും ക്രൈസ്തവർ ബഹുദൈവ വിശ്വാസത്തിലേക്ക് പരിണമിക്കേണ്ടിവരും. എന്നാൽ ക്രിസ്തു പറഞ്ഞത് ഇതുമാ ത്രമായിരുന്നു 'നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള ദൃഷ്ടാന്തവും ഞാൻ നിങ്ങൾക്ക് കൊണ്ടു വന്നിരിക്കുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവീൻ. (78)

72. II രാജാക്കന്മാർ 4:32-37 73. II രാജാക്കന്മാർ 4:42-44
74. രാജാക്കന്മാർ 5:1-14 75. II രാജാക്കന്മാർ 6:18-21
76. I രാജാക്കന്മാർ 17:17-22 77. യേഹസ്ക്കേൽ 37: 6-10
78. ഖുർആൻ 3:50

# 5. യേശു ആരായിരുന്നു?

ക്രിസ്തു ആരായിരുന്നു? വ്യഭിചാര പുത്രനോ മനുഷ്യ പുത്രനോ ദൈവപുത്രനോ ത്രിയേക ദൈവത്തിലെ ഒരു ആളത്വമോ പ്രവാചകനോ ആരാണ് യേശുക്രിസ്തു?

ക്രിസ്തു വ്യഭിചാര പുത്രനാണെന്നാണ് യഹൂദന്മാരുടെ വാദം.

യേശു ത്രിയേക ദൈവത്തിലെ ഒരു ആളത്വമായ ദൈവപുത്രനാണെന്നാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്.

ഈസാ മസീഹ് ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നത്.

ക്രിസ്തു സ്വയം താനാരാണെന്നാണ് അവകാശപ്പെട്ടത്? ഇതാണ് ആദ്യമായി പരിശോധിക്കപ്പെടേണ്ടത്.

അദ്ദേഹം ത്രിയേക ദൈവത്തിലെ ഒരു ആളത്വമാണ് താനെന്ന് വാദിച്ചതായി പുതിയ നിയമ പുസ്തകത്തിലെവിടെയുമില്ല. ത്രിയേകദൈവ സങ്കൽപ്പം ക്രിസ്തു പഠിപ്പിച്ച ആശയമല്ല, പ്രത്യുത; സഭ പിന്നീട് നിർമ്മിച്ച ആശയമത്രെ. ത്രിത്വത്തെ വെളിപ്പെടുത്തുന്ന ഒരു വചനം പോലും ബൈബിളിലൊരിടത്തുമില്ലെന്നാണ് വാസ്തവം.

ചിലപ്പോൾ സുവിശേഷകന്മാർ മത്തായിയുടെ സുവിശേഷത്തിലെ താഴെ പറയുന്ന വചനം ത്രിത്വത്തിന് തെളിവായുദ്ധരിക്കാറുണ്ട്. 'ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവീൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവീൻ' (1)

ഈ വചനം ത്രിത്വത്തിനുള്ള തെളിവല്ല, ത്രിത്വത്തെ വിമർശിക്കുവാനുതകുന്ന സൂക്തമത്രെ. ഈ വചനപ്രകാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് അസ്തിത്വങ്ങൾ ഉണ്ടെന്നു മാത്രമാണ് തെളിയുന്നത്. അവർ മൂന്നു പേരും ഒന്നാണെന്ന് മനസ്സിലാകുന്നില്ല.അവർ മൂന്നും ഏകദൈവത്തിൻെറ ആളത്വ

1. മത്തായി 26:19,20

ങ്ങളാണെങ്കിൽ പ്രസ്തുത വസ്തുത ഈ സൂക്തത്തിലൂടെ വ്യക്തമായും ക്രിസ്തു പ്രഖ്യാപിക്കുമായിരുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് വ്യക്തിത്വങ്ങളെയും കുറിച്ച് പഠിപ്പിച്ച ക്രിസ്തു ഏന്തേ' ഇവ മൂന്നും ഏകദൈവത്തിന്റെ ആളത്വങ്ങളാണ്' എന്നു പറഞ്ഞില്ല? ഇവ മൂന്നും ഒന്നായിരുന്നുവെങ്കിൽ ആ സത്യം ക്രിസ്തു ജനങ്ങളിൽ നിന്നും മറച്ചുവെച്ചുവെന്നോ? ഇല്ല, ഒരിക്കലും അതുണ്ടായിട്ടില്ല. സത്യത്തിന്റെ പ്രവാചകനായി വന്ന മിശിഹ ജനങ്ങളിൽ നിന്നും അദ്ദേഹത്തിനറിയാമായിരുന്ന, രക്ഷക്കുതകുന്ന ഒരു കാര്യവും മറച്ചുവെച്ചിട്ടില്ല. സത്യവും വഴിയും കാണിച്ചുതന്ന അദ്ദേഹം നിത്യജീവൻ നേടാനാവശ്യമായ ഒരു വിശ്വാസവും ജനങ്ങളോട് പറയാതിരുന്നിട്ടില്ല. എന്നാൽ ത്രിത്വത്തെക്കുറിച്ച് ഒരിക്കൽപോലും യാതൊരു സൂചനയുമദ്ദേഹം നൽകിയിട്ടില്ല. അതിൽ നിന്നു തന്നെ ത്രിത്വസങ്കൽപ്പം നിത്യജീവൻ നേടാനാവശ്യമായ വിശ്വാസ പ്രമാണങ്ങളിൽ പെടുന്നില്ലെന്ന വസ്തുത സുതരാം വ്യക്തമാകുന്നു.

'ഞാനും പിതാവും ഒന്നുതന്നെ'യെന്ന്(2) ക്രിസ്തു പറഞ്ഞിട്ടില്ലേയെന്നും അതിൽ നിന്നും അദ്ദേഹവും പിതാവും ഏകദൈവത്തിന്റെ അംശങ്ങളാണെന്ന് മനസ്സിലാക്കിക്കൂടെയെന്നും സുവിശേഷകരിൽ ചിലർ ചോദിക്കാറുണ്ട്. നമുക്ക് ഈ വചനം പൂർണ്ണമായി പരിശോധിക്കുക. 'എന്റെ ആടുകാ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്കു അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചടക്കുകയില്ല. അവയെ എനിക്കു നൽകിയ പിതാവ് എല്ലാവരേയുംകാാ വലിയവനാണ്. പിതാവിന്റെ കൈയിൽ നിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും കഴിയുകയില്ല. ഞാനും പിതാവും ഒന്നാണ്'.

ഈ വചനത്തിലെവിടെയും ദൈവിക സത്തയുടെ ത്രിഭാവങ്ങളിൽ പെട്ടതാണ് യേശുവും പിതാവുമെന്ന വാദത്തിന് ഉപോൽബലകമായ ഒരു സൂചനപോലുമില്ല. പിന്നെ ഇവിടെ ഞാനും ദൈവവും ഒന്നാണ് എന്ന് പറഞ്ഞതെന്തിനാണ്?

യോഹന്നാൻ സുവിശേഷത്തിലെ മറ്റൊരു വചനം ശ്രദ്ധിക്കുക. 'അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്നു എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിന്നും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന്ന് അങ്ങ് എനിക്കുതന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണ്ണമായും ഒന്നാകേണ്ടതിന്ന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു'(4)

ഈ വചനത്തിൽ ദൈവവും ക്രിസ്തുവും മാത്രമല്ല അദ്ദേഹത്തിന്റെ അനുയായികളും കൂടി ഒന്നാണെന്ന് പറഞ്ഞിരിക്കുന്നു. മുകളിൽ പറഞ്ഞ 'ഞാനും പിതാവും ഒന്നുതന്നെ'യെന്ന ക്രിസ്തുവചനപ്രകാരം ക്രിസ്തു ദൈവിക വ്യക്തിത്വങ്ങളിലൊന്നാണെന്ന് വാദിക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞ വചനപ്രകാരം ക്രി

2. യോഹന്നാൻ 10:30 3. യോഹന്നാൻ 10:27-30 4. യോഹന്നാൻ 17:21-23

സ്തുശിഷ്യന്മാർക്കുകൂടി ദൈവത്തിൻെറ സത്തയിൽ സ്ഥിതിചെയ്യുന്നവരാണെന്ന് പറയേണ്ടിവരും. അപ്പോൾ സത്തയിലുള്ള ഏകത്വമല്ല ഈ വചനങ്ങളൊന്നും വ്യക്തമാക്കുന്നത്, പ്രസ്തുത ആശയത്തിൻമേലുള്ള ഐക്യരൂപമത്രെ. ഇവിടെ 'ഒന്ന്' എന്ന് തർജ്ജമ നൽകിയിരിക്കുന്നത് ഗ്രീക്കിലെ 'ഹെൻ'(HEN) എന്ന പദത്തിനാണ്. പ്രസ്തുത പദം സത്തയിലെ ഏകത്വത്തെയല്ല, സഹകരണത്തിലെ (CO-OPERATION) ഏകത്വത്തെയാണ് കുറിക്കുന്നത്.

'ഞങ്ങൾ രണ്ടുപേരും ഒറ്റക്കെട്ടാണ്' എന്ന് മലയാളത്തിൽ പ്രയോഗിക്കാറുള്ളതുപോലുള്ള ഒരു പ്രയോഗം മാത്രമാണ്. 'ഞാനും ദൈവവും ഒന്നാണ്' എന്ന ക്രിസ്തുവിൻെറ വചനം ഉൾക്കൊള്ളുന്നത്. ദൈവത്തിൻെറ വചനങ്ങൾ പ്രബോധനം ചെയ്യുന്ന ക്രിസ്തുവും പിതാവും ഒന്നുതന്നെ. അവ സ്വീകരിച്ച് നിത്യജീവൻ നേടിയെടുക്കുന്നതിലൂടെ ക്രിസ്തു ശിഷ്യന്മാരും ആ കൂട്ടായ്മയിലെ അംഗങ്ങളാവുന്നു. പിതാവും പ്രവാചകനും അപ്പോസ്തലന്മാരും ചേർന്ന കൂട്ടായ്മയാണത്.

'എന്നെക്കണ്ടവർ പിതാവിനെ കണ്ടിരിക്കുന്നു'(5)വെന്നു യേശു പറഞ്ഞതിൽ നിന്നും അദ്ദേഹം ദൈവമാണെന്ന് മനസ്സിലാക്കാമെന്നും സുവിശേഷ പ്രചാരകരിൽ ചിലർ വാദിക്കുന്നു. ദൈവത്തെ മനുഷ്യന് കാണാൻ കഴിയുമോ? ഇല്ലെന്നാണ് വസ്തുത. ഈ വസ്തുതയിലേക്ക് പുതിയ നിയമവും പഴയനിയമവും വെളിച്ചം വീശുന്നുണ്ട്. യഹോവ മോശയോട് പറഞ്ഞതായി പുറപ്പാടു പുസ്തകം രേഖപ്പെടുത്തുന്നത് കാണുക. 'എന്നാൽ നിനക്ക് എൻെറ മുഖം കാണാനാവില്ല. എന്നെക്കാണുന്ന മനുഷ്യൻ ജീവനോടെ ഇരിക്കയില്ല'(6) ക്രിസ്തു ദൈവമാണെങ്കിൽ, അദ്ദേഹത്തെ ജനങ്ങൾക്ക് കാണാൻ കഴിയുമായിരുന്നില്ല. ക്രിസ്തുവാകട്ടെ ജനങ്ങൾ കണ്ടും ജനങ്ങളെ കണ്ടുമാണ് ജീവിച്ചത്.

'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'വെന്ന് പറഞ്ഞതിൻെറ വിവക്ഷയെന്താണ്! ഈ വചനം പൂർണ്ണമായി പരിശോധിക്കുക. 'ഫിലിപ്പോസ്, അച്ചനോട്, കർത്താവെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നാൽ ഞങ്ങൾക്കതുമതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത്. 'ഞാൻ ഈ കാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസെ! എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നത് എങ്ങനെ?'(7) ദൈവത്തെ ആർക്കും ഒരു നാളും കാണുവാൻ കഴിയില്ലെന്നും യേശുവിലൂടെ ദൈവത്തെ അറിയുകയാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്.

യോഹന്നാൻ തന്നെ പറയുന്നതു നോക്കുക. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിൻെറമടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു'.(8) ഈ വചനം പ്രത്യേകം ശ്രദ്ധിക്കുക. 'ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല'യെന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഇത് ക്രിസ്തുവിനു ശേഷം നടന്ന രചനയാണെന്നതിൽ രണ്ടഭിപ്രായമില്ല. ക്രിസ്തുവിനെ ജനങ്ങൾ

5. യോഹന്നാൻ 14:9 6. പുറപ്പാട് 33:20 7. യോഹന്നാൻ 14:8,9 8. യോഹന്നാൻ 1:18

കണ്ടിരിക്കുന്നുവെന്ന് അറിയാവുന്ന യോഹന്നാനാണ് ഇത് പറയുന്നത്. യേശുക്രിസ്തു ദൈവമാണെന്ന് യോഹന്നാൻ വിശ്വസിച്ചിരുന്നില്ലെന്നർത്ഥം. 'ദൈവത്തെ' യെന്ന പദപ്രയോഗത്തിൽ ക്രിസ്തു ഉൾപ്പെടുന്നില്ല, തീർച്ച. യോഹന്നാൻ ത്രിയേക ദൈവസങ്കൽപ്പത്തെക്കുറിച്ച് ഒന്നുമറിയാത്തയാളായിരുന്നുവെന്നു വ്യക്തം.

ദൈവിക സത്യങ്ങൾ വെളിപ്പെടുന്നത് യേശുവിലൂടെയാണ്. കാരണം അദ്ദേഹം ദൈവത്തിൻെറ പ്രവാചകനാണ്. അതുകൊണ്ട് തന്നെ, യേശുവിനെ അറിഞ്ഞവൻ ദൈവത്തെ അറിഞ്ഞിരിക്കുന്നു. 'പുത്രൻ അവനെ (ദൈവത്തെ) വെളിപ്പെടുത്തിയിരിക്കുന്നു(9)വെന്നർത്ഥം. ഇതാണ് 'എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'വെന്ന ക്രിസ്തു വചനത്തിൻെറ പൊരുൾ. 'നിങ്ങൾ കേൾക്കുന്ന വചനം എൻേറതല്ല, എന്നെ അയച്ച പിതാവിൻെറതത്രേ'(10) യെന്ന് ക്രിസ്തു പറയുമ്പോഴും ഈ ആശയം മാത്രമാണുൾക്കൊള്ളുന്നത്.

ക്രിസ്തു ദൈവപുത്രനെന്ന് സ്വയം വിശേഷിപ്പിക്കുകയും ശിഷ്യന്മാർ അതു വിളിക്കുന്നതിനെ നിരുത്സാഹപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ടെന്നതിനാൽ അദ്ദേഹത്തിൽ ദിവ്യത്വമുണ്ടെന്നാണ് സുവിശേഷകന്മാരുടെ മറെറാരു വാദം. ബൈബിൾ 'ദൈവപുത്രൻ ' എന്ന് സംബോധനം ചെയ്യുമ്പോൾ അതെന്ത് അർത്ഥമാക്കുന്നുവെന്ന് ആദ്യമായി പരിശോധിക്കണം. ദൈവത്താൽ പ്രത്യേകം നിയുക്തനായ മനുഷ്യനെന്നു മാത്രമാണ് ദൈവപുത്രനെന്ന പദത്തിൻെറ ബൈബിളീയമായ വിവക്ഷ. 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിൻെറ മക്കൾ ആകുന്നു'(11) വെന്നാണ് പൗലോസ് എഴുതുന്നത്.

'ദൈവപുത്രൻ' എന്ന വിശേഷണം ദൈവത്തിൻെറ പ്രത്യേകക്കാരെ ഉദ്ദേശിച്ചുകൊണ്ടു മാത്രമാണ് പുതിയ നിയമത്തിലും പഴയ നിയമത്തിലും പ്രയോഗിച്ചിരിക്കുന്നത്. ക്രിസ്തു തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 'ദൈവത്തിൻെറ വചനം ലഭിച്ചവരെ അവൻ ദേവന്മാർ എന്നുവിളിച്ചുവെങ്കിൽ, ഞാൻ ദേവപുത്രനാണ് എന്നു പറഞ്ഞ തുകൊണ്ട് പിതാവ് അഭിഷേകം ചെയ്തു ലോകത്തിലേക്ക് അയച്ച എന്നെപ്പററി 'നീ ദൈവദൂഷണം നടത്തേണ്ടുന്നുവെന്ന് നിങ്ങൾ പറയുന്നുവോ?'(12) ദൈവവചനം നൽകപ്പെട്ട ഇസ്രായീല്യരെ ദൈവം ദേവന്മാർ എന്നു സംബോധനം ചെയ്തതുപോലെയാണ് ലോകത്തിലേക്ക് മാർഗ്ഗദർശിയായി അയക്കപ്പെട്ട പ്രവാചകനായ ക്രിസ്തുവിനെ 'ദൈവപുത്രൻ' എന്നു വിളിക്കുന്നതെന്നർത്ഥം.

പഴയ നിയമം മുതൽക്കേ 'ദൈവപുത്രൻ' എന്ന സംബോധനാരീതി നിലനിന്നിരുന്നതായി കാണാൻ കഴിയും. യാക്കോബും സോളമനും എഫ്രയീമും ദാവിദുമെല്ലാം പഴയനിയമത്തിൻെറ ഭാഷയിൽ ദൈവപുത്രന്മാരാണ്.

'കർത്താവ് പറയുന്നു. ഇസ്രായിൽ എൻെറ പുത്രനാണ്. എൻെറ ആദ്യജാതൻ'(13)

'ഞാൻ അവന് (സോളമന്) പിതാവും അവൻ എനിക്ക് പുത്രനുമാ

9. യോഹന്നാൻ 1:18 10. യോഹന്നാൻ 14:24 11. റോമാ 8:14 12. യോഹന്നാൻ 10:35,35
13. പുറപ്പാട് 4:22

യിരിക്കും.'(14)

'ഞാൻ ഇസ്രായിലിനു പിതാവാണ്. എഫ്രയീം എന്റെ ആദ്യജാതനും.'(15)

'നീ (ദാവിദ്) എന്റെ പുത്രനാണ്; ഇന്ന് ഞാൻ നിനക്ക് ജന്മം നൽകി.'(16)

ദൈവപുത്രനെന്ന് സംബോധന ചെയ്യപ്പെട്ടത് കൊണ്ടുമാത്രം ക്രിസ്തു ത്രിയേകദൈവത്തിലെ ഒരു ആളത്വമാണെന്നു വാദിക്കുകയാണെങ്കിൽ പഴയ നിയമത്തിൽ ദൈവപുത്രനെന്ന് സംബോധന ചെയ്യപ്പെട്ട പൂർവ്വ പ്രവാചകന്മാരെല്ലാം ദൈവിക സത്തയിലെ ആളത്വങ്ങളാണെന്ന് സമ്മതിക്കേണ്ടിവരും. കഴിഞ്ഞില്ല, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മുഴുവൻ ദൈവപുത്രന്മാരാണെന്നാണ് പുതിയനിയമഭാഷ്യം. യോഹന്നാൻ എഴുതുന്നു. 'എന്നാൽ തന്റെ കൈകൊണ്ട് തന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാനുള്ള അവകാശം അവൻ കൊടുത്തു'(17) യേശു, ദൈവപുത്രനായതിനാൽ ത്രിയേക ദൈവത്തിലെ വ്യക്തിത്വമാണെങ്കിൽ, ദൈവപുത്രന്മാരാകാൻ അവകാശം നൽകപ്പെട്ട അപ്പോസ്തലന്മാരും പ്രസ്തുത സത്തയിലെ അംഗങ്ങളാവുമല്ലോ.

ദൈവപുത്രന്മാരെന്ന് അറിയപ്പെടുന്നവർ ആരാണെന്ന് മത്തായി വ്യക്തമാക്കുന്നുണ്ട്. 'സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും.'(18) സമാധാനമുണ്ടാക്കുന്നവരെല്ലാവരും ദൈവിക സത്തയിൽ ഉൾപ്പെടുന്നുവെന്ന് ആർക്കും വാദമില്ലല്ലോ.

ക്രിസ്തു, താൻ ദൈവമാണെന്നോ ത്രിയേക ദൈവത്തിലെ ഒരു വ്യക്തിയാണെന്നോ ജഢികാർത്ഥത്തിലുള്ള ദൈവപുത്രനാണെന്നോ വാദിച്ചിട്ടില്ലെന്ന് നാം മനസ്സിലാക്കി-പിതാവില്ലാതെ-ജനിച്ചതിനാലാണ് അദ്ദേഹം ദൈവപുത്രനാണെന്ന് പറയുന്നതെന്ന് വാദിക്കാറുണ്ട്. എങ്കിൽ, പിതാവും മാതാവുമില്ലാതെ ജനിച്ച ആദാമാണല്ലോ യേശുവിനേക്കാൾ യോഗ്യനായ ദൈവപുത്രൻ! ബൈബിൾ ആദാമിനെ ദൈവപുത്രനാണെന്ന്(19) പരിചയപ്പെടുത്തുന്നുണ്ട്. ആദാമിനെക്കൂടി ദൈവപുത്രനായി അംഗീകരിച്ചുകൊണ്ട് ദൈവത്തിന്റെ സത്തയിലെ വ്യക്തിയാക്കുവാൻ സഭക്കു കഴിയുമോ?

മഹാപുരോഹിതനായ മെൽക്കീസേദക്കിനെക്കുറിച്ച് ബൈബിൾ പരിചയപ്പെടുത്തുന്നത് ആദിയും അന്ത്യവുമില്ലാത്തവനായിട്ടാണ്. സലേമിന്റെ രാജാവും അത്യുന്നതനുമായ ദൈവത്തിന്റെ പുരോഹിതനുമായ മെൽക്കീസേദക്കിനെക്കുറിച്ച് പൗലോസ് എഴുതുന്നത് നോക്കുക. അവന്ന് പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന് അവസാനമോ ഇല്ല.'(20). പിതാവില്ലാതെ ജനിച്ചതുകൊണ്ട് ക്രിസ്തു 'ദൈവപുത്ര'നാണെന്ന് വാദിക്കുകയാണെങ്കിൽ പിതാവും മാതാവുമില്ലാത്ത ആദിയും അന്ത്യവുമില്ലാത്ത മെൽക്കീസേദക്ക് ക്രിസ്തുവിനെക്കാൾ ദൈവപുത്രനാകാൻ അർഹനാണെന്ന് സമ്മതിക്കേണ്ടിവരും. ഇങ്ങിനെ പോയാൽ ദൈവികസത്തയിലെ വ്യക്തിത്വങ്ങളുടെ എണ്ണം കൂടും.

14. സാമുവൽ 7:14 15. യിരെമ്യാവ് 31:9 16. സങ്കീർത്തനങ്ങൾ 2:7 17. യോഹന്നാൻ 1:12
18. മത്തായി 5:9 19. ലൂക്കോസ് 3:38 20. ഹെബ്രായർ 7:3

ത്രിയേകത്വം ബഹുഏകത്വമായി മാറും!

ആരായിരുന്നു ക്രിസ്തു? ഈ ചോദ്യം ഇനിയും അവശേഷിക്കുന്നു. ദൈവമാണെന്നോ ജഢികാർത്ഥത്തിലുള്ള ദൈവപുത്രനാണെന്നോ അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. പിന്നെ എന്താണദ്ദേഹം അവകാശപ്പെട്ടത്?

ക്രിസ്തുവിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ വന്ന പ്രസ്താവനകൾ വായിച്ചുനോക്കുക. അദ്ദേഹത്തിനെക്കുറിച്ച് 'ദൈവപുത്രൻ' എന്ന സംബോധന, സുവിശേഷങ്ങളിൽ തുലോം വിരളമാണ്. പ്രസ്തുത പ്രയോഗം കൂടുതലായി കാണപ്പെടുന്നത് പൗലോസിന്റെ ലേഖനങ്ങളിലാണ്. സുവിശേഷങ്ങളിൽ യേശുവിനെസംബന്ധിച്ച് 'മനുഷ്യപുത്രൻ' എന്നു 63 പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ മനുഷ്യൻ എന്നുമാത്രം 73 പ്രാവശ്യം സംബോധന ചെയ്തിരിക്കുന്നു.

അതെ........ക്രിസ്തു മനുഷ്യപുത്രനായിരുന്നു. നമ്മളെയെല്ലാവരെയുംപോലെ വിശപ്പും ദാഹവും വികാരവിചാരങ്ങളുമെല്ലാമുള്ള മനുഷ്യൻ. ദൈവത്തിന്റെ പ്രീതിക്കുവേണ്ടി തന്റെ ഇച്ഛകളെയെല്ലാം ബലിയർപ്പിക്കാൻ തയ്യാറായ മഹാൻ. ഇസ്രായീൽ മക്കളെ സത്യത്തിന്റെ പന്ഥാവിലൂടെ നയിക്കാൻ ആജീവനാന്തം കഠിനമായി പരിശ്രമിച്ച പ്രവാചകൻ. അദ്ദേഹം സംസാരിച്ചത് ദൈവത്തിന്റെ ബോധനങ്ങളായിരുന്നു. അദ്ദേഹം പറഞ്ഞു. 'നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല; എന്നെ അയച്ച പിതാവിന്റേതത്രെ'(21) അദ്ദേഹം അനേകം അത്ഭുതങ്ങൾ ചെയ്തു. അവ ദൈവം ചെയ്തുകാണിച്ചവയായിരുന്നു. ദൈവം പഠിപ്പിച്ചതല്ലാതെ മറ്റൊന്നും സ്വമേധയാ ചെയ്യാൻ തനിക്കു സാധ്യമല്ലെന്ന വസ്തത ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.'(22)

മനുഷ്യനായ ഒരു പ്രവാചകനായിരുന്നു ക്രിസ്തു. അബ്രഹാമിനെയും ഇസ്മായേലിനെയും യാക്കോബിനെയും മോശെയെയും യോസഫിനേയും പോലെയുള്ള ഒരു പ്രവാചകൻ. അദ്ദേഹം ഇസ്രായീൽ മക്കൾക്ക് വഴികാട്ടിയായിരുന്നു: നിഷ്കളങ്കനായിരുന്നു; സ്വന്തം മാതൃകയിലൂടെ സമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ശ്രമിച്ച മഹാനായിരുന്നു. ദൈവമല്ല;ദൈവപുത്രനുമല്ല, ത്രിയേക ദൈവങ്ങളിൽ ഒരുവനുമല്ല; പ്രവാചകൻ മാത്രം; മനുഷ്യനായ പ്രവാചകൻ!

പുതിയ നിയമം പരിശോധിക്കുക. മനുഷ്യനായക്രിസ്തുവിനെയാണ് നമുക്കതിൽ കാണാൻ കഴിയുക. അദ്ദേഹത്തിന്റെ ജനനം മുതൽക്ക് പരിശോധിച്ചാൽ ഒരു മനുഷ്യന്റേതിൽ നിന്ന് വ്യത്യസ്തമായൊരു ചിത്രം നമുക്ക് ലഭിക്കില്ല.

-അബ്രഹാമിന്റെയും ദാവീന്റെയും പുത്രപരമ്പരയിൽ യേശു ജനിക്കുന്നു(23)

-യേശു പരിഛേദനയേൽക്കുന്നു(24)

-യേശു മുലകുടിക്കുന്നു(25)

-യേശു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു(26)

21. യോഹന്നാൻ 14:24 22. യോഹന്നാൻ 5:19 23. മത്തായി 1:1 24. ലൂക്കോസ് 2:21
25. ലൂക്കോസ് 11:27 26. മത്തായി 21:5

**-യേശു ഭക്ഷണവും പാനീയവുമുപയോഗിക്കുന്നു(27)**
**-കിടപ്പാടമില്ലാത്ത യേശു(28)**
**-യേശു വസ്ത്രങ്ങളുപയോഗിക്കുന്നു(29)**
**-യേശുവിന് സഹോദരീസഹോദരന്മാർ(30)**
**-യേശുവിൻെറ വളർച്ചക്കനുസരിച്ച് ജ്ഞാനം വർദ്ധിക്കുന്നു(31)**
**-യേശുവിന് സ്വമേധയാ ഒന്നും ചെയ്യാൻ കഴിയില്ല.(32)**
**-യേശുവിന് അന്ത്യനാളിനെക്കുറിച്ച് ഒന്നും അറിയില്ല(33)**
**-യേശുവിന് അത്തിമരത്തിൻെറ ഫലദായക സമയം എപ്പോഴാണെന്നറിയില്ല.(34)**
**-യേശു സഹനത്തിലൂടെ അനുസരണം അഭ്യസിക്കുന്നു (35)**
**-യേശുവിന് വിശപ്പനുഭവപ്പെടുന്നു(36)**
**-യേശുവിന് ദാഹം അനുഭവപ്പെടുന്നു(37)**
**-യേശു ഉറങ്ങുന്നു(38)**
**-യേശു യാത്ര ചെയ്താൽ ക്ഷീണിക്കുന്നു(39)**
**-യേശു അസ്വസ്ഥനായി നെടുവീർപ്പിടുന്നു(40)**
**-യേശു കരയുന്നു(41)**
**-യേശു ദു:ഖിക്കുന്നു(42)**
**-യേശു ശക്തി പ്രയോഗിക്കുന്നു(43)**
**-യേശു വാളെടുക്കാൻ ആഹ്വാനം ചെയ്യുന്നു (44)**
**-യേശു യഹൂദന്മാരെ ഭയക്കുന്നു (45)**
**-യേശു ഒറ്റു കൊടുക്കപ്പെടുന്നു (46)**
**-യേശു ബന്ധിക്കപ്പെടുന്നു (47)**
**-യേശു അപമാനിക്കപ്പെടുന്നു (48)**
**-യേശുവിന് അടി കിട്ടുന്നു (49)**
**-യേശു മരണത്തെ ഭയക്കുന്നു (50)**
**-യേശു ദൈവത്തോട് പ്രാർത്ഥിക്കുന്നു (51)**
**-യേശുവിനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്നും ദൂതൻ പ്രത്യക്ഷപ്പെടുന്നു(52)**

ഇനി നാം ചിന്തിക്കുക. യേശു ദൈവമാണോ അതല്ല മനുഷ്യനാണോ?

സാമാന്യബുദ്ധി പറയുന്ന ഉത്തരം അദ്ദേഹം മനുഷ്യനായിരുന്നുവെന്നാണ്. മഹാനായ പ്രവാചകൻ!

വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി 'വേദക്കാരെ നിങ്ങൾ മതകാര്യങ്ങളിൽ അതിരു കവിയരുത്. അല്ലാഹുവിൻെറ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മറിയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ഒരു ദൂതനും മറിയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും

27. മത്തായി 11:19 28. മത്തായി 8:20 29. യോഹന്നാൻ 19:23 30. മത്തായി 13:55 31. ലൂക്കോസ് 21:40
32. യോഹന്നാൻ 5:30 33. മാർക്കോസ് 13:32 34. മാർക്കോസ് 11:12 35. എബ്രായർ 5:8
36. മാർക്കോസ് 11:12 37. യോഹന്നാൻ 19:28 38. മത്തായി 8:24 39. യോഹന്നാൻ 4:6

അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. 'ത്രിത്വം' എന്നു നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങളതിൽ നിന്ന് വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രേ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി'(53)

---

40. യോഹന്നാൻ 11:33 41. യോഹന്നാൻ 11:35 42. മത്തായി 26:37
43. യോഹന്നാൻ 2:13. 44. ലൂക്കോസ് 22:36 45. യോഹന്നാൻ 18:12,13
46. യോഹന്നാൻ 18:2 47. യോഹന്നാൻ 18:12,13 48. മത്തായി 26:67
49. യോഹന്നാൻ 18:22 50. മാർക്കോസ് 14:36 51. മത്തായി 26:42
52. ലൂക്കോസ് 22:43 53. ഖുർആൻ 4:171

# 6.യേശുവിൻെറ മരണവും ആദിപാപവും

ഞാനൊരു തെററു ചെയ്തുവെന്നു കരുതുക. അതിന്ന് ശിക്ഷ അനുഭവിക്കേണ്ടതാരാണ്? ഞാനോ എൻെറ മകനോ അതല്ല എൻെറ പിതാവോ.......? ഏതൊരുത്തനും മടികൂടാതെ ഉത്തരം പറയും. 'താങ്കൾ തന്നെ!'

അതാണ് നിയമം. ആ നിയമം മാത്രമേ ലോകത്തിനു പ്രാവർത്തികമാക്കാൻ കഴിയൂ. മകൻ ചെയ്ത കുറ്റത്തിന് അഛനെയോ അഛൻ ചെയ്ത കുറ്റത്തിന് മകനെയോ ശിക്ഷിക്കുന്നത് ക്രൂരമാണ്. ആ ക്രൂരത ചെയ്യാൻ മനുഷ്യൻെറ കോടതികൾ മടിച്ചുനിൽക്കുന്നു. അവൻെറ നീതിബോധം അതി ന്നവനെ അനുവദിക്കുന്നില്ല.

ദൈവം സ്നേഹസമ്പന്നനാണ്. കരുണാനിധിയാണവൻ. അതോടൊപ്പം നീതിമാനുമാണ്. അവൻ ക്രൂരനോ ദുഷ്ടനോ ആണെന്ന് ആർക്കും അഭിപ്രായമില്ല.

ആരെങ്കിലുമൊരാൾ ചെയ്ത തെറ്റിന് അയാളുടെ മക്കളെയോ പേരമക്കളെയോ ശിക്ഷിക്കുന്നത് ക്രൂരതയാണെങ്കിൽ, ആക്രൂരത ചെയ്യുവാൻ ദൈവം കൂട്ടുനിൽക്കു മോ? ഇല്ല തന്നെ. അവൻ നീതിമാനും സ്നേഹസമ്പന്നനുമാണ്. മനുഷ്യരുടെ നീതിബോധവുമായി താരതമ്യം ചെയ്യുവാൻ പോലും പറ്റാത്തത്ര വലിയ നീതിമാൻ!

മക്കളുടെ തെറ്റുകൾക്ക് പിതാക്കളോ, പിതാക്കളുടെ തെറ്റുകൾക്ക് മക്കളോ ശിക്ഷ അനുഭവിക്കേണ്ടതില്ലെന്ന യാഥാർത്ഥ്യം ഒരുവിധം എല്ലാ വേദഗ്രന്ഥങ്ങളും വ്യക്തമാക്കുന്നുണ്ട്. മോശെയുടെ ന്യായപ്രമാണം പറയുന്നത് നോക്കുക. 'മക്കൾക്ക് വേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളേയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം.'(54)

സുന്ദരമായ ഒരുദാഹരണത്തിലൂടെ ജറമിയാ പ്രവാചകൻ ഇക്കാര്യം വ്യക്തമാക്കുന്നത് നോക്കുക. 'പിതാക്കന്മാർ പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു പുളിച്ചുവെന്നു ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തനും അവനവൻെറ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവൻെറ പല്ലേ പുളിക്കൂ'(55)

ഇതേ കാര്യം തന്നെ വളരെ വ്യക്തമായ ഭാഷയിൽ എസെക്കിയേൽ പ്രവാചകനും പറയുന്നുണ്ട്. 'പുത്രൻ പിതാവിൻെറ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രൻെറ തിന്മകൾക്കുവേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻതൻെറ നീതിയുടെ ഫലവും ദുഷ്ടൻ തൻെറ ദുഷ്ടതയുടെ ഫലവും അനുഭവിക്കും'(56)

ഈ വസ്തുത തന്നെയാണ് യേശുക്രിസ്തുവും പറയുന്നത്. 'വിധിക്കപ്പെ

---

54. ആവർത്തനം 24:16 55. ജറെമിയാ 31:19,30

ടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങാ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങാ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങാക്കും അളന്നു കിട്ടും.'(57)

ഖുർആൻ ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നതിങ്ങനെയാണ്. 'അപ്പോാ, ആർ ഒരു അണുവിൻെറ തൂക്കം നന്മചെയ്തിരുന്നുവോ അതവൻ കാണും. ആർ ഒരു അണുവിൻെറ തൂക്കം തിന്മ ചെയ്തിരുന്നുവോ അതുമവൻ കാണും.'(58)

മനുഷ്യരുടെ മനസ്സ് അംഗീകരിക്കുന്ന നീതിബോധത്തിന് തീർത്തും എതിരാണ്, ക്രൈസ്തവ ദർശനത്തിലെ ആദിപാപ സിദ്ധാന്തമെന്ന് പറയാതിരിക്കാൻ വയ്യ. ആദാം ഏദൻതോട്ടത്തിലെ വിലക്കപ്പെട്ട കനി തിന്നു പാപിയായി മാറി. പ്രസ്തുത പാപം ആദാമിൻെറ പുത്ര പരമ്പരമ്പരകളിലും നിലനിൽക്കുന്നു. പൗലോസിൻെറ ഭാഷയിൽ പറഞ്ഞാൽ 'ഏക മനുഷ്യനാൽ പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു'(59)

ആദിപാപ സിദ്ധാന്തത്തിലാണ് ക്രിസ്തുവിൻെറ കുരിശുമരണമെന്ന വിശ്വാസം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ആദാം ചെയ്ത പാപത്താൽ തെറ്റുകാരായി മാറിയ മാനവരാശിയെ പാപത്തിൻെറ പടുകുഴിയിൽ നിന്നു രക്ഷിക്കാനായുള്ള പ്രായശ്ചിത്തമെന്ന നിലക്കാണ് ക്രിസ്തു സ്വന്തംരക്തം കുരിശിലൂടെ ചിന്തിയത് എന്നാണല്ലോ വിശ്വാസം. കുരിശിൽ ചിന്തിയ ചോരകൊണ്ട് ആദാമിനാൽ ലോകത്തിലേക്കു പ്രവേശിച്ച പാപത്തെ കഴുകിക്കളഞ്ഞുവെന്നും വിശ്വസിക്കപ്പെടുന്നു.

ആദം പാപം ചെയ്തതും ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടതും വിശദീകരിക്കുന്ന ഉൽപ്പത്തി പുസ്തകത്തിൻെറ വിവരണത്തിൽത്തന്നെ ഒന്നിലധികം വൈകല്യങ്ങളുണ്ട്. വൈകല്യങ്ങാ നിറഞ്ഞ ഉൽപ്പത്തി പുസ്തകത്തിൻെറ അടിസ്ഥാനത്തിലാണ് സഭ, ആദിപാപ സിദ്ധാന്തവും പാപപരിഹാര സിദ്ധാന്തവും പടുത്തുയർത്തിയിരിക്കുന്നത്. അപ്പോാപിന്നെ ഈ സിദ്ധാന്തത്തിൽ അക്ഷന്തവ്യങ്ങളായ വൈകല്യങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടെന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

ഉൽപ്പത്തി പുസ്തകം പരിശോധിക്കുക. ആകാശത്തെയും ഭൂമിയെയും ആറു ദിവസം കൊണ്ട് സൃഷ്ടിച്ച് ഏഴാം ദിവസം കർത്താവായ ദൈവം വിശ്രമിച്ചു. ഭൂമിയിലെ മണലിൽ നിന്നും അവൻ മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്ന് മനസ്സിലാക്കിയ ദൈവം അവൻെറ വാരിയെല്ലിൽ നിന്നും സ്ത്രീയെ സൃഷ്ടിച്ചു. അവർക്കുരണ്ടുപേർക്കും ഏദൻതോട്ടത്തിൽ പൂർണ്ണസ്വാതന്ത്ര്യം നൽകപ്പെട്ടു. തോട്ടത്തിൽ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിക്കാൻ അവർക്ക് അനുവാദം കൊടുത്തു. അതിന്നു നടുവിലുള്ള ഒരു വൃക്ഷത്തിൻെറ ഫലമൊഴികെ. പ്രസ്തുത വൃക്ഷത്തിൻെറ പേരാണ് 'നന്മതിന്മകളെക്കുറിച്ച് അറിവിൻെറ വൃക്ഷം' ദൈവത്തിൻെറ കൽപന ഉൽപ്പത്തി പുസ്തകം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. 'തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങാ നിങ്ങാക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിൻെറ നടുവിലുള്ള മരത്തിൻെറ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. അത് തിന്നാൽ

56. എസെക്കിയേൽ 18:20 57. മത്തായി 7:1,2 58. ഖുർആൻ 99:7,8 59. റോമർ 5:12

നിങ്ങാം മരിക്കും'(60)

മനുഷ്യൻ ദൈവത്തിൻെറ ഈ കൽപ്പന ലംഘിച്ചു. അവനെ പാമ്പ് പ്രലോഭിപ്പിച്ചു. പിശാചിൻെറ പണിയെടുത്തു പാമ്പ്. അവൻ പറഞ്ഞു. 'നിങ്ങാം മരിക്കുകയില്ല. അത് തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകാം തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങാം ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം'(61)

ഇവിടെ ശ്രദ്ധിച്ചുവായിക്കുക. തോട്ടത്തിൻെറ നടുവിലുള്ള വൃക്ഷത്തിൻെറ പഴം തിന്നാൽ മനുഷ്യൻ മരിക്കുമെന്നാണ് ദൈവം പറഞ്ഞത്. ഇത് നിഷേധിച്ച സർപ്പം പ്രസ്തുത പഴം തിന്നാൽ നിങ്ങാം മരിക്കുകയില്ലെന്നും, മറിച്ച് നിങ്ങളുടെ കണ്ണുകാം തുറക്കുകയും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങാം ദൈവത്തെപ്പോലെയാകുമെന്നും പറഞ്ഞുകൊടുത്തുകൊണ്ടാണ് മനുഷ്യരുടെ മാതാവിനെ(ഹവ്വ) പ്രലോഭിപ്പിച്ചത്. ഇവിടെ, ദൈവം പറഞ്ഞതാണോ പിശാചിൻെറ പ്രതിനിധിയായ പാമ്പ് പറഞ്ഞതാണോ ഏതാണ് ശരിയായത്? ദൈവമാണോ സാത്താനാണോ ആരാണ് സത്യം പറഞ്ഞത്?

ഉൽപ്പത്തി പുസ്തകം പറയുന്നത് സാത്താനാണ് പറഞ്ഞതെന്നാണ്. ദൈവം മനുഷ്യനെ ഭയന്നിട്ട് പച്ചക്കള്ളം. പറഞ്ഞുവെന്നും ദൈവത്തിൻെറ വഞ്ചനയെ തകർത്തത് സാത്താൻെറ പ്രതിനിധിയായ സർപ്പമാണെന്നും ഉൽപ്പത്തി പുസ്തകം ഉൽഘോഷിക്കുന്നു.

ഉൽപ്പത്തി പുസ്തകത്തിലെ കഥയിലേക്ക് തിരിച്ചുപോവുക, നമ്മാം. സർപ്പത്തിൻെറ പ്രലോഭനങ്ങളിൽ വശംവദരായി ആദമും ഹവ്വയും പഴം പറിച്ചു തിന്നു. എന്നിട്ട് സംഭവിച്ചതെന്താണ്? ദൈവം ഭയപ്പെടുത്തിയതുപോലെ അവർ മരിച്ചുവോ ഇല്ല; അവർ മരിച്ചില്ല! 'നിങ്ങാം മരിക്കുകയില്ല'യെന്ന പാമ്പിൻെറ സുവിശേഷമാണ് ശരിയായത്. വിലക്കപ്പെട്ട കനി തിന്ന ഉടനെ ആദമിൻെറയും ഹവ്വയുടെയും കണ്ണുകാം തുറന്നു. നന്മതിന്മകാം തിരിച്ചറിഞ്ഞ് അവർ ദൈവത്തെപ്പോലെ(?)യായിമാറി. ഉൽപ്പത്തി പുസ്തകം തന്നെ പറയട്ടെ 'അവാം അത് പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകാം തുറന്നു. തങ്ങാം നഗ്നരാണെന്ന് അവർ അറിഞ്ഞു. അത്തിയിലകാം കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി(62) ദൈവം വിലപിക്കുന്നതായും ഉൽപ്പത്തി പുസ്തകം പറയുന്നു. 'അനന്തരം അവിടുന്നു പറഞ്ഞു: മനുഷ്യനിതാ നന്മയും നിൻമയും തിരിച്ചറിയാൻ(63) കഴിയുംവിധം നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു.'

ഇവിടെ പാമ്പ് മനുഷ്യരുടെ മോചകനായി മാറുന്നു. ദൈവം വഞ്ചകനും കള്ളം പറയുന്നവനാമാണെന്നു വരുന്നു. ദൈവം പറഞ്ഞതുപോലെ വിലക്കപ്പെട്ട കനി തിന്നപ്പോാം മനുഷ്യൻ മരിച്ചില്ല. പാമ്പ് പറഞ്ഞ മൂന്ന് കാര്യങ്ങളും ശരിയായി. മനുഷ്യൻ മരിച്ചില്ല. അവൻെറ കണ്ണുകാം തുറന്നു. നന്മയും തിന്മയും തിരിച്ചറിഞ്ഞ് അവൻ ദൈവത്തെപ്പോലെയായി.!

60. ഉൽപ്പത്തി 3:3 61. ഉൽപ്പത്തി 3:5 62. ഉൽപ്പത്തി 3:7 63. ഉൽപ്പത്തി 3:22

സർവ്വജ്ഞനും സർവ്വശക്തനുമാണ് ദൈവമെന്ന വിശ്വാസത്തിൻെറ കടയ്ക്ക് കത്തിവെക്കുന്ന രൂപത്തിലാണ് ഉൽപ്പത്തി പുസ്തകത്തിലെ ചില പരാമർശങ്ങൾ. മനുഷ്യനും ഇണയും വിലക്കപ്പെട്ട കനിതിന്നു. ഇക്കാര്യം ദൈവം അറിഞ്ഞതുപോലുമില്ല. പ്രസ്തുത സംഭവത്തിന് കുറേക്കഴിഞ്ഞതിന്നുശേഷം വെയിലാറിയപ്പോൾ ദൈവം തോട്ടത്തിൽ ഉലാത്താൻ തുടങ്ങി. പ്രസ്തുത ശബ്ദം കേട്ട് ആദമും ഹവ്വയും തോട്ടത്തിൽ ഒളിച്ചു. 'നീ എവിടെയാണ് എന്ന ദൈവത്തിൻെറ ചോദ്യത്തിന് 'ഞാൻ നഗ്നനനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്' എന്ന് ആദാം മറുപടി പറയുന്നു. ദൈവം ചോദിക്കുന്നു. 'നീ നഗ്നനാണെന്ന് നിന്നോടാരു പറഞ്ഞു? 'തിന്നരുതെന്ന് ഞാൻ കൽപ്പിച്ച് മരത്തിൻെറ ഫലം നീ തിന്നുവോ?' ആദം പറഞ്ഞു. 'അങ്ങു എനിക്ക് കൂട്ടിത്തന്ന സ്ത്രീ ആ മരത്തിൻെറ പഴം എനിക്ക് തന്നു; ഞാൻ തിന്നു: ദൈവമായ കർത്താവ് സ്ത്രീയോട് ചോദിച്ചു. 'നീ എന്താണീ ചെയ്തത്?' അവൾ പറഞ്ഞു. 'പാമ്പ് എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു'(64) ഈ സംഭവങ്ങളെല്ലാം ദൈവം അറിയുന്നത് ഇവർ പറയുമ്പോൾ മാത്രമാണ്. പാമ്പ് സ്ത്രീയെ വഴിതെറ്റിച്ചതോ ആദമും ഹവ്വയും പഴം തിന്നതോ ആയ വിവരങ്ങൾ അറിയാൻ കഴിയാത്ത ദൈവത്തെ സർവ്വജ്ഞൻ എന്ന് വിളിക്കുന്നതിൽ അർത്ഥമില്ലല്ലോ.

ദൈവം പറഞ്ഞതുകേൾക്കാതെ 'അറിവിൻെറ വൃക്ഷ'ത്തിലെ കനി ഭക്ഷിച്ച മനുഷ്യരെ ഭയപ്പെടുകയാണ് ഉൽപ്പത്തി പുസ്തകപ്രകാരം ദൈവം ചെയ്യുന്നത്. അവർ ജീവൻെറ വൃക്ഷത്തിലെ പഴം കൂടി തിന്ന് അമർത്ത്യന്മാരും കൂടിയായി മാറി. ദൈവത്തിന് തത്തുല്ല്യരായി മാറുമോയെന്ന ഭയത്താലാണ് മനുഷ്യനെ ഏദൻതോട്ടത്തിൽ നിന്ന് അവൻ പുറത്താക്കുന്നത്. ഉൽപ്പത്തി പുസ്തകം ഉദ്ധരിക്കുന്നത് കാണുക. 'മനുഷ്യനിതാ നന്മയും തിൻമയും തിരിച്ചറിയാൻ കഴിയും വിധം നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു. ഇനിയവൻ കൈനീട്ടി ജീവൻെറ വൃക്ഷത്തിൻ പറിച്ചുതിന്ന് അമർത്യനാവുകകൂടി ചെയ്തേക്കും. അതുകൊണ്ട് കർത്താവ് അവരെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കുകയും മണ്ണിൽ നിന്നെടുത്ത മനുഷ്യനെ മണ്ണിനോട് മല്ലിടാൻ വിടുകയും ചെയ്തു.(65)

ജീവൻെറ വൃക്ഷത്തിൽ നിന്നും പഴം പറിച്ചുതിന്ന് മനുഷ്യൻ തന്നെപ്പോലെയാകുമോയെന്ന് വ്യാകുലപ്പടുന്നു ദൈവം.! മനുഷ്യനെ ഭയന്നുകൊണ്ട് അവനെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കുന്ന കർത്താവ്! എത്ര വികലമായ ഒരു ദൈവസങ്കൽപ്പമാണ് ഉൽപ്പത്തി പുസ്തകത്തിലെ മൂന്നാം അദ്ധ്യായം പ്രദാനം ചെയ്യുന്നത്? ഈ അദ്ധ്യായം പോലും ആദം ചെയ്ത പാപത്താൽ മനുഷ്യരാശി മുഴുവൻ പാപികളായി എന്നു പറയുന്നില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ആദിമനുഷ്യൻെറ പാപം മൂലം മനുഷ്യരെല്ലാം പാപികളായിയെന്നു വെക്കുക. അപ്പോൾ ഓരോ മനുഷ്യക്കുഞ്ഞും ജനിക്കുന്നത് പാപിയായിക്കൊണ്ടായിരിക്കും. പാപഭാരം പേറി ജനിക്കുന്ന കുഞ്ഞിൽ നിന്നും പാപം കഴുകിക്കളയാൻ വേണ്ടിയാണല്ലോ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനം ചെയ്യിക്കുന്നത്. അതുകൊണ്ടാണ് സെൻറ്

64. ഉൽപ്പത്തി 3:8,13. 65. ഉൽപ്പത്തി 3:22,23

തോമസ് അക്വിനാസ് ഇങ്ങനെ എഴുതിയത്. പക്ഷേ ആദിപാപം ശാശ്വതമായ ശിക്ഷയാണ് വരുത്തിവെച്ചിരിക്കുന്നത്! ആദിപാപത്തോടുകൂടി മരണപ്പെടുന്ന കുഞ്ഞുങ്ങൾ, അവർ ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടില്ലെന്ന ഒറ്റക്കാരണത്താൽ, ഒരിക്കലും ദേവരാജ്യം കാണുകയില്ല.'(66)

പക്ഷെ, ഈ അഭിപ്രായം ക്രിസ്തുവിനുണ്ടായിരുന്നില്ലെന്നുവേണം പറയുവാൻ. അദ്ദേഹം കുഞ്ഞുങ്ങളെ പാപികളായിട്ടല്ല; പ്രത്യുത പരിശുദ്ധരായിട്ടാണ് കണ്ടത്. അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചത് കുട്ടികളെപ്പോലെ നിഷ്ക്കളങ്കരാവാനാണ്. ശിശുക്കളെപ്പോലെ നിർമ്മല ഹൃദയമുള്ള വർക്കാണ് സ്വർഗ്ഗരാജ്യമെന്നാണദ്ദേഹം പഠിപ്പിച്ചത്. അദേദേഹം പറഞ്ഞു. 'ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവീൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്.'(67)

കുട്ടികൾ ജനിക്കുന്നത് പാപികളായിട്ടായുരുന്നുവെങ്കിൽ ശിശുക്കളെപ്പോലെയുള്ളവർക്കാണ് സ്വർഗ്ഗരാജ്യമെന്ന് ക്രിസ്തു പറയുമായിരുന്നുവോ? ശിശുക്കൾ ശുദ്ധരായിക്കൊണ്ടാണ് ജനിക്കുന്നതെന്നും അവരെ വഴിപിഴപ്പിക്കുന്നത് അവരുടെ മാതാപിതാക്കളും സാഹചര്യങ്ങളുമാണെന്നും മുഹമ്മദ് നബിയും പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു. 'എല്ലാവരും ശുദ്ധ പ്രകൃതിയോടുകൂടിയാണ് ജനിച്ചുവീഴുന്നത്. അവരെ അഗ്നിയാരാധകരും ത്രിയേക വിശ്വാസികളും മററുമാക്കുന്നത് അവരുടെ മാതാതപിതാക്കളാണ്.'

ആദിപാപത്തിന്റെ പരിഹാരാർത്ഥം സ്വയം ബലിയാകുവാനായിട്ടാണ് ദൈവം ജഡത്തിൽ അവതരിച്ചതെന്നാണ് ക്രൈസ്തവ വിശ്വാസം. പാപത്തിന് പ്രായശ്ചിത്തം ചെയ്യാതിരിക്കാൻ ദൈവീകനീതി അനുവദിക്കാത്തതിലാണ് ത്രിയേക ദൈവം ഈ നാടകം കളിച്ചതെന്നും വിശദീകരിക്കപ്പെടുന്നു. ആദിപാപത്തിന്റെ പരിഹാരാർത്ഥം സ്വയം ബലിയാടാവുകയെന്ന നാടകം! ഇതൊരു ഏകാംഗനാടകമാണ്. പാപത്തിന് പ്രായശ്ചിത്തം ചെയ്യുകയെന്നത് ദൈവീകനീതി! പ്രായശ്ചിത്തം ചെയ്യാൻ വേണ്ടി മനുഷ്യരൂപത്തിൽ അവതരിച്ചത് ദൈവം! കുരിശിലേറുന്നത് ദൈവം! ചോരചിന്തുന്നത് ദൈവം!! അത് മൂലം മനുഷ്യരാശിക്ക് പാപത്തിൽ നിന്നും വിടുതൽ നൽകുന്നതും ദൈവം!!!

ഈ വിശ്വാസപ്രകാരം ക്രിസ്തുവിന്റെ ആഗമനലക്ഷ്യം തന്നെ മാനവരാശിയെ സ്വന്തം ജീവരക്തത്താൽ പാപത്തിൽ നിന്നും രക്ഷിക്കുകയെന്നതായിരുന്നു. പക്ഷെ, ക്രിസ്തുവിന്റെ കുരിശുമരണത്തിനു മുമ്പുള്ള പ്രവർത്തനങ്ങൾ ബൈബിളിൽ നിന്നും വായിക്കുന്ന നമ്മൾ അത്ഭുതപ്പെട്ടുപോകും. അദ്ദേഹത്തിന് മരിക്കാൻ തീരെ ഇഷ്ടമില്ലായിരുന്നുവെന്നാണ് സുവിശേഷങ്ങളിൽ നിന്ന് നമുക്ക് നമസ്സിലാവുന്നത്. പിലാത്തോസിന്റെ പടയാളികളും യഹൂദപൗരോഹിത്യവും ചേർന്നൊരുക്കിയ കുരിശിൽ നിന്ന് രക്ഷപ്പെടണമെന്നായിരുന്നു അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹം.

66. St. Thomas Aquinas, Basic Writings Page 714 vol 1   67. മത്തായി 19:14

ത്രിയേകത്വം ബഹുഏകത്വമായി മാറും!

ആരായിരുന്നു ക്രിസ്തു? ഈ ചോദ്യം ഇനിയും അവശേഷിക്കുന്നു. ദൈവമാണെന്നോ ജഢികാർത്ഥത്തിലുള്ള ദൈവപുത്രനാണെന്നോ അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. പിന്നെ എന്താണദ്ദേഹം അവകാശപ്പെട്ടത്?

ക്രിസ്തുവിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ വന്ന പ്രസ്താവനകൾ വായിച്ചുനോക്കുക. അദ്ദേഹത്തിനെക്കുറിച്ച് 'ദൈവപുത്രൻ' എന്ന സംബോധന, സുവിശേഷങ്ങളിൽ തുലോം വിരളമാണ്. പ്രസ്തുത പ്രയോഗം കൂടുതലായി കാണപ്പെടുന്നത് പൗലോസിൻെറ ലേഖനങ്ങളിലാണ്. സുവിശേഷങ്ങളിൽ യേശുവിനെസംബന്ധിച്ച് 'മനുഷ്യപുത്രൻ' എന്നു 63 പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ മനുഷ്യൻ എന്നുമാത്രം 73 പ്രാവശ്യം സംബോധന ചെയ്തിരിക്കുന്നു.

അതെ........ക്രിസ്തു മനുഷ്യപുത്രനായിരുന്നു. നമ്മളെയെല്ലാവരെയുംപോലെ വിശപ്പും ദാഹവും വികാരവിചാരങ്ങളുമെല്ലാമുള്ള മനുഷ്യൻ. ദൈവത്തിൻെറ പ്രീതിക്കുവേണ്ടി തൻെറ ഇഛകളെയെല്ലാം ബലിയർപ്പിക്കാൻ തയ്യാറായ മഹാൻ. ഇസ്രായീൽ മക്കളെ സത്യത്തിൻെറ പന്ഥാവിലൂടെ നയിക്കാൻ ആജീവനാന്തം കഠിനമായി പരിശ്രമിച്ച പ്രവാചകൻ. അദ്ദേഹം സംസാരിച്ചത് ദൈവത്തിൻെറ ബോധനങ്ങളായിരുന്നു. അദ്ദേഹം പറഞ്ഞു. 'നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല; എന്നെ അയച്ച പിതാവിൻെറതത്രെ'(21) അദ്ദേഹം അനേകം അത്ഭുതങ്ങൾ ചെയ്തു. അവ ദൈവം ചെയ്തുകാണിച്ചവയായിരുന്നു. ദൈവം പഠിപ്പിച്ചതല്ലാതെ മറ്റൊന്നും സ്വമേധയാ ചെയ്യാൻ തനിക്കു സാധ്യമല്ലെന്ന വസ്തത ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.'(22)

മനുഷ്യനായ ഒരു പ്രവാചകനായിരുന്നു ക്രിസ്തു. അബ്രഹാമിനെയും ഇസ്മായേലിനെയും യാക്കോബിനെയും മോശെയെയും യോസഫിനേയും പോലെയുള്ള ഒരു പ്രവാചകൻ. അദ്ദേഹം ഇസ്രായീൽ മക്കൾക്ക് വഴികാട്ടിയായിരുന്നു: നിഷ്കളങ്കനായിരുന്നു; സ്വന്തം മാതൃകയിലൂടെ സമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ശ്രമിച്ച മഹാനായിരുന്നു. ദൈവമല്ല;ദൈവപുത്രനുമല്ല, ത്രിയേക ദൈവങ്ങളിൽ ഒരുവനുമല്ല; പ്രവാചകൻ മാത്രം; മനുഷ്യനായ പ്രവാചകൻ!

പുതിയ നിയമം പരിശോധിക്കുക. മനുഷ്യനായക്രിസ്തുവിനെയാണ് നമുക്കതിൽ കാണാൻ കഴിയുക. അദ്ദേഹത്തിൻെറ ജനനം മുതൽക്ക് പരിശോധിച്ചാൽ ഒരു മനുഷ്യൻേറതിൽ നിന്ന് വ്യത്യസ്തമായൊരു ചിത്രം നമുക്ക് ലഭിക്കില്ല.

-അബ്രഹാമിൻെറയും ദാവീൻെറയും പുത്രപരമ്പരയിൽ യേശു ജനിക്കുന്നു(23)

-യേശു പരിഛേദനയേൽക്കുന്നു(24)

-യേശു മുലകുടിക്കുന്നു(25)

-യേശു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു(26)

21. യോഹന്നാൻ 14:24 22. യോഹന്നാൻ 5:19 23. മത്തായി 1:1 24. ലൂക്കോസ് 2:21
25. ലൂക്കോസ് 11:27 26. മത്തായി 21:5

-യേശു ഭക്ഷണവും പാനീയവുമുപയോഗിക്കുന്നു(27)
-കിടപ്പാടമില്ലാത്ത യേശു(28)
-യേശു വസ്ത്രങ്ങളുപയോഗിക്കുന്നു(29)
-യേശുവിന് സഹോദരീസഹോദരന്മാർ(30)
-യേശുവിൻെറ വളർച്ചക്കനുസരിച്ച് ജ്ഞാനം വർദ്ധിക്കുന്നു(31)
-യേശുവിന് സ്വമേധയാ ഒന്നും ചെയ്യാൻ കഴിയില്ല.(32)
-യേശുവിന് അന്ത്യനാളിനെക്കുറിച്ച് ഒന്നും അറിയില്ല(33)
-യേശുവിന് അത്തിമരത്തിൻെറ ഫലദായക സമയം എപ്പോഴാണെന്നറിയില്ല.(34)
-യേശു സഹനത്തിലൂടെ അനുസരണം അഭ്യസിക്കുന്നു (35)
-യേശുവിന് വിശപ്പനുഭവപ്പെടുന്നു(36)
-യേശുവിന് ദാഹം അനുഭവപ്പെടുന്നു(37)
-യേശു ഉറങ്ങുന്നു(38)
-യേശു യാത്ര ചെയ്താൽ ക്ഷീണിക്കുന്നു(39)
-യേശു അസ്വസ്ഥനായി നെടുവീർപ്പിടുന്നു(40)
-യേശു കരയുന്നു(41)
-യേശു ദു:ഖിക്കുന്നു(42)
-യേശു ശക്തി പ്രയോഗിക്കുന്നു(43)
-യേശു വാളെടുക്കാൻ ആഹ്വാനം ചെയ്യുന്നു (44)
-യേശു യഹൂദന്മാരെ ഭയക്കുന്നു (45)
-യേശു ഒറ്റു കൊടുക്കപ്പെടുന്നു (46)
-യേശു ബന്ധിക്കപ്പെടുന്നു (47)
-യേശു അപമാനിക്കപ്പെടുന്നു (48)
-യേശുവിന് അടി കിട്ടുന്നു (49)
-യേശു മരണത്തെ ഭയക്കുന്നു (50)
-യേശു ദൈവത്തോട് പ്രാർത്ഥിക്കുന്നു (51)
-യേശുവിനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്നും ദൂതൻ പ്രത്യക്ഷപ്പെടുന്നു(52)

ഇനി നാം ചിന്തിക്കുക. യേശു ദൈവമാണോ അതല്ല മനുഷ്യനാണോ?

സാമാന്യബുദ്ധി പറയുന്ന ഉത്തരം അദ്ദേഹം മനുഷ്യനായിരുന്നുവെന്നാണ്. മഹാനായ പ്രവാചകൻ!

വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി 'വേദക്കാരെ നിങ്ങാം മതകാര്യങ്ങളിൽ അതിരു കവിയരുത്. അല്ലാഹുവിൻെറ പേരിൽ വാസ്തവമല്ലാതെ നിങ്ങാം പറയുകയും ചെയ്യരുത്. മറിയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ഒരു ദൂതനും മറിയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങാം അല്ലാഹുവിലും

27. മത്തായി 11:19 28. മത്തായി 8:20 29. യോഹന്നാൻ 19:23 30. മത്തായി 13:55 31. ലൂക്കോസ് 21:40
32. യോഹന്നാൻ 5:30 33. മാർക്കോസ് 13:32 34. മാർക്കോസ് 11:12 35. എബ്രായർ 5:8
36. മാർക്കോസ് 11:12 37. യോഹന്നാൻ 19:28 38. മത്തായി 8:24 39. യോഹന്നാൻ 4:6

അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. 'ത്രിത്വം' എന്നു നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങളതിൽ നിന്ന് വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രേ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി'(53)

40. യോഹന്നാൻ 11:33 41. യോഹന്നാൻ 11:35 42. മത്തായി 26:37
43. യോഹന്നാൻ 2:13. 44. ലൂക്കോസ് 22:36 45. യോഹന്നാൻ 18:12,13
46. യോഹന്നാൻ 18:2 47. യോഹന്നാൻ 18:12,13 48. മത്തായി 26:67
49. യോഹന്നാൻ 18:22 50. മാർക്കോസ് 14:36 51. മത്തായി 26:42
52. ലൂക്കോസ് 22:43 53. ഖുർആൻ 4:171

# 6.യേശുവിൻെറ മരണവും ആദിപാപവും

ഞാനൊരു തെററു ചെയ്തുവെന്നു കരുതുക. അതിന് ശിക്ഷ അനുഭവിക്കേണ്ടതാരാണ്? ഞാനോ എൻെറ മകനോ അതല്ല എൻെറ പിതാവോ.......? ഏതൊരുത്തനും മടികൂടാതെ ഉത്തരം പറയും. 'താങ്കൾ തന്നെ!'

അതാണ് നിയമം. ആ നിയമം മാത്രമേ ലോകത്തിനു പ്രാവർത്തികമാക്കാൻ കഴിയൂ. മകൻ ചെയ്ത കുറ്റത്തിന് അഛനെയോ അഛൻ ചെയ്ത കുറ്റത്തിന് മകനെയോ ശിക്ഷിക്കുന്നത് ക്രൂരമാണ്. ആ ക്രൂരത ചെയ്യാൻ മനുഷ്യൻെറ കോടതികൾ മടിച്ചുനിൽക്കുന്നു. അവൻെറ നീതിബോധം അതി ന്നവനെ അനുവദിക്കുന്നില്ല.

ദൈവം സ്നേഹസമ്പന്നനാണ്. കരുണാനിധിയാണവൻ. അതോടൊപ്പം നീതിമാനുമാണ്. അവൻ ക്രൂരനോ ദുഷ്ടനോ ആണെന്ന് ആർക്കും അഭിപ്രായമില്ല.

ആരെങ്കിലുമൊരാൾ ചെയ്ത തെറ്റിന് അയാളുടെ മക്കളെയോ പേരമക്കളെയോ ശിക്ഷിക്കുന്നത് ക്രൂരതയാണെങ്കിൽ, ആക്രൂരത ചെയ്യുവാൻ ദൈവം കൂട്ടുനിൽക്കു മോ? ഇല്ല തന്നെ. അവൻ നീതിമാനും സ്നേഹസമ്പന്നനുമാണ്. മനുഷ്യരുടെ നീതിബോധവുമായി താരതമ്യം ചെയ്യുവാൻ പോലും പറ്റാത്തത്ര വലിയ നീതിമാൻ!

മക്കളുടെ തെറ്റുകൾക്ക് പിതാക്കളോ, പിതാക്കളുടെ തെറ്റുകൾക്ക് മക്കളോ ശിക്ഷ അനുഭവിക്കേണ്ടതില്ലെന്ന യാഥാർത്ഥ്യം ഒരുവിധം എല്ലാ വേദഗ്രന്ഥങ്ങളും വ്യക്തമാക്കുന്നുണ്ട്. മോശെയുടെ ന്യായപ്രമാണം പറയുന്നത് നോക്കുക. 'മക്കൾക്ക് വേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളേയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം.'(54)

സുന്ദരമായ ഒരുദാഹരണത്തിലൂടെ ജറമിയാ പ്രവാചകൻ ഇക്കാര്യം വ്യക്തമാക്കുന്നത് നോക്കുക. 'പിതാക്കന്മാർ പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു പുളിച്ചുവെന്നു ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തനും അവനവൻെറ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവൻെറ പല്ലേ പുളിക്കൂ'(55)

ഇതേ കാര്യം തന്നെ വളരെ വ്യക്തമായ ഭാഷയിൽ എസെക്കിയേൽ പ്രവാചകനും പറയുന്നുണ്ട്. 'പുത്രൻ പിതാവിൻെറ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രൻെറ തിന്മകൾക്കുവേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻതൻെറ നീതിയുടെ ഫലവും ദുഷ്ടൻ തൻെറ ദുഷ്ടതയുടെ ഫലവും അനുഭവിക്കും'(56)

ഈ വസ്തുത തന്നെയാണ് യേശുക്രിസ്തുവും പറയുന്നത്. 'വിധിക്കപ്പെ

54. ആവർത്തനം 24:16 55. ജറെമിയാ 31:19,30

ടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും.'(57)

ഖുർആൻ ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നതിങ്ങനെയാണ്. 'അപ്പോൾ, ആർ ഒരു അണുവിൻെറ തൂക്കം നന്മചെയ്തിരുന്നുവോ അതവൻ കാണും. ആർ ഒരു അണുവിൻെറ തൂക്കം തിന്മ ചെയ്തിരുന്നുവോ അതുമവൻ കാണും.'(58)

മനുഷ്യരുടെ മനസ്സ് അംഗീകരിക്കുന്ന നീതിബോധത്തിന് തീർത്തും എതിരാണ്, ക്രൈസ്തവ ദർശനത്തിലെ ആദിപാപ സിദ്ധാന്തമെന്ന് പറയാതിരിക്കാൻ വയ്യ. ആദാം.ഏദൻതോട്ടത്തിലെ വിലക്കപ്പെട്ട കനി തിന്നു പാപിയായി മാറി. പ്രസ്തുത പാപം ആദാമിൻെറ പുത്ര പരമ്പരമ്പരകളിലും നിലനിൽക്കുന്നു. പൗലോസിൻെറ ഭാഷയിൽ പറഞ്ഞാൽ 'ഏക മനുഷ്യനാൽ പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു'(59)

ആദിപാപ സിദ്ധാന്തത്തിലാണ് ക്രിസ്തുവിൻെറ കുരിശുമരണമെന്ന വിശ്വാസം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ആദാം ചെയ്ത പാപത്താൽ തെറ്റുകാരായി മാറിയ മാനവരാശിയെ പാപത്തിൻെറ പടുകുഴിയിൽ നിന്നു രക്ഷിക്കാനായുള്ള പ്രായശ്ചിത്തമെന്ന നിലക്കാണ് ക്രിസ്തു സ്വന്തംരക്തം കുരിശിലൂടെ ചിന്തിയത് എന്നാണല്ലോ വിശ്വാസം. കുരിശിൽ ചിന്തിയ ചോരകൊണ്ട് ആദാമിനാൽ ലോകത്തിലേക്കു പ്രവേശിച്ച പാപത്തെ കഴുകിക്കളഞ്ഞുവെന്നും വിശ്വസിക്കപ്പെടുന്നു.

ആദം പാപം ചെയ്തതും ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടതും വിശദീകരിക്കുന്ന ഉൽപ്പത്തി പുസ്തകത്തിൻെറ വിവരണത്തിൽത്തന്നെ ഒന്നിലധികം വൈകല്യങ്ങളുണ്ട്. വൈകല്യങ്ങൾ നിറഞ്ഞ ഉൽപ്പത്തി പുസ്തകത്തിൻെറ അടിസ്ഥാനത്തിലാണ് സഭ, ആദിപാപ സിദ്ധാന്തവും പാപപരിഹാര സിദ്ധാന്തവും പടുത്തുയർത്തിയിരിക്കുന്നത്. അപ്പോൾപിന്നെ ഈ സിദ്ധാന്തത്തിൽ അക്ഷന്തവ്യങ്ങളായ വൈകല്യങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടെന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

ഉൽപ്പത്തി പുസ്തകം പരിശോധിക്കുക. ആകാശത്തെയും ഭൂമിയെയും ആറു ദിവസം കൊണ്ട് സൃഷ്ടിച്ച് ഏഴാം ദിവസം കർത്താവായ ദൈവം വിശ്രമിച്ചു. ഭൂമിയിലെ മണലിൽ നിന്നും അവൻ മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്ന് മനസ്സിലാക്കിയ ദൈവം അവൻെറ വാരിയെല്ലിൽ നിന്നും സ്ത്രീയെ സൃഷ്ടിച്ചു. അവർക്കുരണ്ടുപേർക്കും ഏദൻതോട്ടത്തിൽ പൂർണ്ണസ്വാതന്ത്ര്യം നൽകപ്പെട്ടു. തോട്ടത്തിൽ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിക്കാൻ അവർക്ക് അനുവാദം കൊടുത്തു. അതിന്നു നടുവിലുള്ള ഒരു വൃക്ഷത്തിൻെറ ഫലമൊഴികെ. പ്രസ്തുത വൃക്ഷത്തിൻെറ പേരാണ് 'നന്മതിന്മകളെക്കുറിച്ച് അറിവിൻെറ വൃക്ഷം' ദൈവത്തിൻെറ കൽപന ഉൽപ്പത്തി പുസ്തകം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. 'തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ നിങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിൻെറ നടുവിലുള്ള മരത്തിൻെറ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. അത് തിന്നാൽ

56. എസെക്കിയേൽ 18:20 57. മത്തായി 7:1,2 58. ഖുർആൻ 99:7,8 59. റോമൻ 5:12

നിങ്ങാ മരിക്കും'(60)

മനുഷ്യൻ ദൈവത്തിൻെറ ഈ കൽപ്പന ലംഘിച്ചു. അവനെ പാമ്പ് പ്രലോഭിപ്പിച്ചു. പിശാചിൻെറ പണിയെടുത്തു പാമ്പ്. അവൻ പറഞ്ഞു. 'നിങ്ങാ മരിക്കുകയില്ല. അത് തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകാ തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങാ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം'(61)

ഇവിടെ ശ്രദ്ധിച്ചുവായിക്കുക. തോട്ടത്തിൻെറ നടുവിലുള്ള വൃക്ഷത്തിൻെറ പഴം തിന്നാൽ മനുഷ്യൻ മരിക്കുമെന്നാണ് ദൈവം പറഞ്ഞത്. ഇത് നിഷേധിച്ച സർപ്പം പ്രസ്തുത പഴം തിന്നാൽ നിങ്ങാ മരിക്കുകയില്ലെന്നും, മറിച്ച് നിങ്ങളുടെ കണ്ണുകാ തുറക്കുകയും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങാ ദൈവത്തെപ്പോലെയാകുമെന്നും പറഞ്ഞുകൊടുത്തുകൊണ്ടാണ് മനുഷ്യരുടെ മാതാവിനെ(ഹവ്വ) പ്രലോഭിപ്പിച്ചത്. ഇവിടെ, ദൈവം പറഞ്ഞതാണോ പിശാചിൻെറ പ്രതിനിധിയായ പാമ്പ് പറഞ്ഞതാണോ ഏതാണ് ശരിയായത്? ദൈവമാണോ സാത്താനാണോ ആരാണ് സത്യം പറഞ്ഞത്?

ഉൽപ്പത്തി പുസ്തകം പറയുന്നത് സാത്താനാണ് പറഞ്ഞതെന്നാണ്. ദൈവം മനുഷ്യനെ ഭയന്നിട്ട് പച്ചക്കള്ളം. പറഞ്ഞുവെന്നും ദൈവത്തിൻെറ വഞ്ചനയെ തകർത്തത് സാത്താൻെറ പ്രതിനിധിയായ സർപ്പമാണെന്നും ഉൽപ്പത്തി പുസ്തകം ഉൽഘോഷിക്കുന്നു.

ഉൽപ്പത്തി പുസ്തകത്തിലെ കഥയിലേക്ക് തിരിച്ചുപോവുക, നമ്മാ. സർപ്പത്തിൻെറ പ്രലോഭനങ്ങളിൽ വശംവദരായി ആദമും ഹവ്വയും പഴം പറിച്ചു തിന്നു. എന്നിട്ട് സംഭവിച്ചതെന്താണ്? ദൈവം ഭയപ്പെടുത്തിയതുപോലെ അവർ മരിച്ചുവോ ഇല്ല; അവർ മരിച്ചില്ല! 'നിങ്ങാ മരിക്കുകയില്ല'യെന്ന പാമ്പിൻെറ സുവിശേഷമാണ് ശരിയായത്. വിലക്കപ്പെട്ട കനി തിന്ന ഉടനെ ആദമിൻെറയും ഹവ്വയുടെയും കണ്ണുകാ തുറന്നു. നന്മതിന്മകാ തിരിച്ചറിഞ്ഞ് അവർ ദൈവത്തെപ്പോലെ(?)യായിമാറി. ഉൽപ്പത്തി പുസ്തകം തന്നെ പറയട്ടെ 'അവാ അത് പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകാ തുറന്നു. തങ്ങാ നഗ്നരാണെന്ന് അവർ അറിഞ്ഞു. അത്തിയിലകാ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി(62) ദൈവം വിലപിക്കുന്നതായും ഉൽപ്പത്തി പുസ്തകം പറയുന്നു. 'അനന്തരം അവിടുന്നു പറഞ്ഞു: മനുഷ്യനിതാ നന്മയും നിൻമയും തിരിച്ചറിയാൻ(63) കഴിയുംവിധം നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു.'

ഇവിടെ പാമ്പ് മനുഷ്യരുടെ മോചകനായി മാറുന്നു. ദൈവം വഞ്ചകനും കള്ളം പറയുന്നവനാമാണെന്നു വരുന്നു. ദൈവം പറഞ്ഞതുപോലെ വിലക്കപ്പെട്ട കനി തിന്നപ്പോാ മനുഷ്യൻ മരിച്ചില്ല. പാമ്പ് പറഞ്ഞ മൂന്ന് കാര്യങ്ങളും ശരിയായി. മനുഷ്യൻ മരിച്ചില്ല. അവൻെറ കണ്ണുകാ തുറന്നു. നന്മയും തിന്മയും തിരിച്ചറിഞ്ഞ് അവൻ ദൈവത്തെപ്പോലെയായി.!

60. ഉൽപ്പത്തി 3:3 61. ഉൽപ്പത്തി 3:5 62. ഉൽപ്പത്തി 3:7 63. ഉൽപ്പത്തി 3:22

സർവ്വജ്ഞനും സർവ്വശക്തനുമാണ് ദൈവമെന്ന വിശ്വാസത്തിൻെറ കടയ്ക്ക് കത്തിവെക്കുന്ന രൂപത്തിലാണ് ഉൽപ്പത്തി പുസ്തകത്തിലെ ചില പരാമർശങ്ങൾ. മനുഷ്യനും ഇണയും വിലക്കപ്പെട്ട കനിതിന്നു. ഇക്കാര്യം ദൈവം അറിഞ്ഞതുപോലുമില്ല. പ്രസ്തുത സംഭവത്തിന് കുറേക്കഴിഞ്ഞതിന്നുശേഷം വെയിലാറിയപ്പോൾ ദൈവം തോട്ടത്തിൽ ഉലാത്താൻ തുടങ്ങി. പ്രസ്തുത ശബ്ദം കേട്ട് ആദമും ഹവ്വയും തോട്ടത്തിൽ ഒളിച്ചു. 'നീ എവിടെയാണ് എന്ന ദൈവത്തിൻെറ ചോദ്യത്തിന് 'ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്' എന്ന് ആദാം മറുപടി പറയുന്നു. ദൈവം ചോദിക്കുന്നു. 'നീ നഗ്നനാണെന്ന് നിന്നോടാരു പറഞ്ഞു? 'തിന്നരുതെന്ന് ഞാൻ കൽപ്പിച്ച് മരത്തിൻെറ ഫലം നീ തിന്നുവോ?' ആദം പറഞ്ഞു. 'അങ്ങു എനിക്ക് കൂട്ടിത്തന്ന സ്ത്രീ ആ മരത്തിൻെറ പഴം എനിക്ക് തന്നു; ഞാൻ തിന്നു: ദൈവമായ കർത്താവ് സ്ത്രീയോട് ചോദിച്ചു. 'നീ എന്താണീ ചെയ്തത്?' അവൾ പറഞ്ഞു. 'പാമ്പ് എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു'(64) ഈ സംഭവങ്ങളെല്ലാം ദൈവം അറിയുന്നത് ഇവർ പറയുമ്പോൾ മാത്രമാണ്. പാമ്പ് സ്ത്രീയെ വഴിതെറ്റിച്ചതോ ആദമും ഹവ്വയും പഴം തിന്നതോ ആയ വിവരങ്ങൾ അറിയാൻ കഴിയാത്ത ദൈവത്തെ സർവ്വജ്ഞൻ എന്ന് വിളിക്കുന്നതിൽ അർത്ഥമില്ലല്ലോ.

ദൈവം പറഞ്ഞതുകേൾക്കാതെ 'അറിവിൻെറ വൃക്ഷ'ത്തിലെ കനി ഭക്ഷിച്ച മനുഷ്യരെ ഭയപ്പെടുകയാണ് ഉൽപ്പത്തി പുസ്തകപ്രകാരം ദൈവം ചെയ്യുന്നത്. അവർ ജീവൻെറ വൃക്ഷത്തിലെ പഴം കൂടി തിന്ന് അമർത്ത്യന്മാരും കൂടിയായി മാറി. ദൈവത്തിന് തത്തുല്യരായി മാറുമോയെന്ന ഭയത്താലാണ് മനുഷ്യനെ ഏദൻതോട്ടത്തിൽ നിന്ന് അവൻ പുറത്താക്കുന്നത്. ഉൽപ്പത്തി പുസ്തകം ഉദ്ധരിക്കുന്നത് കാണുക. 'മനുഷ്യനിതാ നന്മയും തിൻമയും തിരിച്ചറിയാൻ കഴിയും വിധം നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു. ഇനിയവൻ കൈനീട്ടി ജീവൻെറ വൃക്ഷത്തിൻ പറിച്ചുതിന്ന് അമർത്യനാവുകകൂടി ചെയ്തേക്കും. അതുകൊണ്ട് കർത്താവ് അവരെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കുകയും മണ്ണിൽ നിന്നെടുത്ത മനുഷ്യനെ മണ്ണിനോട് മല്ലിടാൻ വിടുകയും ചെയ്തു.(65)

ജീവൻെറ വൃക്ഷത്തിൽ നിന്നും പഴം പറിച്ചുതിന്ന് മനുഷ്യൻ തന്നെപ്പോലെയാകുമോയെന്ന് വ്യാകുലപ്പടുന്നു ദൈവം.! മനുഷ്യനെ ഭയന്നുകൊണ്ട് അവനെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കുന്ന കർത്താവ്! എത്ര വികലമായ ഒരു ദൈവ സങ്കൽപ്പമാണ് ഉൽപ്പത്തി പുസ്തകത്തിലെ മൂന്നാം അദ്ധ്യായം പ്രദാനം ചെയ്യുന്നത്? ഈ അദ്ധ്യായം പോലും ആദം ചെയ്ത പാപത്താൽ മനുഷ്യരാശി മുഴുവൻ പാപികളായി എന്നു പറയുന്നില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ആദിമനുഷ്യൻെറ പാപം മൂലം മനുഷ്യരെല്ലാം പാപികളായിയെന്നു വെക്കുക. അപ്പോൾ ഓരോ മനുഷ്യക്കുഞ്ഞും ജനിക്കുന്നത് പാപിയായിക്കൊണ്ടായിരിക്കും. പാപഭാരം പേറി ജനിക്കുന്ന കുഞ്ഞിൽ നിന്നും പാപം കഴുകിക്കളയാൻ വേണ്ടിയാണല്ലോ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനം ചെയ്യിക്കുന്നത്. അതുകൊണ്ടാണ് സെൻറ്

64. ഉൽപ്പത്തി 3:8,13. 65. ഉൽപ്പത്തി 3:22,23

തോമസ് അക്വിനാസ് ഇങ്ങനെ എഴുതിയത്. പക്ഷേ ആദിപാപം ശാശ്വതമായ ശിക്ഷയാണ് വരുത്തിവെച്ചിരിക്കുന്നത്! ആദിപാപത്തോടുകൂടി മരണപ്പെടുന്ന കുഞ്ഞുങ്ങൾ, അവർ ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടില്ലെന്ന ഒറ്റക്കാരണത്താൽ, ഒരിക്കലും ദേവരാജ്യം കാണുകയില്ല.'(66)

പക്ഷെ, ഈ അഭിപ്രായം ക്രിസ്തുവിനുണ്ടായിരുന്നില്ലെന്നുവേണം പറയുവാൻ. അദ്ദേഹം കുഞ്ഞുങ്ങളെ പാപികളായിട്ടല്ല; പ്രത്യുത പരിശുദ്ധരായിട്ടാണ് കണ്ടത്. അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചത് കുട്ടികളെപ്പോലെ നിഷ്ക്കളങ്കരാവാനാണ്. ശിശുക്കളെപ്പോലെ നിർമ്മല ഹൃദയമുള്ള വർക്കാണ് സ്വർഗ്ഗരാജ്യമെന്നാണദ്ദേഹം പഠിപ്പിച്ചത്. അദേദേഹം പറഞ്ഞു. 'ശിശുക്കളെ എൻെറ അടുത്തുവരാൻ അനുവദിക്കുവീൻ. അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്.'(67)

കുട്ടികൾ ജനിക്കുന്നത് പാപികളായിട്ടായുരുന്നുവെങ്കിൽ ശിശുക്കളെപ്പോലെയുള്ളവർക്കാണ് സ്വർഗ്ഗരാജ്യമെന്ന് ക്രിസ്തു പറയുമായിരുന്നുവോ? ശിശുക്കൾ ശുദ്ധരായിക്കൊണ്ടാണ് ജനിക്കുന്നതെന്നും അവരെ വഴിപിഴപ്പിക്കുന്നത് അവരുടെ മാതാപിതാക്കളും സാഹചര്യങ്ങളുമാണെന്നും മുഹമ്മദ് നബിയും പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു. 'എല്ലാവരും ശുദ്ധ പ്രകൃതിയോടുകൂടിയാണ് ജനിച്ചുവീഴുന്നത്. അവരെ അഗ്നിയാരാധകരും ത്രിയേക വിശ്വാസികളും മററുമാക്കുന്നത് അവരുടെ മാതാതപിതാക്കളാണ്.'

ആദിപാപത്തിൻെറ പരിഹാരാർത്ഥം സ്വയം ബലിയാകുവാനായിട്ടാണ് ദൈവം ജഡത്തിൽ അവതരിച്ചതെന്നാണ് ക്രൈസ്തവ വിശ്വാസം. പാപത്തിന് പ്രായശ്ചിത്തം ചെയ്യാതിരിക്കാൻ ദൈവീകനീതി അനുവദിക്കാത്തതിലാണ് ത്രിയേക ദൈവം ഈ നാടകം കളിച്ചതെന്നും വിശദീകരിക്കപ്പെടുന്നു. ആദിപാപത്തിൻെറ പരിഹാരാർത്ഥം സ്വയം ബലിയാടാവുകയെന്ന നാടകം! ഇതൊരു ഏകാംഗനാടകമാണ്. പാപത്തിന് പ്രായശ്ചിത്തം ചെയ്യുകയെന്നത് ദൈവീകനീതി! പ്രായശ്ചിത്തം ചെയ്യാൻ വേണ്ടി മനുഷ്യരൂപത്തിൽ അവതരിച്ചത് ദൈവം! കുരിശിലേറുന്നത് ദൈവം! ചോരചിന്തുന്നത് ദൈവം!! അത് മൂലം മനുഷ്യരാശിക്ക് പാപത്തിൽ നിന്നും വിടുതൽ നൽകുന്നതും ദൈവം!!!

ഈ വിശ്വാസപ്രകാരം ക്രിസ്തുവിൻെറ ആഗമനലക്ഷ്യം തന്നെ മാനവരാശിയെ സ്വന്തം ജീവരക്തത്താൽ പാപത്തിൽ നിന്നും രക്ഷിക്കുകയെന്നതായിരുന്നു. പക്ഷെ, ക്രിസ്തുവിൻെറ കുരിശുമരണത്തിനു മുമ്പുള്ള പ്രവർത്തനങ്ങൾ ബൈബിളിൽ നിന്നും വായിക്കുന്ന നമ്മൾ അത്ഭുതപ്പെട്ടുപോകും. അദ്ദേഹത്തിന് മരിക്കാൻ തീരെ ഇഷ്ടമില്ലായിരുന്നുവെന്നാണ് സുവിശേഷങ്ങളിൽ നിന്ന് നമുക്ക് നമസ്സിലാവുന്നത്. പിലാത്തോസിൻെറ പടയാളികളും യഹൂദപൗരോഹിത്യവും ചേർന്നൊരുക്കിയ കുരിശിൽ നിന്ന് രക്ഷപ്പെടണമെന്നായിരുന്നു അദ്ദേഹത്തിൻെറ അദമ്യമായ ആഗ്രഹം.

66. St. Thomas Aquinas, Basic Writings Page 714 vol 1 67. മത്തായി 19:14

## അനുബന്ധം

# ഇമ്മാനുവേൽ ആര്?

'അതുകൊണ്ട് കർത്താവു തന്നെ നിങ്ങൾക്ക് ഒരടയാളം തരും കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനെ ഇമ്മാനുവേൽ എന്നു പേർ വിളിക്കും.'യെശയ്യാവ് 8:14

ക്രിസ്തുവിന് ഏകദേശം എട്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന യെശയ്യാ പ്രവാചകൻെറ പല പ്രവചനങ്ങളിലൊന്നാണിത്. ഈ പ്രവചനം യേശുവിൽ പൂർത്തീകരിക്കപ്പെട്ടുവെന്നാണ് മത്തായി അവകാശപ്പെടുന്നത്. ഈ അവകാശ വാദം അംഗീകരിച്ചുകൊണ്ടാണ് ഈ പുസ്തകത്തിൻെറ ഒന്നാം അദ്ധ്യായം എഴുതിയിരിക്കുന്നത്. യെശയ്യാ പ്രവാചകൻെറ പ്രവചനം യേശു ക്രിസ്തുവിനെ ക്കുറിച്ചാണെന്നു സമ്മതിച്ചാൽ തന്നെ സുവിശേഷങ്ങൾ വിവരിക്കുന്ന യേശുജനനവുമായി ഈ പ്രവചനത്തെ ബന്ധിപ്പിക്കുവാൻ സാധ്യമല്ലെന്നും പ്രത്യുത ഖുർആനിക വിവരണവുമായിട്ടാണ് പ്രസ്തുത പ്രവചനം സാമ്യം പ്രകടിപ്പിക്കുന്നതെന്നുമാണ് പുസ്തത്തിൻെറ ആദ്യ ഭാഗത്ത് സമർത്ഥിച്ചിരിക്കുന്നത്.

എന്നാൽ ഇതിന്നൊരു മറുവശമുണ്ട്. മത്തായിയുടെ സുവിശേഷമെഴുതിയത് അപ്പോസ്തലനായ മത്തായിയാണോ അല്ലേയെന്ന വിഷയത്തിൽ ബൈബിൾ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും. ' മത്തായി' യുടെ കർത്താവ് ഒരു യഹൂദനായിരുന്നുവെന്ന് കാര്യത്തിൽ പക്ഷാന്തരമെന്നുമില്ല. അദ്ദേഹം തൻെറ സുവിശേഷ രചന നിർവ്വഹിക്കുന്നതു തന്നെ യഹൂദന്മാർ യേശുവിനെ പരിചയപ്പെടുത്തുന്നതിന്നു വേണ്ടിയാണ്. യഹൂദന്മാർക്ക് കാത്തിരുന്നിരുന്ന രക്ഷകനാണ് യേശുവെന്ന് സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചിരിക്കുന്നത് പ്രസ്തുത ആവശ്യാർ

ഥം പഴയ നിയമത്തിൽ നിന്ന് നാൽപതോളം വചനങ്ങളുദ്ധരിച്ച് പ്രസ്തുത വചനങ്ങളുടെ പൂർത്തീകരണം യേശുവിലൂടെയാണുണ്ടായിട്ടുള്ളതെന്ന് വരുത്തിത്തീർക്കാൻ വ്യത്യസ്ത സന്ദർഭങ്ങളിൽ അദ്ദേഹം ശ്രമിക്കുന്നുണ്ട്. അദ്ദേഹം ഉദ്ധരിക്കുന്ന പഴയ നിയമ പ്രവചനങ്ങളിലധികവും യഥാർത്ഥത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ളതല്ല; എങ്കിലും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തുകൊണ്ട് പ്രവചനങ്ങൾ അവതരിപ്പിച്ച് യേശുവിൻെറ ജീവിതത്തിലെ സംഭവങ്ങളെല്ലാം പഴയ നിയമത്തിൽ പ്രവചിച്ചതാണെന്ന് വരുത്തിത്തീർക്കാൻ മത്തായി കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ക്രിസ്തുവിൻെറ ജനനത്തെ പ്പറ്റി എണ്ണൂറുകൊല്ലങ്ങൾക്കു മുമ്പു തന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ടെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയാണ് യെശയ്യാവ് എട്ടാം അദ്ധ്യായത്തിലെ പതിനാലാം വചനം. അതേ പോലെ മത്തായി ഒന്നാം അദ്ധ്യയത്തിലെ ഇരുപത്തിമൂന്നാം വചനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഈ വചനം (യെശ 8 :14) ക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച് പ്രവചനമുൾക്കൊള്ളുന്നില്ലെന്നും, യെശയ്യാ പ്രവാചകൻെറ കാലത്തു തന്നെ പൂർത്തീകരിക്കപ്പെട്ട ഒരു പ്രവചനമാണിതെന്നും അഭിപ്രായപ്പെടുന്ന പണ്ഡിതൻ മാരുണ്ട്. ബൈബിൾ പണ്ഡിതനായ റവ : എ. സി. ക്ലേയീറ്റൻ എഴുതുന്നുതു കാണുക. 'യെശയ്യാവ്, മശീഹയാകുന്ന യേശു ക്രിസ്തു തൻെറ ജനങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി വരുമെന്നറിയിച്ചു വെന്നാണ് പലരുടെയും അഭിപ്രായം. എന്നാൽ അക്കാല ചരിത്രത്തെ പരിചിന്തനം ചെയ്യുമ്പോൾ ക്രി.മു 735ൽ സുറിയ രാജാവും യിസ്രയേൽ രാജാവും ആഹാസ് എന്ന യഹൂദരാജാവിന് വിരോധമായി കൂട്ടുകെട്ടുണ്ടാക്കി എന്നും ആഹാസ് ഇതിനെ ഭയന്നു തൻെറ രാജ്യത്തിനു ദേഷകാരകനായ പൂൽ എന്ന അശ്ശൂർ രാജാവിനോടുതന്നെ സഖ്യം ചെയ്തു എന്നും ജനങ്ങൾ അത്യധികം ഭയപരവശരായിരിക്കുന്നു എന്നും യെശയ്യാ പ്രവാചകൻ അറിഞ്ഞിട്ട് (2 രാജാ 16 : 6) ഈ ഭയമെല്ലാം നീങ്ങുന്നതിന്നായി അപ്പോൾ ജനിക്കാൻ പോകുന്ന ഒരു ബാലൻ തേൻ മുതലായവ ഭക്ഷിക്കാൻ അറിവുണ്ടാകുന്നതിന് മുമ്പ്- അതായത് അഞ്ചു വയസ്സാകുന്നതിനു മുമ്പ്- സുറിയായും ഇസ്രായിൽ രാജ്യവും ജയിക്കപ്പെടുമെന്ന് പ്രവചിച്ചു. ഇപ്രകാരം ഈ അടയാളത്താൽ പ്രവാചകൻ അവരെ അശ്വസിപ്പിച്ചു എങ്കിൽലും അയാൾ അശ്ശൂര്യരാൽ പരാജിതനാക്കപ്പെടുമെന്നും (യെശ 8 : 8) മറ്റൊരു വാക്യം കൊണ്ടും പ്രസ്തവിച്ചു. യഹൂദന്മാർ പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ശേഷം ഈ രണ്ടു പ്രവചനങ്ങളെയും യഥേച്ഛം കൂട്ടിക്കലർത്തി തങ്ങളുടെ ദേശത്തിനായി മശിഹാ വരുമെന്നും അവൻ തങ്ങൾക്കു വേണ്ടി കഷ്ടത അനുഭവിക്കുമെന്നും വിശ്വസിച്ചു ഇമ്മാനുവേലിനെ രക്ഷിതാവെന്നു വിചാരിച്ചു. ആദ്യ ക്രിസ്ത്യാനികളും അങ്ങനെ തന്നെ വിചാരിച്ചു' (റവ: എ. സി. ക്ലെയ്ററൻ. ബൈബിൾ നിഘണ്ടു പുറം 56, 57)

ഈ പ്രസ്താവന ഒരു 'ക്രിസ്തുമത വിരോധിയുടേതല്ലെന്നോർക്കണം . ക്രൈസ്തവരാൽ ആദരിക്കപ്പെടുന്ന പ്രഗത്ഭനായൊരു ബൈബിൾ പണ്ഡിതൻെറ വാക്കുകളാണിത്. യെശയ്യാവിൻെറ നടേ സൂചിപ്പിച്ച പ്രവചന പ്രകാരമുള്ള ഇമ്മാനുവേലിൻെറ ജനനം യേശുവിന്ന് ഏഴുനൂററാണ്ടുകൾക്ക് മുമ്പ് തന്നെ കഴിഞ്ഞിട്ടു

ണ്ടെന്നാണല്ലോ ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. ഇക്കാര്യം കുറേക്കൂടി വ്യക്തമായി മനസ്സിലാക്കുവാൻ യെശയ്യാവിൻെറ പുസ്തകത്തിലെ ഏഴും എട്ടും അധ്യായങ്ങൾ ഒന്നു മനസ്സിരുത്തി വായിച്ചാൽ മതി. അതിൽ പ്രവചിച്ചിരിക്കുന്നത് യേശുവെ സംബന്ധിച്ചല്ലെന്ന് നമുക്ക് സുതരാം വ്യക്തമാവും ചില വചനങ്ങൾ നോക്കുക.

'അതു കൊണ്ട് കർത്താവു തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും കണ്ടാലും , കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും അവനെ ഇമ്മാനുവേൽ എന്ന് പേർവിളിയ്ക്കും തിന്മതിരസ്കരിക്കുവാനും നന്മ തിരഞ്ഞെടുക്കുവാനും അറിവാകുമ്പോൾ അവൻ തേനും തൈരും ഭക്ഷിക്കും. തിന്മ തിരസ്കരിക്കുവാനും നന്മ തിരഞ്ഞെടുക്കുവാനും ആ ശിശുവിന് അറിവുണ്ടാകുന്നതിനു മുമ്പു തന്നെ നീ ഭയപ്പെടുന്ന ആ രണ്ട് രാജാക്കന്മാരുടെയും ദേശം പരിത്യക്തമാവും. എഫ്രായിം യഹൂദായിൽ നിന്നും വേർപ്പെട്ട ദിവസത്തിന്നുശേഷം ഉണ്ടായിട്ടില്ലാത്ത തരം ദിവസങ്ങൾ നിനക്കും നിൻെറ ജനത്തിനും നിൻെറ പിതൃഭവനത്തിനും കർത്താവ് ഉണ്ടാക്കും. അവൻ അസീറിയ രാജാവിനെ കൊണ്ടു വരും' (യെശയ്യാവ്: 7: 14-17)

' ഇതാ മഹാനദിയിലെ കരുത്തേറിയ വമ്പിച്ച ജലരാശിയെ അതായത് സർവ പ്രതാപങ്ങളോടും കൂടി അസീറിയ രാജാവിനെ, കർത്താവ് അവരുടെ നേരെ കൊണ്ടുവരുന്നു. തോടുകളെല്ലാം നിറഞ്ഞ് കരകവിഞ്ഞ് അത് ഒഴുകും. അത് യഹൂദായിലേക്ക് പാഞ്ഞു കയറി കരകവിഞ്ഞൊഴുകി കഴുത്തറ്റം ഉയർന്നുകടന്നു പോകും അല്ലയോ ഇമ്മാനുവേലേ, അതിൻെറ വിടർത്തിപ്പിടിച്ച ചിറകുകൾ നിൻെറ ദേശത്തെ മുഴുവൻ മൂടും " (യെശയ്യാവ്: 8:7,8)

ഈ വചനങ്ങൾ യേശുവല്ല ഇമ്മാനുവേലെന്ന വസ്തു വ്യക്താമാക്കുന്നതിന് തീർത്തും പര്യാപ്തമാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1) യെശയ്യാവിൻെറ പ്രവചനത്തിൽ ' അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും' എന്നാണുള്ളത്. യേശു തൻെറ ജീവിതത്തിലൊരിക്കലും ആരാലും- കുടുംബക്കാരാലോ കൂട്ടാകാരാലോ അനുയായികളാലോ ദൈവത്താലോ ഒന്നും തന്നെ- ഇമ്മാനുവേൽ എന്ന് വിളിക്കപ്പെട്ടിട്ടില്ല.

2)' തിന്മ തിരസ്കരിക്കുവാനും നന്മ തിരഞ്ഞെടുക്കുവാനും പ്രായമാകുമ്പോൾ അവൻ (ഇമ്മാനുവേൽ) തൈരും തേനും ഭക്ഷിക്കും' എന്ന പ്രവചനം യേശുവിൻെറ കാര്യത്തിൽ പൂർത്തീകരിക്കപ്പെടുമെന്നതിന് സുവിശേഷങ്ങളിൽ യാതൊരു തെളിവുമില്ല.

3) തിന്മ തിരസ്കരിക്കുവാനും നന്മ തിരഞ്ഞെടുവാനും ആ ശിശുവിന് അറിവുണ്ടാകുന്നതിനു മുമ്പുതന്നെ നീ ഭയപ്പെടുന്ന ആ രണ്ട് രാജാക്കന്മാരുടെയും (സിറിയ രാജാവിൻെറയും ഇസ്രായിൽ രാജാവിൻെറയും ) ദേശം പര്യക്തമാവും ' എന്ന പ്രവചനം ക്രിസ്തുവിൻെറ കാലമായി തീരെ യോജിച്ചതല്ല. ഈ സംഭവം യേശുവിന് ഏഴുനൂററാണ്ടുകൾക്കു മുമ്പ് നടന്നതാണെന്നാന്ന് ചരിത്രത്തിൽ നിന്നു മനസ്സിലാവുന്നത്.

4) 'ഇമ്മാനുവേലേ, അതിൻെറ (അസിറിയ രാജാവിൻെറ) വിടർത്തിപ്പിടച്

ചിറകുകൾ നിൻെറ ദേശത്തെ മുഴുവൻ മൂടും' എന്ന പ്രവചന പ്രകാരമുള്ള പരാജയം യേശുവിൻെറ ദേശത്തിന് ഉണ്ടായതായി സുവിശേഷങ്ങളോ ചരിത്ര ഗ്രന്ഥങ്ങളേ വ്യക്തമാക്കുന്നില്ല. പ്രസ്തുത പരാജയവും യെശയ്യാ പ്രവാചകൻെറ കാലത്തു തന്നെയാണ് നടന്നതെന്നാണ് 2, രാജാക്കാന്മാർ പതിനാറാം അധ്യായത്തിൽ നിന്നു മനസ്സിലാകുന്നത്.

ഈ വസ്തുതകളിൽ നിന്ന് യെശയ്യാ പ്രവാചകൻെറ പ്രവചന പ്രകാരമുള്ള ഇമ്മാനുവേൽ യേശുവല്ലെന്ന് സുതരാം വ്യക്തമാകുന്നു. മാത്രവുമല്ല, യെശയ്യാവു പറഞ്ഞ 'കന്യക' ഗർഭിണിയായി ഒരു മകനെ പ്രസവിക്കും' എന്ന വചനത്തെ സംമ്പന്ധിച്ചും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇവിടെ'കന്യക' യെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നുത് അലീമാ(Alema)യെന്ന ഹിബ്രു പദത്തെയാണ്. ഈ പദം പൊതുവെ വിവാഹ പ്രായമെത്തിയ വിവാഹിതയാവാത്ത സ്ത്രിയെയാണ് കുറിക്കുന്നതെങ്കിലും പദത്തിൻെറ അർത്ഥ പ്രകാരം യൗവന പ്രായത്തെ മാത്രമാണ് ഇതു സൂചിപ്പിക്കുന്നത്. യൗവന പ്രായത്തിലുള്ള വിവാഹിതയെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിക്കാറുണ്ട്. പുറപ്പാടു പുസ്തകം രണ്ടാം അധ്യായത്തിലെ എട്ടാം വചനത്തിൽ മോശെയുടെ മാതാവിനെ സൂചിപ്പിക്കുവാൻ ഇതേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്ന് ഇമ്മാനുവേലിൻെറ മാതാവ് ഒരു കന്യക (അവിവാഹിത) തന്നെയായിരിക്കണമെന്ന് നിർബ്ബന്ധമില്ലെന്ന് മനസ്സിലാക്കാം.

ഇത്രയും പറഞ്ഞതിൽ നിന്ന് യഥാർത്ഥത്തിൽ യെശെയ്യാ പ്രവാചകൻ ദീർഘദർശനം ചെയ്തത് യേശുവിനെ സംബന്ധിച്ചല്ലെന്ന് വ്യക്തമായല്ലോ. ഇനി യേശുവെക്കുറിച്ചാണെന്നു സമ്മതിക്കുകയാണെങ്കിൽ തന്നെ സുവിശേഷങ്ങൾ വരച്ചു കാണിക്കുന്ന യേശുജനനവുമായി ഈ പ്രവചനം വ്യക്തമായ വൈരുദ്ധ്യം പുലർത്തുന്നുവെന്ന് നാം മനസ്സിലാക്കിയല്ലോ. ക്രിസ്തുവെ സംബന്ധിച്ച് വ്യക്തവും സംശയ രഹിതവുമായ വിവരണം ലഭിക്കണമെങ്കിൽ ദൈവഗ്രന്ഥമായ ഖുർആനിനെത്തന്നെ സമീപിക്കണമെന്ന് സാരം.

يهدى ولا يباع

اللغة المليبارية

إدارة أوقاف
صالح عبدالعزيز الراجحي

# ألوهية

# عيسى عليه السلام

## باللغة المليبارية

تأليف

## ام. ام. أكبر

## مركز توعية الجاليات بالقصيم

طبع على نفقة
إدارة أوقاف صالح عبدالعزيز الراجحي
غفر الله له ولوالديه ولذريته ولجميع المسلمين

يهدى ولا يباع